# Trichur Archdiocesan Bulletin

മാർച്ച് 2019
വാല്യം: 86 ലക്കം: 03
ESTD:1934



ലൂക്കാ 4: 1 – 13 (മരുഭൂമിയിലെ പരീക്ഷ)

Estd. 1887
ARCHDIOCESE OF TRICHUR

TAB



2018 ഡിസംബർ 25നു കൂദാശയും പ്രതിഷ്ഠാകർമ്മവും
നിർവഹിക്കപ്പെട്ട അമലനഗർ സെന്റ് ജോസ്ഫ് ഇടവക
ദൈവാലയവും അൾത്താരയും





Trichur Archdiocesan Bulletin TAB


**മാർച്ച് 2019**

ലക്കം: 03 വാല്യം: 86

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*

Fr. Nysson Alanthanath
*Executive Editor*

*Design*
Smriti design.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| ഇടയലേഖനം | 4 |
| ദൈവവിളി സർക്കുലർ | 10 |
| കച്ചേരിക്കാര്യം | 14 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 33 |
| സഹായമെത്രാന്റെ പരിപാടികൾ | 35 |
| നാളാഗമം | 37 |
| നാമകരണ നടപടികൾ | 43 |
| സാമ്പത്തിക കാര്യാലയം | 45 |
| വൈദികർ | 47 |
| സന്യസ്തർ | 50 |
| പാസ്റ്ററൽ കൗൺസിൽ | 54 |
| അതിരൂപത തീർത്ഥകേന്ദ്രം | 57 |
| മതബോധനം | 58 |
| സ്ഥാപനങ്ങൾ | 66 |
| സംഘടനകൾ | 101 |

530/ 2019 P-1
20.02.2019

# ഇടയലേഖനം
# നോമ്പുകാലം



പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റേയും വചനധ്യാനത്തിന്റേയും പുണ്യവഴികളിലൂടെ സഞ്ചരിച്ച് ആത്മവിശുദ്ധി പ്രാപിക്കുവാനുള്ള ആഹ്വാനവുമായി നോമ്പുകാലം ആഗതമായിരിക്കുന്നു. നിരന്തരമായ പ്രാർത്ഥനയിലൂടേയും നിർവ്യാജമായ തപശ്ചര്യകളിലൂടേയും നമ്മിൽ പരിശുദ്ധാത്മാവിന്റെ ചൈതന്യം ഉജ്ജ്വലിപ്പിക്കുവാൻ ഈ നോമ്പുകാലം അനുകൂലമായ അവസരമാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. നമ്മുടെ സമയവും സമ്പത്തും സന്മനസ്സോടെ പങ്കുവച്ച് സഹോദരർക്ക് സാന്ത്വനവും സന്തോഷവും പകർന്നു നൽകി സഭയിലും സമൂഹത്തിലും സമാധാനത്തിന്റെ സൗരഭ്യം പരത്തുവാൻ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

പീഡാസഹനത്തിലൂടെയും കുരിശിലെ ആത്മബലിയിലൂടെയും പാപത്തിന്റേയും മരണത്തിന്റേയും മേൽ വിജയം നേടിയ ഈശോയുമായി

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത*

ഐക്യപ്പെടുവാൻ സഭാമാതാവ് നമ്മെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പുണ്യാവസരമാണ് നോമ്പുകാലം. അപരനെ സ്നേഹിക്കുവാനും സ്നേഹം ആവശ്യപ്പെടുന്ന അനിവാര്യമായ ത്യാഗം ആശ്ലേഷിക്കുവാനും നോമ്പുകാലം നമ്മെ ഓർമ്മപ്പെടുത്തുന്നു. "അധർമ്മം വർദ്ധിക്കുന്നതിനാൽ പലരുടേയും സ്നേഹം തണുത്തുപോകുന്ന" (മത്തായി 24:12) ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. "സ്നേഹിതനുവേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ. 15:13) എന്ന് പഠിപ്പിക്കുകയും കാൽവരിയിലെ ബലിയർപ്പണത്തിലൂടെ സ്നേഹത്തിനു മാതൃകയാവുകയും ചെയ്ത ഈശോയുടെ സ്നേഹാർദ്രമായ മുഖമായിരിക്കണം നോമ്പുകാലം മുഴുവനിലേയും നമ്മുടെ ധ്യാനവിഷയം.

ഈ നോമ്പുവേളയിൽ ഹെബ്രായ ലേഖനം ഉദ്ബോധിപ്പിക്കുന്നതുപോലെ 'സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോ ത്സാഹിപ്പിക്കുവാൻ എങ്ങനെ കഴിയുമെന്ന് നമുക്ക് പര്യാലോചിക്കാം' (ഹെബ്ര 10:24). പലവിധ വേദനകളിലൂടെ നീറുന്നവരും ഒറ്റപ്പെടലിന്റെ ദുഃഖമനുഭവിക്കുന്നവരുമായ സഹോദരങ്ങളുടെ കാവൽക്കാരാകാൻ (ഉൽപ 4:9) നമുക്ക് കടമയുണ്ട്. ആ കടമ ഏറ്റവും നന്നായി നിർവഹിക്കുവാനുള്ള അവസരമാണ് നോമ്പുകാലം. ശരീരത്തിലെ ഒരു അവയവത്തിന്റെ വേദന മറ്റൊരു അവയവത്തിന് അനുഭവപ്പെടുന്നതുപോലെ (1 കൊറി. 12:26) നമ്മുടെ സഹോദരങ്ങളുടെ വേദനയിലും ഇല്ലായ്മയിലും പങ്കുചേരാൻ നമുക്കും സാധിക്കണം. അവരുടെ ഭൗതിക നന്മ മാത്രമല്ല, ആധ്യാത്മിക നന്മകൂടി ആഗ്രഹിക്കുവാനും തിന്മയുടെ മുമ്പിൽ നിശബ്ദരാകാതെ അവരുടെ തെറ്റുകൾ സ്നേഹപൂർവ്വം തിരുത്തുവാനും (മത്തായി 8:15) നാം ഉത്സുകരാകണം. നമ്മുടെ സഭ പല വിധത്തിലുള്ള പ്രതിസന്ധികളെ നേരിട്ടു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. സഭ

നേരിടുന്ന വെല്ലു വിളികളെ അതിജീവി ക്കുവാൻ നമ്മൾ സാഹോദര്യത്തിലും കൂട്ടായ്മ യിലും വളർച്ച പ്രാപി ക്കേണ്ടത് ഇന്നിന്റെ അനിവാര്യ തയാണ്. എല്ലാത്തരത്തിലുള്ള ഭിന്നത കളും വിഭാഗീയ ചിന്തകളും അവസാനിപ്പിച്ച് നമ്മളേവരും യേശുവിൽ ഒന്നാണ് എന്ന ചിന്തയോടെ സഭയുടെയും സമൂഹത്തിന്റെയും ഉത്കർഷ ത്തിനുവേണ്ടി യത്നിക്കുവാൻ നാം പരിശ്രമിക്കണം.

മരുഭൂമിയിൽ ഈശോയ്ക്കു നേരിട്ട പ്രലോഭനങ്ങളെക്കുറിച്ച് ധ്യാനിച്ചു കൊണ്ടാണ് നമ്മുടെ ആരാധനക്രമത്തിൽ നോമ്പു കാലം ആരംഭിക്കുന്നത്. ദൈവ ത്തേയും അവിടുത്തെ പദ്ധതിക ളേയും മാറ്റി നിർത്തി, സ്വന്തം താത്പര്യങ്ങളും ഭൗതിക കാഴ്ച പ്പാടുകളും അനുസരിച്ച് ജീവിക്കു വാനുള്ള മനുഷ്യന്റെ പ്രലോഭന ങ്ങളാണവ. കല്ലുകളെ അത്ഭുതം വഴി അപ്പമാക്കി അദ്ധ്വാനി ക്കാതെ ജീവിക്കുവാനും, ദേവാ ലയാഗ്രത്തിൽ നിന്ന് ചാടി കാഴ്ചക്കാരെ വിസ്മയിപ്പിച്ച് നേതാവാകുവാനും, ദുഷ്ടശക്തി കൾക്ക് കീഴ്പ്പെട്ട് ഭൗതിക സമ്പത്ത് സ്വന്തമാക്കുവാനുമുള്ള പ്രലോഭനങ്ങൾ ഇന്നത്തെ സാ ഹചര്യങ്ങളിൽ നാം നേരിടുന്ന പ്രലോഭനങ്ങൾ തന്നെയാണ്. ദൈവത്തേക്കാൾ പ്രാധാ ന്യം പണം, അധികാരം, പ്രതാപം, സുഖഭോഗങ്ങൾ എന്നിവയ്ക്ക് നൽകുന്നുവെന്ന താണ് ഈ പ്രലോഭനങ്ങളിൽ ഒളിഞ്ഞിരി ക്കുന്ന അപകടം. ഈ പ്രലോഭ നങ്ങൾക്ക് മനുഷ്യൻ അടിമകളാ കുമ്പോൾ സമൂഹത്തിൽ ആർത്തി, ധൂർത്ത്, കച്ചവട മന ഃസ്ഥിതി, ആഡംബരം എന്നിവ വർദ്ധിച്ചു വരികയും, മനുഷ്യ വ്യക്തിക്ക് വിലയില്ലാതായി തീരുകയും ചെയ്യും. ലാളിത്യം, ത്യാഗം, ദാരിദ്ര്യാരൂപി, ക്ലേശിക്കു ന്നവരോടുള്ള ശ്രദ്ധാപൂർവമായ കരുതൽ തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുത്തു കൊണ്ട് നമ്മൾ ഈ പ്രലോഭനങ്ങളുടെ മേൽ വിജയം നേടണം. അതി നുള്ള സുവർണ്ണാവസരമാണ് നോമ്പുകാലം.

നോമ്പുകാലത്തിന്റെ ഏറ്റം സുപ്രധാനമായ ആഹ്വാനം 'അനുതപിച്ച് സുവിശേ ഷത്തിൽ വിശ്വസിക്കുക' (മർക്കോ. 1:15) എന്നതാണ്. ദൈവവും മനുഷ്യ നും തമ്മിലും മനുഷ്യർ തമ്മിൽ ത്തമ്മിലും ഉള്ള ബന്ധത്തിൽ വലിയ വിടവുണ്ടാകുന്നത് പാപം വഴിയാണ്. മുറിഞ്ഞു പോയ അത്ത രം ബന്ധത്തിന്റെ കണ്ണികൾ വിളക്കി ചേർക്കാനാ ണ് ഈശോ പീഡസഹിച്ചതും കുരിശിൽ മരിച്ചതും. അവിടു

ത്തെ രക്ഷാകരബലിയുടെ തലങ്ങൾ ഉൾക്കൊണ്ടു കൊണ്ട് ദൈവത്തോടും സഹോദര രോടും പ്രകൃതിയോടും നമ്മോ ടു തന്നെയും അനു രഞ്ജന പ്പെടാൻ ഈ നോമ്പുകാല ത്തിൽ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. "യേശുവി ലേക്ക് നമ്മുടെ മനസ്സ് തിരിച്ചാൽ" (ഹെ ബ്രാ. 3:1) നമ്മിൽ മാനസാ ന്തരത്തിന്റെ ഫലങ്ങൾ ഉളവാകു കയും നമ്മൾ സഹോദരങ്ങളി ലേക്ക് മനസ്സ് തിരിക്കുകയും ചെയ്യും.

നോമ്പുകാലത്ത് വിവിധതരത്തി ലുള്ള പരിത്യാഗങ്ങൾ അനുഷ്ഠി ക്കുവാൻ സഭാമാതാവ് നമ്മെ പ്രചോദിപ്പിക്കുന്നു. മദ്യം, മാംസം, മത്സ്യം തുടങ്ങിയവ വർജ്ജിക്കുകയും ദുശ്ശീലങ്ങൾ ഇല്ലാതാക്കുകയും ചെയ്യുന്നതു വഴി സ്വയം നിയന്ത്രിക്കാനും വിശുദ്ധിയിൽ വളരാനും നാം കരുത്താർജ്ജിക്കുന്നു. നോമ്പു കാലത്ത് നാമനുഷ്ഠിക്കുന്ന പരി ത്യാഗപ്രവൃത്തികൾ ഭവനരഹി തർക്കും പാവപ്പെട്ടവർക്കും നിരാ ശ്രിതർക്കും ആശ്വാസമേകാൻ ഉപയുക്തമാകണം. ഏശയ്യാ പ്രവാചകൻ പഠിപ്പിക്കുന്നതു പോലെ "ദുഷ്ടതയുടെ കെട്ടു കൾ പൊട്ടിക്കുകയും നുകത്തി ന്റെ കയറുകൾ അഴിക്കുകയും മർദ്ദിതനെ സ്വതന്ത്രനാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹി തനെ വീട്ടിൽ സ്വീകരിക്കുകയും, നഗ്നനെ ഉടുപ്പിക്കുകയും സ്വന്ത ക്കാരിൽ നിന്ന് ഒഴിഞ്ഞ് മാറാതി രിക്കുകയും ചെയ്യുന്നതുമാണ് ദൈവം ആഗ്രഹിക്കുന്ന ഉപ വാസം" (ഏശ. 58: 6–7).

ധർമ്മദാനം നമ്മെ ധനമോഹ ത്തിൽ നിന്നും സ്വതന്ത്രനാക്കു ന്നു. നമ്മുടെ അയൽ ക്കാരെ സഹോദരങ്ങളായി കാണാൻ അത് നമ്മെ സഹായിക്കുന്നു. നമുക്കുള്ളതെല്ലാം നമ്മുടെ ഉപ യോഗത്തിന് മാത്രമുള്ളതല്ല, മറിച്ച് സഹായം അർഹിക്കുന്ന വരുമായി പങ്കുവയ്ക്കാനുള്ളതാ ണെന്ന് നാം ഒരിക്കലും മറക്ക രുത്. ഇന്ന് നമ്മിലൂടെ ഒരുവനെ സഹായിക്കുന്ന ദൈവം നാളെ അപരനിലൂടെ നമ്മെ സഹായി ക്കാതിരിക്കുകയില്ല. "നിങ്ങൾ ഉദാരശീലരാകേണ്ടതിന് ദൈവം നിങ്ങളെ എല്ലാവിധത്തിലും സമ്പന്നരാക്കി" (2 കൊറി 9:11). ആ സമ്പത്തിൽ നിന്നും "സ ന്തോഷപൂർവ്വം നൽകുന്നവനെ യാണ് ദൈവം സ്നേഹിക്കുന്ന ത്" (2 കൊറി 9: 7). നമ്മുടെ ഔ ദാര്യം മിഷൻ പ്രദേശത്ത് ഇല്ലാ യ്മകളാൽ ഞെരുങ്ങുന്ന നമ്മു ടെ സഹോദരങ്ങളുടെ ദുരിത ങ്ങൾ തുടച്ചു നീക്കുന്നതിനു

ഉതകുന്ന രീതിയിൽ അവരിലേക്കും എത്തിക്കാൻ നാം താത്പര്യം കാണിക്കണം. നോമ്പുകാല പരിത്യാഗത്തിലൂടെ നാം മിച്ചം വയ്ക്കുന്ന സംഖ്യ മിഷനെ സഹായിക്കാനായി നൽകുന്നത് ഏറെ അനുഗ്രഹമുള്ള പ്രവൃത്തിയായിരിക്കും.

ഉപവാസവും ധർമ്മദാനവും തമ്മിൽ പരസ്പര ബന്ധമുണ്ട്. ഉപവാസം വിശക്കുന്നവന്റെ ദയനീയാവസ്ഥ അനുഭവിച്ചറിയുവാൻ നമുക്ക് അവസരം നൽകുന്നു. അത് നമ്മെ സഹാനുഭൂതിയുള്ളവരാകാൻ സഹായിക്കുന്നു. മനുഷ്യന്റെ ദുർബലതയും നിസ്സാരതയും മനസ്സിലാക്കുവാനും എല്ലാ വിശപ്പും ശമിപ്പിക്കാൻ കഴിയുന്ന ദൈവത്തിൽ എളിമയോടെ നമ്മുടെ ആശ്രയം വയ്ക്കുവാനും ഉപവാസം നമ്മെ പ്രാപ്തരാക്കുന്നു. ഉപവാസം നമ്മിലുള്ള ഹിംസവാസനകളെ തുടച്ചുനീക്കി നമ്മുടെ അന്തരംഗത്തെ പവിത്രീകരിക്കുന്നു.

നോമ്പുകാലത്ത് നാം കൂടുതൽ സമയം പ്രാർത്ഥനയ്ക്കായി നീക്കിവയ്ക്കണം. ദൈവം നൽകുന്ന സമാശ്വാസവും ശാന്തിയും ആസ്വദിച്ചനുഭവിക്കാൻ അതിലൂടെ നമുക്ക് സാധ്യമാകും. ദൈവം നമ്മുടെ പിതാവാണ്. നാമെപ്പോഴും സന്തോഷമുള്ളവരായിരക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. കുരിശിന്റെ വി.യോഹന്നാൻ നമ്മോട് പറയുന്നതുപോ ലെ 'നിങ്ങളുടെ ജോലികൾ അനുവദിക്കുന്നതിനനുസരിച്ച് എപ്പോഴും ദൈവസാന്നിദ്ധ്യത്തിലായിരിക്കുവാൻ പരിശ്രമിക്കുക'. നീ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ മറ്റുള്ളവരുമായി സംഭാഷണം നടത്തുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടുകയോ ആണെങ്കിലും എപ്പോഴും ദൈവത്തിങ്കലേക്ക് പോവുകയും അവിടുത്തോട് നിന്റെ ഹൃദയത്തെ ചേർത്ത് വയ്ക്കുകുയും ചെയ്യുക. വി. ഗ്രന്ഥത്തിലൂടേയും ദിവ്യകാരുണ്യത്തിലൂടെയും യേശുവിന്റെ സജീവസാന്നിദ്ധ്യം അനുഭവിച്ചറിയുവാൻ നാം ആത്മാർത്ഥമായി പരിശ്രമിക്കണം. ആവിലായിലെ വി. ത്രേസ്യ സാക്ഷ്യപ്പെടുത്തുന്നതുപോലെ 'പ്രാർത്ഥനയെന്നത് നമ്മെ സ്നേഹിക്കുന്നുവെന്ന് നാം അറിയുന്നവനുമായി സൗഹൃദപരമായി ഇടപ്പെടുകയും കൂടെ ക്കൂടെ മുഖാമുഖം സംസാരിക്കുകയും ചെയ്യുക എന്നല്ലാതെ മറ്റൊന്നുമല്ല'.

നോമ്പുകാലത്തിനോടനുബന്ധിച്ച് നമ്മുടെ അതിരൂപതയിൽ കുറേ വർഷങ്ങളായി നാം നടത്തുന്ന ഒരു പുണ്യപ്രവൃത്തി

യാണ് പാലയൂർ മാഹാതീർത്ഥാടനം. ഈ വർഷ ത്തെ പാലയൂർ മഹാതീർത്ഥാടനം നടത്തുന്നത് ഏപ്രിൽ 7–ാം തിയ്യതിയാണ്. അതിനോടനുബന്ധിച്ച് മാർച്ച് 29 മുതൽ ഏപ്രിൽ 2 വരെയുള്ള ദിവസങ്ങളിൽ പാലയൂർ വച്ച് നടത്തുന്ന കരിസ്മാറ്റിക്ക് കൺവെൻഷൻ, നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും നടത്തുന്ന ജാഗരണ പദയാത്രകൾ, മാർച്ച് മാസത്തിലെ എല്ലാ ദിവസവും പാലയൂർ തീർത്ഥകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്ന ഏകദിന പ്രാർത്ഥനാ കൂട്ടായ്മ എന്നിവ നമ്മുടെ ആത്മീയ ഉണർവിന് ഏറെ ഉപകരിക്കുന്നവയാണ്. മേൽപ്പറഞ്ഞ എല്ലാ പുണ്യകർമ്മങ്ങളിലും സജീവമായി പങ്കെടുത്തു കൊണ്ട് നമ്മുടെ അതിരൂപതയിലെ എല്ലാ വ്യക്തികളും കുടുംബങ്ങളും സമൂഹങ്ങളും ആത്മീയോത്ക്കർഷം പ്രാപിക്കട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കുരിശിന്റെ വഴിയിലൂടെ വിശ്വസ്തതാപൂർവ്വം നടന്ന് യേശുവിന്റെ പീഡാനുഭവത്തിലും കുരിശുമരണത്തിലും അവിടുത്തോട് ചേർന്ന് നിന്ന പരിശുദ്ധ അമ്മ നമുക്ക് വിശ്വാസത്തിന്റേയും പ്രത്യാശയുടേയും സ്നേഹത്തിന്റെയും ഉത്തമ മാതൃകയാണ്. യേശുവിനോടൊത്ത് സഹനമരണങ്ങളിലൂടെ കടന്നുപോയ പരിശുദ്ധ അമ്മ അവിടുത്തെ ഉത്ഥാനവും പരിശുദ്ധാത്മാവിന്റെ ആഗമനവും പ്രദാനം ചെയ്ത് വലിയ സന്തോഷത്തിൽ പങ്കാളിയായി. അതുപോലെ നമു ക്കും പരി. അമ്മയോടൊപ്പം കുരിശിന്റെ വഴിയിലൂടെ സഞ്ചരിച്ച് ഉത്ഥാനത്തിന്റേയും ആത്മാഭിഷേകത്തിന്റേയും അപരിമേയമായ ആനന്ദത്തിന് അർഹരായിത്തീരാം.

നിങ്ങൾക്കേവർക്കും മുൻകൂട്ടി ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേർന്നു കൊണ്ട്,

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ ഇടയലേഖനം 2019 മാർച്ച് 3–ാം തിയ്യതി ഞായറാഴ്ച്ച വി. കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കണം.

512/2019
16.02.2019 C- 1



## സർക്കുലർ

# ദൈവവിളിവാരം

ഈശോയിൽ വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

പത്താം ക്ലാസ്സ്, പ്ലസ് ടു പഠനങ്ങൾക്കും പരീക്ഷകൾക്കും ശേഷം കുട്ടികൾ തങ്ങളുടെ ഭാവിജീവിതത്തെക്കുറിച്ച് സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ട സമയമാണ് മാർച്ച് ഏപ്രിൽ മാസങ്ങൾ. മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടയുമൊക്കെ ആഗ്രഹങ്ങളും പ്രേരണകളും അവരുടെ ഭാവിതീരുമാനത്തെ സ്വാധീനിക്കാമെങ്കിലും തങ്ങളെക്കുറിച്ചുള്ള ദൈവഹിതം എന്താണെന്ന് തിരിച്ചറിയുക എന്നുള്ളതാണ് ഏറെ പ്രാധാന്യമർഹിക്കുന്നത്. ഈശോനാഥൻ തന്റെ ഈലോകജീവിതത്തിലെ പ്രധാനപ്പെട്ട എല്ലാ കർത്തവ്യങ്ങൾക്കും മുമ്പ് പ്രാർത്ഥനയിൽ സമയം ചിലവഴിക്കാറുണ്ടായിരുന്നു. അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നതിനുമുമ്പും അവിടുന്ന്

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ഒരു രാത്രി മുഴുവൻ തന്റെ പിതാവുമായി ഗാഢമായ പ്രാർത്ഥനയിൽ ചിലവഴിച്ചു (ലൂക്കാ 6, 12). "വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാൻ യേശു ആവശ്യപ്പെട്ടു" (മത്താ. 9:37–38). യുവജനങ്ങൾ തങ്ങളെക്കുറിച്ചുള്ള ദൈവികപദ്ധതി എന്താണെന്നു തിരിച്ചറിയുവാനും നമ്മുടെ അതിരൂപതയിൽ നിന്നും നല്ല ദൈവവിളികൾ ഉണ്ടാകുവാനുമായി തീക്ഷ്ണമായി പ്രാർത്ഥിക്കുക എന്ന ലക്ഷ്യത്തോടെ **ഏപ്രിൽ 1 മുതൽ 6 വരെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ** പ്രാർത്ഥനാ ഉപവാസ യജ്ഞം നടത്തുന്നു. **രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30** വരെയാണ് സമയം. കൂടാതെ **ഏപ്രിൽ 1, 2 ദിവസങ്ങളിൽ എസ്. എസ്.എൽ.സി., പ്ലസ്** ടു **കഴിഞ്ഞ വിദ്യാർത്ഥിനികൾക്കായി ഡി. ബി. സി. എൽ. സി. യിൽ വെച്ച് ദൈവവിളി ക്യാമ്പും ആൺകുട്ടികൾക്കായി ഏപ്രിൽ 1-ാം തിയ്യതി മുതൽ 6-ാം തിയ്യതി വരെ മൂന്നു ബാച്ചുകളിലായി കാച്ചേരി മഡോണ നഗർ, സെന്റ് മേരീസ് മൈനർ സെമിനാരിയിലും** ദൈവവിളിക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു.

അനുദിനം അതിവേഗം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ലോകത്തിന് അർപ്പണബോധമുള്ള കൂടുതൽ വൈദികരും സന്യാസ-സമർപ്പിതരും ആവശ്യമായി തീർന്നിരിക്കുന്ന സമയമാണിത്. അടിമത്തപരമായ സാങ്കേതികവിദ്യയിലുള്ള ആശ്രയവും നിയന്ത്രണങ്ങളില്ലാത്ത സാമൂഹ്യ സമ്പർക്കമാധ്യമങ്ങളുടെ ഉപയോഗവും നമ്മുടെ സമൂഹത്തെ ഒരുതരം നിസ്സംഗതയിലേക്കും നിരീശ്വരത്വത്തിലേക്കും സഭാവിരുദ്ധ കാഴ്ചപ്പാടുകളിലേക്കും വഴിനടത്തുന്നുണ്ട്. ഇത്തരം ജീവിതശൈലികൾ മൂല്യങ്ങളില്ലാത്തതും കുടുംബത്തോടും സമൂഹത്തോടും കടപ്പാടുകളില്ലാത്തതുമായ ഒരു തലമുറയെ രൂപപ്പെടുത്തുകയാണ്. സോദോം ഗൊമോറ ദേശങ്ങളെ നശിപ്പിക്കാതി

രിക്കാൻ കുറച്ച് നീതിമാന്മാരുടെയെങ്കിലും സാന്നിധ്യം പിതാവായ ദൈവം അന്വേഷിച്ചത് ഉത്പത്തി പുസ്തകത്തിൽ വായിക്കുന്നതുപോലെ അപഭ്രംശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിന് നേരായ വഴിതെളിക്കാൻ മൂല്യബോധമുള്ള സമർ പ്പിത ദൈവവിളികൾ ഇന്ന് അനിവാര്യമാണ്. ദൈവവിളിക്കായുള്ള പ്രാർത്ഥനാദിന സന്ദേശത്തിൽ (2018) ഫ്രാൻസീസ് മാർപാപ്പ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നുണ്ട്: "അനുയോജ്യമായ സമയം വരട്ടെ എന്നു കരുതി ഒഴിഞ്ഞുമാറി നില്ക്കുകയല്ല. ഇതാണ് ആ സമയം എന്നു തിരിച്ചറിഞ്ഞ് സമർപ്പിത ദൈവവിളിയോട് ഉത്തരമരുളുകയാണ് യുവജനങ്ങൾ കൈക്കൊള്ളേണ്ട നടപടി". അനിതരസാധാരണമായ ഈ ജീവിതാന്തസ്സിലേക്കുള്ള ക്രിസ്തുവിന്റെ വിളിക്ക് വ്യക്തിപരമായി പ്രത്യുത്തരം നൽകാൻ യുവജനങ്ങളെ നിങ്ങളെ ഞാൻ ക്ഷണിക്കുകയാണ്.

ദൈവവിളികൾ വളർത്തുന്നതിൽ കുടുംബങ്ങങ്ങൾക്കും, ഇടവകസമൂഹത്തിനുമുള്ള വലിയ പങ്കിനെപ്പറ്റി ഞാൻ ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ. നല്ല ദൈവവിളികളുടെ അടിസ്ഥാനം നല്ല കുടുംബങ്ങളാണ്. വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും, ഭക്തിയുടെയും ചൈതന്യം തുളുമ്പിനില്ക്കുന്ന കുടുംബങ്ങൾ പ്രാഥമിക സെമിനാരികളാണ്. (വൈദീക പരിശീലനത്തെ സംബന്ധിക്കുന്ന ഡിക്രി: II,2). ദൈവവിളിയെക്കുറിച്ച് വി.ജോൺ ബോസ്കോ പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്: "ഒരോ പത്ത് വ്യക്തികളിൽ ഒരാൾക്ക് ദൈവത്തിന്റെ പ്രത്യേക വിളി ലഭിക്കുന്നുണ്ട്." എന്നിട്ടും നമ്മുടെ ഇടവകകളിൽ ദൈവവിളികൾ കുറയുന്നുണ്ടെങ്കിൽ ദൈവവിളിയോടുള്ള നമ്മുടെ സമീപനത്തിൽ അനിവാര്യമായ മാറ്റങ്ങൾ നമ്മൾ വരുത്തേണ്ടിയിരിക്കുന്നു. ഇടവകവികാരിയോടു ചേർന്ന് ദൈവജനം മുഴുവനും പ്രാർത്ഥനയാലും പ്രവർത്തനത്താലും ദൈവവിളി പരിപോഷണത്തിനായി യത്നിക്കേണ്ടതാണ്. ദൈവവിളികൾ ഉണ്ട് എന്ന് നാം

തിരിച്ചറിയുന്ന വ്യക്തികൾക്ക് ആവശ്യമായ ആത്മീയ ഭൗതിക സാഹചര്യങ്ങൾ ഒരുക്കികൊടുത്ത് ദൈവവിളികളെ വളർത്തുവാൻ ഇടവകസമൂഹം ശ്രദ്ധിക്കേണ്ടതാണ്.

നിത്യപുരോഹിതനായ ഈശോയ്ക്ക് ജന്മം നൽകി വളർത്തിയവളും സമർപ്പിതരുടെ മാതൃകയും അതിരൂപതയുടെ സ്വർഗ്ഗീയ മധ്യസ്ഥയുമായ പരി. അമ്മ നല്ല ദൈവവിളികൾ കണ്ടെത്തുവാനും തിരിച്ചറിയുവാനും യുവതീയുവാക്കന്മാരെ സഹായിക്കട്ടെയെന്ന് നമുക്കു പ്രാർത്ഥിക്കാം.

ദൈവവിളിവാരത്തെക്കുറിച്ചും ക്യാമ്പുകളെക്കുറിച്ചും വിശദവിവരങ്ങൾ അതിരൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്നും യഥാസമയം നിങ്ങളെ അറിയിക്കുന്നതായിരിക്കും. ദൈവവിളി ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ ഒരുക്കി പറഞ്ഞയക്കുവാൻ ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും സിസ്റ്റേഴ്സും മാതാപിതാക്കളും മതബോധന അധ്യാപകരും ശ്രമിക്കണമെന്നും ദൈവവിളി വാരത്തിലെ പ്രാർത്ഥന–ഉപവാസ യജ്ഞത്തിൽ പ്രാർത്ഥനയും സാന്നിധ്യവും വഴി സഹകരിക്കണമെന്നും ഞാൻ താത്പര്യപൂർവ്വം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ വത്സലപിതാവ്

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത*

---

NB: ഈ സർക്കുലർ 2019 മാർച്ച് 24ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

മാർച്ച് 2019

1 : ആദ്യവെള്ളി

3 : **നോമ്പ് ഒന്നാം ഞായർ**

10 : **നോമ്പ് രണ്ടാം ഞായർ**

17 : **നോമ്പ് മൂന്നാം ഞായർ**

18 : ജറുസലെമിലെ വി. സിറിൾ

19 : വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ

24 : **നോമ്പ് നാലാം ഞായർ**

31 : **നോമ്പ് അഞ്ചാം ഞായർ**

**2. മാർച്ച് മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| 05 | : | 10:00 am വൈദികമാസധ്യാനം |
| 06 | : | 10:00 am അസി. വികാരിമാരുടെ യോഗം |
| 07 | : | 10:00 am ഫൊറോനവികാരിമാരുടെ യോഗം |
| 14 | : | 02:30 pm വൈദികസമിതി യോഗം |
| 18–20 | : | ലിവ് & ലേൺ I (മേരിമാത സെമിനാരി) |
| 21 | : | 10:30 am അതിരൂപത ആലോചനസമിതിയോഗം |
| 23 | : | 10:00 am സംയുക്ത പാസ്റ്ററൽ കൗൺസിൽ |
| 25–27 | : | ലിവ് & ലേൺ II (മേരിമാത സെമിനാരി) |
| 28 | : | 02:00 pm ചെറുപട്ടങ്ങൾ |

**3. വലിയ നോമ്പ് :**

04.03.2019 : വിഭൂതി തിങ്കൾ: ഉപവാസദിനം

05.03.2019 : വൈദിക മാസധ്യാനം

07.04.2019 : പാലയൂർ മഹാതീർത്ഥാടനം

14.04.2019 : ഓശാന ഞായർ



15.04.2019 : സമർപ്പിത വിശുദ്ധീകരണദിനം–മൂറോൻ കൂദാശ

18.04.2019 : പെസഹാവ്യാഴം

19.04.2019 : പീഡാനുഭവവെള്ളി: ഉപവാസദിനം

21.04.2019 : ഉയിർപ്പ് തിരുനാൾ

4. **സ്വാഗതം:**

ഉപരിപഠനത്തിനും, മറ്റു രൂപതകളിൽ സേവനത്തിനും ശേഷം തിരിച്ചു വന്നിരിക്കുന്ന അതിരൂപത വൈദികർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന സന്യാസവൈദികർക്കും സ്വാഗതം: ഫാ. റെന്നി മുണ്ടൻകുരിയൻ, ഫാ. ഷിജോ ചിരിയങ്കണ്ടത്ത്, ഫാ. ആന്റണി കൊള്ളന്നൂർ (കല്യാൺ രൂപത), ഫാ. ഊന്നുകല്ലിൽ അഗസ്റ്റിൻ (അബി) VC, ഫാ. ചമ്പന്നൂക്കാരൻ റോബിൻ ISch, ഫാ.തൂങ്കുഴിയിൽ ജോബിൻ TOR, ഫാ. ചെറക്കൽ സഖറിയാസ് പീറ്റർ MSFS.

5. **നന്ദി :**

അതിരൂപതയിലെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന എല്ലാ ബഹു. വൈദികർക്കും അതിരൂപതയുടെ അകൈതവമായ നന്ദി: ഫാ. ആലുക്കൽ ടോളസ് SDV, ഫാ. പുത്തൂർ സാജൻ ISch, ഫാ. മൂഞ്ഞേലി വിനോദ്, ഫാ. ചൂണ്ടൽ ജെറിൻ ISch, ഫാ. റാത്തപ്പിള്ളിൽ നിധിഷ് ജോണി CMI, ഫാ. എടക്കളത്തൂർ ബിജു IC, ഫാ. ചിറ്റിലപ്പിള്ളി ഫിവിൻസ് IC, ഫാ. കൊള്ളന്നൂർ വിപിൻ SDV

6. **ആശംസ :**

അതിരൂപതയിൽ നിന്ന് സേവനത്തിനായി പോകുന്ന ബഹു. വൈദികർക്ക് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ: ഫാ. ജോർജ്ജ് കോമ്പാറ (ഷംഷാബാദ്), ഫാ. ജോഫി ചിറയത്ത് (ഷംഷാബാദ്), ഫാ. ജിയോ ചിരിയങ്കണ്ടത്ത് (രാമനാഥപുരം).

7. **അഭിനന്ദനങ്ങൾ :**
മൗണ്ട് സെന്റ് തോമസിലെ സീറോ മലബാർ സഭ ആസ്ഥാന കാര്യാലത്തിൽ കൂരിയ ചാൻസലറായി നിയമിതനായ ഫാ. വിൻസെന്റ് ചെറുവത്തൂരിന് അതിരൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.
പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയ ബഹു. ഷിജോ ചിരിയങ്കണ്ടത്ത് അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങൾ.

8. **വൈദികക്ഷേമനിധി :**
സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31–ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

9. **പാലയൂർ മഹാതീർത്ഥാടനം :**
2019 ഏപ്രിൽ 7–നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

10. **പട്ടങ്ങൾ :**
നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2019 മാർച്ച് 28ന് കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2:00ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് തിരുകർമ്മങ്ങൾ ആരംഭിക്കും. ബഹു. ശെമ്മാശ്ശന്മാരെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

11. **ദൈവദർശൻ ക്യാമ്പുകൾ :**
ഈ വർഷവും വേനലവധി കാലത്ത് അതിരൂപതാവൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇടവകകളിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ദൈവദർശൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 5 മുതൽ

എ.സി.സി. ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയാണ് ക്യാമ്പുകളിൽ പ്രതീക്ഷിക്കുന്നത്. മൂന്നു ദിവസങ്ങളിലായാണ് ക്യാമ്പുകൾ നടക്കുന്നത്. ക്യാമ്പുകൾ യഥാക്രമം തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ആരംഭിക്കുകയും ബുധൻ, ശനി ദിവസങ്ങളിൽ അവസാനിക്കുകയും ചെയ്യും. 2019 ഏപ്രിൽ 1 മുതൽ മെയ് 5 വരെയാണ് (വിശുദ്ധവാരം ഒഴികെ) ക്യാമ്പുകൾ ഇടവകകളിൽ നടത്താൻ സാധിക്കുക. ദൈവദർശൻ ക്യാമ്പ് നടത്താൻ ആഗ്രഹിക്കുന്ന ഇടവകകളിൽ ബഹു. അച്ചന്മാർ മൈനർ സെമിനാരി റെക്ടറച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

**12. ദൈവവിളിവാരാചരണം :**

2019 ഏപ്രിൽ 1 മുതൽ 6 വരെയാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന–ഉപവാസയജ്ഞം നടക്കും. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**13. ദൈവവിളിക്യാമ്പുകൾ :**

എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി വെവ്വേറെ ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. 2019 ഏപ്രിൽ 1, 2 തീയ്യതികളിൽ ഡി.ബി.സി.എൽ.സി.യിൽ വച്ച് പെൺകുട്ടികൾക്കുള്ള ക്യാമ്പും, 2019 ഏപ്രിൽ 1,2; 3,4; 5,6 എന്നീ തീയ്യതികളിൽ മൂന്ന് ബാച്ചുകളിലായി മഡോണനഗർ മൈനർ സെമിനാരിയിൽ വച്ച് ആൺകുട്ടികൾക്കായുള്ള ക്യാമ്പുകളും നടത്തപ്പെടും. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**14. കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**15. മിഷൻ സൺഡെ കളക്ഷൻ:**

2018 ലെ മിഷൻ സൺഡെ കളക്ഷൻ 2019 മാർച്ച് 31നു മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. മാർച്ച് 31നു മുമ്പ് മിഷൻ സൺഡെ കളക്ഷൻ കൊടുക്കുന്ന പള്ളികളും സ്ഥാപനങ്ങളും മാത്രമെ സമ്മാനത്തിനു

പരിഗണിക്കപ്പെടുകയുള്ളൂ.

**16. ലീവ് & ലേൺ 2019:**

ഈ വർഷത്തെ ലീവ് & ലേൺ മേരിമാത സെമിനാരിയിൽ 2019 മാർച്ച് 18–20, 25–27 തിയ്യതികളിൽ രണ്ടു ബാച്ചായി നടത്തുന്നു. ബാച്ചുകളുടെ ലിസ്റ്റ് താഴെ കൊടുത്തിട്ടുണ്ട്. ബാച്ചുകൾ മാറുന്നതിനോ ലീവിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബഹു. വൈദികർക്ക് ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം **2019 മാർച്ച് 15നു** മുമ്പായി അതിരൂപത കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**Live & Learn 2019 - First Batch (March18-20)**

1. V. Rev.Fr. Ainickal Johnson
2. Fr. Akkamattathil Raphael
3. Fr. Akkara Raju
4. Fr. Alappatt Bastin
5. Fr. Alappatt Biju
6. Fr. Alappatt Biju Joseph
7. Fr. Alappatt Paul
8. Fr. Aloor Francis
9. Fr. Alukka Antony
10. Fr. Ammuthan Antony
11. V. Rev. Fr. Anthikkatt Johnson
12. Fr. Arangassery Jose
13. Fr. Arangassery Sanoj
14. Fr. Arangassery Saleesh
15. Fr. Arassery Joseph
16. Fr. Arikkatt Sijo
17. Fr. Arimboor Johnson
18. V.Rev.Fr. Ayyankanayil John
19. Fr. Chakkalakkal Davis
20. Fr. Chalissery Lijo
21. Fr. Chazhoor Domini
22. Fr. Chembakassery Antony
23. Fr. Chiramel Able Devassy
24. Fr. Chiramel Christeen
25. Fr. Chiramel Davis Sr.
26. Fr. Chiramel Jolly
27. Fr. Chirayath Anto
28. Fr. Chirayath Denny
29. Fr. Chirayath Shaju
30. Fr. Chiriankandath Ginson
31. Fr. Chiriankandath Joju
32. Fr. Chiriamkandath Prince
33. Fr. Chittilappilly Antony
34. Fr. Chittilappilly Lijo
35. Fr. Chittilappilly Vincent
36. Fr. Chullikkadan Joby
37. Fr. Edakkalathur Jose
38. Fr. Edakkalathur Thomas
39. Fr. Eluvathingal Justin
40. Fr. Emmaty Jomon
41. Fr. Inchodikkaran James
42. Fr. Kachappilly Jose
43. Fr. Kaipulliparamban Benny
44. V.Rev.Msgr. Kakkasssery Thomas
45. Fr. Kakkssery Tony Thomas
46. Fr. Kallarackal Pratheesh
47. Fr. Kallikkadan Starzon
48. Fr. Kanimangalthukkaran Vincent
49. Fr. Kanjirathingal Baiju
50. Fr. Kanjirathingal Varghese
51. Fr. Kannampuzha Davis
52. Fr. Kannanaickal Sajil
53. Fr. Kappilanirappel Jijo
54. Fr. Kariyattil Varghese
55. V. Rev. Fr. Kavalakkatt Franco
56. Fr. Kavalakkatt Seby
57. Fr. Kidangan Benny
58. Fr. Kizhakkekannanchira Frinto

59. Fr. Kochupurackal Kuriakose
60. Fr. Kollannoor Joy
61. Fr. Konikara Jose Sr.
62. V.Rev.Fr. Koonamplackal Jackson
63. Fr. Koreth Joyson
64. Fr. Kundukulam Stishin
65. Fr. Kundukualam Johnson
66. Fr. Kunnappilly Teds
67. Fr. Kuruthukulangara Antony
68. Fr. Kuthur Varghese
69. Fr. Kuttikkat Andrews
70. Fr. Kuttikottayil Mathew
71. Fr. Mandupal Taison
72. Fr. Mapranathukkaran Shijo
73. Fr. Marokky Jaison
74. Fr. Marottickal Majo
75. Fr. Mechery Antony
76. Fr. Menachery Antony
77. Fr. Mekkattukulam Jiphy
78. V.Rev.Fr. Mookan Joy
79. Fr. Mullakkara Tijo
80. Fr. Mundankurian Renny
81. Fr. Murigathery Joseph
82. Fr. Muringathery Naveen
83. Fr. Muringathery Grijo
84. Fr. Muttath Francis
85. Fr. Nadakkaveliyil Chacko
86. Fr. Nandikkara Ignatius Biju
87. Fr. Neelankavil Francis
88. Fr. Nellikkal Aneesh
89. Fr. Olakkengil Dijo
90. Fr. Olakkengil Dunstan
91. Fr. Olakkengil Lawrance
92. Fr. Olapurakkal Rinjo
93. Fr. Padayattil Job
94. Fr. Parackal Cheriyan
95. V.Rev.Fr. Palathingal Paulson
96. Fr. Panthallukkaran Devassy
97. Fr. Parekkatt Johny Antony
98. Fr. Perumattil Christon
99. Fr. Peruttil Sebastian
100. V. Rev. Fr. Pidiyath Wilson
101. Fr. Pindiyan Paul
102. Fr. Pindiyan Prince
103. Fr. Ponthekkan Sinto
104. Fr. Poopady Thomas
105. Fr. Poovathingal Prince
106. Fr. Poruthur Daijo
107. Fr. Pulickan Siju
108. Fr. Pulikkottil Jaison
109. Fr. Pulikkottil Johnson
110. Fr. Pulikkottil Jose
111. Fr. Pullokkaran Raphael
112. Fr. Punnassery Jaison
113. Fr. Punnoliparambil Bastin
114. Fr. Punnoliparambil Jos
115. Fr. Puthur Leo
116. Fr. Puthur Seby
117. Fr. Rayappan Anto
118. Fr. Thaikkatil Sonjai
119. Fr. Thalakkodan Dominic
120. Fr. Thalakkottoor Francis
121. Fr. Thaliyaprambil Liril
122. Fr. Thanissery Raphael
123. V.Rev.Fr. Tharakan Francis
124. Fr. Tharakan Geo
125. Fr. Thathrathil Jose
126. Fr. Thattil Jense
127. Fr. Thattil Paulson
128. Fr. Thattil Raphy
129. Fr. Thattil Soly
130. Fr. Thazhath Jickson
131. Fr. Thazhekkadan Jibin
132. Fr. Thekkanath Justin
133. Fr. Thekkath Franso
134. Fr. Thekkekara Jose Jr.
135. Fr. Thekkiniyath Geo
136. Fr. Thekkumpuram Jaison
137. Fr. Therattil George
138. Fr. Thermadam Geroge
139. Fr. Thermadam Simon
140. Fr. Thorayan Sinto

141. Fr. Ukkan Johnson
142. Fr. Ukkan Shaju
143. Fr. Ukkan Varghese
144. Fr. Vadakkan Job
145. Fr. Vadakkan Raphael
146. Fr. Vadakkethala Jaison
147. Fr. Vadakkethala Saju
148. Fr. Vadakkethala Thomas
149. V. Rev. Fr. Vadakkoot Thomas
150. Fr. Vaikkadan Joseph
151. Fr. Valluppara Jeejo
152. Fr. Vattanirappel Jaison
153. Fr. Vazhappilly Frajo
154. Fr. Vazhappilly Francis
155. Fr. Vazhappilly Saijan
156. Fr. Vazhappilly Tony
157. Fr. Vazhappilly Twinkle
158. Fr. Vazhappilly Vinoy
159. Fr. Velukkaran Thomas
160. Fr. Vithayathil Daveed

**Live & Learn 2019-Second Batch (March 25-27)**

1. V.Rev.Fr. Adambukulam Joy
2. Fr. Ainikkal Jose
3. Fr. Akkamattathil Shonson
4. Fr. Alanthanath Nysson
5. Fr. Alappadan Fijo
6. Fr. Alappat Francis
7. V.Rev.Fr. Aloor Joju
8. Fr. Aloor Joshy
9. V. Rev.Fr. Anthikkadan Johnson
10. V. Rev. Fr. Ambookkan Noby
11. Fr. Antikkatt Joseph
12. Fr. Appadan Babu
13. Fr. Arackel Paul
14. Fr. Chakkalakkal Seejan
15. Fr. Chakkery Mathew
16. Fr. Chalackal Jackson
17. V. Rev.Fr. Chalakkal Jose
18. Fr. Chalissery Johnson
19. Fr. Chelappadan Geroge
20. Fr. Chemmannor John Paul
21. Fr. Cheradai Geo
22. Fr. Cherayath Davis Jr.
23. Fr. Cheruvathur Chacko
24. Fr. Cheruvathur Joyson
25. Fr. Chiramel Davis Jr.
26. Fr. Chirayath Jeen
27. Fr. Cherayath Davis Sr.
28. Fr. Cheeramban Shajan
29. Fr. Chiriankandath Lijo
30. Fr. Chiriankandath Shijo
31. Fr. Chittattukkara Seby
32. Fr. Chittilappilly Aneesh
33. Fr. Chittilappilly Jaison
34. Fr. Chittilappilly Jinto
35. Fr. Chittilappilly Joffy
36. Fr. Chittilappilly John
37. Fr. Chittilappilly Paul
38. Fr. Chittilappilly Shelton
39. Fr. Chittilappilly Shiju
40. Fr. Choondal Thomas
41. Fr. Chiramel Chacko
42. Fr. Choondal Jinto
43. Fr. Edakkalathur Anto
44. Fr. Edakkalathur Francis
45. Fr. Edakkalathur George
46. Fr. Keetticka Finosh
47. Fr. Keezhoormuttikkal Manoj
48. Fr. Edakkalathur Jimmy
49. Fr. Edakkalathur Louis
50. Fr. Edakkalathur Varghese
51. Fr. Edathiruthy Jojo
52. Fr. Eluvathingal Antos
53. Fr. Eluvathingal Rojo
54. Fr. Emmatty Sajeev
55. Fr. Kadavy Geo
56. Fr. Kakkssery Bestin
57. Fr. Kallikkadan Paul
58. Fr. Kanjirathingal Anto

59. Fr. Kanjirathingal Prinson
60. Fr. Kanjirathingal Seby
61. Fr. Kannanaickal Wilson
62. V. Rev. Fr. Karippery Varghese
63. Fr. Kattukkaran Paul
64. V.Rev.Fr. Kidangan John
65. Fr. Kokkan Raju
66. Fr. Kolambrath Dixon
67. Fr. Kolambrath Martin
68. Fr. Kollannoor Royson
69. V.Rev. Fr. Konikkara Jose Jr.
70. Fr. Koola Ditto
71. Fr. Koonamplackal Jaison
72. Fr. Koothur Febin
73. Fr. Koothur Francis
74. Fr. Koothur Joy
75. Fr. Koothur Aneesh
76. Fr. Kulangara Printo
77. Fr. Kundukulangara Jovy
78. Fr. Kunnapilly Tens
79. Fr. Kurissery Ittiachan
80. Fr. Kuttikkat Jinto
81. Fr. Kuttikkat Jiso
82. Fr. Kuzhikkattumyalil Sijohn
83. Fr. Maliyammavu Paul
84. Fr. Malokkaran Jickson
85. Fr. Manadan George
86. Fr. Manjaly Francis
87. Fr. Mapranathukkaran Pradeep
88. Fr. Marokky Dennis
89. Fr. Marottickal Alex
90. Fr. Mecheripady Antony
91. Fr. Mookan Roy
92. Fr. Moolan John
93. Fr. Mundopuram Daison
94. Fr. Muringathery Jijo
95. Fr. Muringathery Jomon
96. Fr. Muringathery Joy
97. Fr. Muthupeedika Raphael
98. Fr. Neelankavil Anson
99. Fr. Neelankavil Pauly
100. Fr. Nettikkadan David
101. Fr. Nirappukalayil George
102. Fr. Olakkengil Johnson
103. Fr. Ollukkaran Anto
104. Fr. Payikkatt Sobin
105. Fr. Palathingal Varghese
106. Fr. Pallikkunnath Francis
107. Fr. Panakkal Joju
108. Fr. Panamkulam Davis
109. Fr. Panattuparambil Babu
110. Fr. Panengadan Anto
111. Fr. Panengadan John
112. Fr. Parokkaran Joshy
113. Fr. Pavarattikkaran John
114. Fr. Payyappilly Paul
115. Fr. Peramangalath Paul
116. Fr. Pereppadan Jinto
117. Fr. Pettatyil Noble
118. Fr. Pindiyan Sajan
119. Fr. Ponthekkan Jomon
120. Fr. Poovathukkaran Joseph
121. Fr. Poozhikkunnel Justin
122. Fr. Poruthur Joju
123. Fr. Pulikkan Paul
124. Fr. Pulikkan Joseph
125. Fr. Pulikkodan Renald
126. Fr. Pulikkottil Davis
127. Fr. Puthiri Frango
128. Fr. Puthur Joby
129. Fr. Puthur Joy
130. Fr. Puthur Sijo
131. Fr. Thacharattil Jacob
132. Fr. Thaikkattil Saijo
133. Fr. Thaliyath Nibin
134. Fr. Thalonikkara Savio
135. Fr. Thanickal Denny
136. Fr. Thanickal Lazor
137. Fr. Thanickal Manoj
138. Fr. Thanikkal Anuwin
139. V. Rev. Fr. Thanikkal Paul
140. Fr. Tharakan Varghese

141. Fr. Tharayil Demin
142. Fr. Thandassery Canadian
143. Fr. Thattil Bernard
144. Fr. Thayyalakkal Flergin
145. Fr. Thekkanath Paul
146. Fr. Thekkanath Antony
147. Fr. Thekkekkara Davis
148. Fr. Thermadam Shajan
149. Fr. Vadakkan Roy Joseph
150. Fr. Vadakkan Sajan
151. Fr. Vadakkoot James
152. V. Rev. Msgr. Vallooran Jose
153. Fr. Vattakuzhy Jose
154. Fr. Vazhaparambil Clement
155. Fr. Vazhappilly Bilju
156. Fr. Vazhappilly Jiby
157. Fr. Velakombil Roy
158. Fr. Vennattuparabil Joshy
159. Fr. Vettath Mathew
160. Fr. Vettath Sebastian
161. Fr. Vithayathil Rijo

**Leave from Live & Learn 2019**

1. Fr. Achandy Johnson
2. Fr. Ainikkal Antony
3. V.Rev.Msgr. Akkara George
4. Fr. Arackal Francis
5. Fr. Arakkal Sebastian
6. Fr. Arimboor Jerin
7. Fr. Arimboor Tony
8. Fr. Chakkumpeedika Thomas
9. Fr. Chalakkal Louis
10. Fr. Chalakkal Sebastian
11. Fr. Chalakkal Thobias
12. Fr. Chalissery Cyriac
13. Fr. Chalissery Paul
14. Fr. Chemmannur John
15. Fr. Cherayath Jacob
16. Fr. Cheruvathoor Douglas Peter
17. Fr. Cheruvathoor George
18. Fr. Cheruvathoor Sijo
19. Fr. Cheruvathoor Vincent
20. Fr. Chiramal George
21. Fr. Chiramel Simson
22. Fr. Chirayath Joffy
23. Fr. Chiriankandath Anto
24. Fr. Chiriankandath Geo
25. Fr. Chiriankandath Sunil
26. Fr. Chittilappilly Binoy
27. Fr. Chittilappilly Johnson
28. Fr. Chittilappilly Jose T.
29. Fr. Chittilappilly Joy Jr.
30. Fr. Chittilappilly Joy Sr.
31. Fr. Chittilappilly Raphael
32. Fr. Chittilappilly Seby
33. Fr. Chungath John
34. Fr. Edakkalathur Jacob
35. Fr. Edakkalathur Sinson
36. Fr. Eluvathingal Frederic
37. Fr. Kadappuran Joby
38. Fr. Kaitharath Justin
39. V. Rev.Msgr. Kakkassery Joseph
40. Fr. Kallery Geomon
41. Fr. Kallingalkudiyil Jimmy
42. Fr. Kannampuzha Antony
43. Fr. Kannanaickal Francklin
44. Fr. Kappany Paul
45. Fr. Kareparamban Sinto
46. Fr. Karerakkatil Aljo
47. Fr. Karippery Francis
48. Fr. Kattookkaran Sijo
49. Fr. Kidangan Joy
50. Fr. Kizhakkoodan Sony
51. Fr. Kollannur Sebastian
52. Fr. Kombara George
53. Fr. Koothur Fexin
54. Fr. Koreth Mejo
55. Fr. Kundukualam Vincent
56. Fr. Maliackal Sanal
57. Fr. Mangalam Augustian
58. Fr. Marokky Sajan

59. Fr. Meilit Palathingal Varghese
60. Fr. Mulakkal John
61. Fr. Mullakkara Terin
62. Fr. Muringathery Sijo
63. Fr. Nayankara Prince
64. Fr. Pallippurathukkaran Geo
65. Fr. Panengadan Xavior
66. Fr. Parayil Chacko
67. Fr. Parayil Shinto
68. Fr. Parokkaran Binu
69. Fr. Peramangalath Mathew
70. Fr. Perinchery Ajeesh
71. Fr. Pidiyath Jijo
72. Fr. Porathur Nicholas
73. Fr. Porathur Sinto
74. Fr. Pulikkan Joseph
75. Fr. Pulikkottil Paul
76. Fr. Thachoth Ajith
77. Fr. Thadathil Justin
78. Fr. Thaikkattil Jacob
79. Fr. Thaikkattil Lawrence
80. Fr. Thaivalappil Rejoy
81. Fr. Thalakkottoor Shanto
82. Fr. Thattil Linson
83. Fr. Thattil Linto
84. Fr. Thekkanath Antony
85. Fr. Thekkekkara Jose Sr.
86. Fr. Thekkiniath Antony
87. Fr. Thikkadan John Paul
88. Fr. Thottan Antony
89. Fr. Vadakkethala Geroge
90. Fr. Vadakkethala Joseph
91. Fr. Vellara Ansil

**17. വൈദികരുടെ നിയമനം :**

**(a) തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം : പ്രാബല്യം 06–02–2019 മുതൽ**

001. **റവ. ഫാ. വല്ലൂരാൻ ജോസ്**: വികാരി ജനറാൾ; കപ്ലോൻ എസ്.കെ.ഡി.; *മറ്റം വികാരി & ഫൊറോനവികാരി, കപ്ലോൻ എഫ്. സി. സി. ഒഴിവായി.*

002. **റവ. ഫാ. കവലക്കാട്ട് ഫ്രാങ്കോ**: മറ്റം വികാരി & ഫൊറോനവികാരി, കപ്ലോൻ എഫ്.സി.സി. മഠം; *എറവ് വികാരി, കപ്ലോൻ എസ്. സി. വി. ഒഴിവായി.*

003. **റവ. ഫാ. പുന്നോലിപറമ്പിൽ ജോസ്**: എറവ് വികാരി, കപ്ലോൻ എസ്.സി.വി.; *പാലയൂർ വികാരി, ഫൊറോന വികാരി & റെക്ടർ, കപ്ലോൻ സി. എം. സി., എഫ്. സി. സി., എസ്. എ. ബി. എസ്. ഒഴിവായി.*

004. **റവ. ഫാ. കരിപ്പേരി വർഗ്ഗീസ്**: പാലയൂർ വികാരി, ഫൊറോന വികാരി & റെക്ടർ, കപ്ലോൻ സി.എം.സി., എഫ്.സി.സി., എസ്.എ.ബി.എസ്.; *കുരിയച്ചിറ വികാരി, ഡയറക്ടർ സ്ലം സർവ്വീസ്, കപ്ലോൻ സി. എം. സി. സെന്റ് ജോൺ ഒഴിവായി.*

005. **റവ. ഫാ. ചൂണ്ടൽ തോമസ്**: കുരിയച്ചിറ വികാരി, കപ്ലോൻ സി.എം.സി. സെന്റ് ജോൺ; *പഴുവിൽ വികാരി & ഫൊറോന വികാരി, പ്രീസ്റ്റ്–ഇൻ–ചാർജ്ജ് ചാഴൂർ, കപ്ലോൻ എഫ്. സി. സി. ഒഴിവായി.*

006. **റവ. ഫാ. താണിക്കൽ പോൾ**: പഴുവിൽ വികാരി & ഫൊറോന വികാരി, കപ്ലോൻ എഫ്.സി.സി.; *ചിറ്റാട്ടുകര വികാരി, കപ്ലോൻ എഫ്. സി. സി. ഒഴിവായി.*

007. **റവ. ഫാ. ചിറ്റിലപ്പിള്ളി ആന്റണി**: ചിറ്റാട്ടുകര വികാരി, കപ്ലോൻ എഫ്.സി.സി.; *മണ്ണുത്തി വികാരി, കപ്ലോൻ സി. എച്ച്. എഫ്., എസ്. ഡി. വി., എഫ്. എസ്. എസ്. ഇ. ഒഴിവായി.*

008. **റവ. ഫാ. കണ്ണമ്പുഴ ഡേവിസ്**: മണ്ണുത്തി വികാരി, കപ്ലോൻ സി.എച്ച്.എഫ്., എസ്.ഡി.വി., എഫ്.എസ്.എസ്.ഇ.; *കണ്ണംകുളങ്ങര വികാരി, കപ്ലോൻ സി.എസ്.സി. ഒഴിവായി.*

009. **റവ. ഫാ. തെക്കിനിയത്ത് ജിയോ**: കണ്ണംകുളങ്ങര വികാരി, കോർഡിനേറ്റർ ദീപിക, (ജോ. സെക്രട്ടറി & ട്രഷറർ അളഗപ്പനഗർ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി തുടരുന്നു), കപ്ലോൻ സി.എസ്.സി.; *ഡയറക്ടർ ആനിമേഷൻ സെന്റർ, വൈസ് ചെയർമാൻ ഗവേണിംഗ് കൗൺസിൽ ത്യാഗരാജാർ പോളിടെക്നിക്, അസി. ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ ഒഴിവായി.*

010. **റവ. ഫാ. എലുവത്തിങ്കൽ ജസ്റ്റിൻ**: ഡയറക്ടർ ആനിമേഷൻ സെന്റർ, വൈസ് ചെയർമാൻ ഗവേണിംഗ് കൗൺസിൽ ത്യാഗ രാജാർ പോളിടെക്നിക്, അസി. ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ; പുതുക്കാട് സഹായി. *തൃക്കൂർ വികാരി, കപ്ലോൻ എഫ്.സി.സി. ഒഴിവായി.*

011. **റവ. ഫാ. പുന്നോലിപറമ്പിൽ ബാസ്റ്റ്യൻ**: തൃക്കൂർ വികാരി കൂടി, കപ്ലോൻ എഫ്. സി. സി.; *തൈക്കാട്ടുശ്ശേരി വികാരി, കപ്ലോൻ സി. എസ്. സി., ആർ. ജി. എസ്., എസ്. ജെ. എസ്. എം. ഒഴിവായി.*

012. **റവ. ഫാ. പുല്ലോക്കാരൻ റാഫേൽ**: തൈക്കാട്ടുശ്ശേരി വികാരി, കപ്ലോൻ സി.എസ്.സി., ആർ.ജി.എസ്., എസ്.ജെ.എസ്.എം.; *കോളങ്ങാട്ടുകര വികാരി, കപ്ലോൻ സി.എസ്.എം. ഒഴിവായി.*

013. **റവ. ഫാ. ആലപ്പാട്ട് ഫ്രാൻസിസ്**: കോളങ്ങാട്ടുകര വികാരി, കപ്ലോൻ സി.എസ്.എം.; *ഡയറക്ടർ ഏങ്ങണ്ടിയൂർ എം.ഐ. ആശുപത്രി, മാനേജർ എം. ഐ. ബോയ്സ് ടൗൺ പ്രോപ്പർട്ടീസ്, കപ്ലോൻ എം. ഐ. എഫ്. സി. ഒഴിവായി.*

014. **റവ. ഫാ. പേരാമംഗലത്ത് പോൾ**: ഡയറക്ടർ ഏങ്ങണ്ടിയൂർ എം.ഐ. ആശുപത്രി കൂടി, കപ്ലോൻ ഉർസുലൈൻ; *കപ്ലോൻ എസ്. കെ. ഡി. & ഒ. എസ്. എഫ്. ഒഴിവായി.*

015. **റവ. ഫാ. മുണ്ടൻകുരിയൻ റെന്നി**: അസോസിയേറ്റ് ഡയറക്ടർ ഏങ്ങണ്ടിയൂർ എം.ഐ. ആശുപത്രി, മാനേജർ എം.ഐ. ബോയ്സ് ടൗൺ പ്രോപ്പർട്ടീസ്, പ്രീസ്റ്റ്–ഇൻ–ചാർജ്ജ് നാട്ടിക, കപ്ലോൻ

സെന്റ് വിൻസെന്റ് എഫ്.സി.സി.

016. **റവ. ഫാ. പുത്തൂർ സിജോ**: സ്പിരിച്ച്വൽ ഫാദർ ഏങ്ങണ്ടിയൂർ എം.ഐ. ആശുപത്രി, കപ്ലോൻ എം. ഐ. എഫ്.സി.സി; *ജൂബിലി മിഷനിലെ ഉത്തരവാദിത്വം ഒഴിവായി.*

017. **റവ. ഫാ. കൂത്തൂർ വർഗ്ഗീസ്**: കോർഡിനേറ്റർ ദീപിക ഒഴിവായി.

018. **റവ. ഫാ. ആലപ്പാട്ട് പോൾ**: കുമ്പസാരക്കാരൻ തൃശ്ശൂർ ബസിലിക്ക, കപ്ലോൻ സെന്റ് പോൾ സി.എസ്.എസ്., താമസം മാതാനികേതൻ; *കുമ്പളങ്ങാട് വികാരി ഒഴിവായി.*

019. **റവ. ഫാ. ആലപ്പാട്ട് ബിജു ജോസഫ്**: കുമ്പളങ്ങാട് വികാരി; *കുന്നംകുളം വികാരി, കപ്ലോൻ സി.എം.സി. ചിറളയം ഒഴിവായി.*

020. **റവ. ഫാ. പെരുമാട്ടിൽ ക്രിസ്റ്റോൺ**: കുന്നംകുളം വികാരി, കപ്ലോൻ സി.എം.സി. ചിറളയം, ആർത്താറ്റ് സ്കൂളിൽ പഠിപ്പിക്കാൻ അനുമതി; *ഒരുമനയൂർ വികാരി ഒഴിവായി.*

021. **റവ. ഫാ. ചിറമ്മൽ ഏബിൾ ദേവസ്സി**: ഒരുമനയൂർ വികാരി, ഏങ്ങണ്ടിയൂർ സ്കൂളിൽ പഠിപ്പിക്കാൻ അനുമതി; *പ്രോ–വികാരി കാരമുക്ക് നോർത്ത് ഒഴിവായി.*

022. **റവ. ഫാ. കീറ്റിക്ക ഫിനോഷ്**: പ്രോ–വികാരി കാരമുക്ക് നോർത്ത്.

023. **റവ. ഫാ. കടവി ജിയോ**: സീറോ മലബാർ സഭയുടെ കത്തോലിക്കാ കോൺഗ്രസ്സ് സംഘടനയിലും എറണാകുളം–അങ്കമാലി അതിരൂപതയിലും പ്രവർത്തനാനുമതി; *സാവിയോ ഹോം ഡയറക്ടർ, വെളുത്തൂർ വികാരി, കപ്ലോൻ വിമലനാഥ എഫ്.സി.സി. ഒഴിവായി.*

024. **റവ. ഫാ. കൊള്ളന്നൂർ ആന്റണി**: സാവിയോ ഹോം ഡയറക്ടർ & ജഡ്ജ് മെത്രാപ്പോലീത്തൻ കോടതി.

025. **റവ. ഫാ. തലക്കോട്ടൂർ ഫ്രാൻസിസ്:** വെളുത്തൂർ വികാരി, കപ്ലോൻ വിമലനാഥ എഫ്.സി.സി.; *കണ്ണാറ വികാരി, കപ്ലോൻ എഫ്. സി. സി. & ഗുഡ് ഷെപ്പേർഡ് ഒഴിവായി.*

026. **റവ. ഫാ. കുരിശ്ശേരി ഇട്ട്യേച്ചൻ:** കണ്ണാറ വികാരി, കപ്ലോൻ എഫ്.സി.സി. & ഗുഡ് ഷെപ്പേർഡ്; *മരിയാപുരം വികാരി, കപ്ലോൻ സി. എസ്. എം. ഒഴിവായി.*

027. **റവ. ഫാ. എടക്കുളത്തൂർ ജോർജ്ജ്**: മരിയാപുരം വികാരി, കപ്ലോൻ സി.എസ്.എം.; *തൃശ്ശൂർ ബസിലിക്ക വികാരി, ഫൊറോന വികാരി & റെക്ടർ അതിരൂപത നിത്യാരാധന കേന്ദ്രം ഒഴിവായി.*

028. **റവ. ഫാ. അമ്പൂക്കൻ ജോസഫ് (നോബി)**: തൃശ്ശൂർ ബസിലിക്ക വികാരി, ഫൊറോന വികാരി & റെക്ടർ അതിരൂപത നിത്യാരാധന കേന്ദ്രം; *കോട്ടപ്പടി വികാരി, കപ്ലോൻ സി.എം.സി. ഒഴിവായി.*

029. **റവ. ഫാ. മുത്തുപീടിക റാഫേൽ**: കോട്ടപ്പടി വികാരി, കപ്ലോൻ

സി.എം.സി.; *മച്ചാട് വികാരി, കപ്ലോൻ സി. എസ്. എസ്. ഒഴിവായി.*

030. **റവ. ഫാ. മാറോക്കി ജെയ്സൻ**: മച്ചാട് വികാരി, കപ്ലോൻ സി.എസ്.എസ്.; *പനമുക്ക് വികാരി, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.*

031. **റവ. ഫാ. വടുക്കൂട്ട് ജെയിംസ്**: പനമുക്ക് വികാരി, കപ്ലോൻ സി.എച്ച്.എഫ്.; *വികാരി & ഫൊറോന വികാരി കണ്ടശ്ശാംകടവ്, കപ്ലോൻ സി. എം. സി. ഒഴിവായി.*

032. **റവ. ഫാ. പിടിയത്ത് വിൽസൺ**: വികാരി & ഫൊറോന വികാരി കണ്ടശ്ശാംകടവ്, കപ്ലോൻ സി.എം.സി.; *കല്ലൂർ കിഴക്ക് വികാരി, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.*

033. **റവ. ഫാ. അന്തിക്കാട്ട് ജോസഫ്**: കല്ലൂർ കിഴക്ക് വികാരി, കപ്ലോൻ സി.എച്ച്.എഫ്.; *മരത്താക്കര വികാരി, കപ്ലോൻ എഫ്.സി.സി. & സി.പി.എസ്. ഒഴിവായി.*

034. **റവ. ഫാ. പുത്തൂർ സെബി**: മരത്താക്കര വികാരി, കപ്ലോൻ എഫ്.സി.സി. & സി.പി.എസ്.; *മണ്ണംപേട്ട വികാരി, കപ്ലോൻ സി.എസ്.എം. ഒഴിവായി.*

035. **റവ. ഫാ. എടക്കളത്തൂർ ജോസ്**: മണ്ണംപേട്ട വികാരി, കപ്ലോൻ സി.എസ്.എം.; *വികാരി മണലൂർ കിഴക്ക്, കപ്ലോൻ സി.എസ്.സി. ഒഴിവായി.*

036. **റവ. ഫാ. ഒലക്കേങ്കിൽ ജോൺസൻ:** വികാരി മണലൂർ കിഴക്ക്, കപ്ലോൻ സി.എസ്.സി.; *വരന്തരപ്പിള്ളി പള്ളിക്കുന്ന് വികാരി, കപ്ലോൻ എം.എസ്.എം.ഐ. & എസ്.ജി. ഒഴിവായി.*

037. **റവ. ഫാ. തത്രത്തിൽ ജോസ്**: വരന്തരപ്പിള്ളി പള്ളിക്കുന്ന് വികാരി, കപ്ലോൻ എം.എസ്.എം.ഐ. & എസ്.ജി.; *മണലൂർ പടിഞ്ഞാറ് വികാരി, കപ്ലോൻ സി. എം. സി. ഒഴിവായി.*

038. **റവ. ഫാ. കരിയാറ്റിൽ വർഗ്ഗീസ്**: മണലൂർ പടിഞ്ഞാറ് വികാരി, കപ്ലോൻ സി.എം.സി.; *പൊങ്ങണംകാട് വികാരി, കപ്ലോൻ എഫ്.എസ്.എസ്.ഇ. & സിസ്റ്റേഴ്സ് ഓഫ് മേഴ്സി ഒഴിവായി.*

039. **റവ. ഫാ. വാഴപ്പിള്ളി ഫ്രാൻസിസ് (Sr.)**: പൊങ്ങണംകാട് വികാരി, കപ്ലോൻ എഫ്.എസ്.എസ്.ഇ. & സിസ്റ്റേഴ്സ് ഓഫ് മേഴ്സി; *പുല്ലഴി വികാരി ഒഴിവായി.*

040. **റവ. ഫാ. താണിക്കൽ ലാസർ**: പുല്ലഴി വികാരി; *വെള്ളാറ്റഞ്ഞൂർ വികാരി, കപ്ലോൻ സി.എം.സി. & സി.പി.എസ്. ഒഴിവായി.*

041. **റവ. ഫാ. ചക്കാലക്കൽ ഡേവിസ്**: വെള്ളാറ്റഞ്ഞൂർ വികാരി, കപ്ലോൻ സി.എം.സി. & സി.പി.എസ്.; *അഞ്ഞൂർ വികാരി ഒഴിവായി.*

042. **റവ. ഫാ. വടക്കൻ ജോബ്**: അഞ്ഞൂർ വികാരി; *ചിറ്റിശ്ശേരി വികാരി, കപ്ലോൻ ക്ലേലിയ & സി.എസ്.സി. ഒഴിവായി.*

043. **റവ. ഫാ. ആലുക്ക ആന്റണി**: പെരിഞ്ചേരി വികാരി, കപ്ലോൻ

എഫ്.സി.സി.; *അരിമ്പൂർ വികാരി, കപ്ലോൻ എഫ്.സി.സി. ഒഴിവായി.*

044. **റവ. ഫാ. നീലങ്കാവിൽ പോളി**: അരിമ്പൂർ വികാരി, കപ്ലോൻ എഫ്.സി.സി.; *പറപ്പൂർ വികാരി & ഫൊറോന വികാരി, കപ്ലോൻ സി. എം. സി. & എ. സി. ഒഴിവായി.*

045. **റവ. ഫാ. അന്തിക്കാടൻ ജോൺസൻ**: പറപ്പൂർ വികാരി & ഫൊറോന വികാരി, കപ്ലോൻ സി.എം.സി. & എ.സി.; *പട്ടിക്കാട് വികാരി & ഫൊറോന വികാരി, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.*

046. **റവ. ഫാ. അയ്യങ്കാനയിൽ ജോൺ**: പട്ടിക്കാട് വികാരി & ഫൊറോന വികാരി, കപ്ലോൻ സി.എച്ച്.എഫ്.; *മാനേജർ കുരിയച്ചിറ സെന്റ് ജോസഫ് സ്കൂൾ ഒഴിവായി.*

047. **റവ. ഫാ. കാക്കശ്ശേരി തോമസ്**: മാനേജർ കുരിയച്ചിറ സെന്റ് ജോസഫ് സ്കൂൾ കൂടി.

048. **റവ. ഫാ. നന്തിക്കര ഇഗ്നേഷ്യസ് (ബിജു):** അഡ്മിനിസ്ട്രേറ്റർ സെന്റ് ജോസഫ് സ്കൂൾ, താമസം സെന്റ് ജോസഫ് സ്കൂൾ; *പൂങ്കുന്നം വികാരി, കപ്ലോൻ സി.എസ്.സി. ഒഴിവായി.*

049. **റവ. ഫാ. ചിരിയങ്കണ്ടത്ത് ലിജോ**: പൂങ്കുന്നം വികാരി, കപ്ലോൻ സി.എസ്.സി. കൂടി; *അടാട്ട് വികാരി, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.*

050. **റവ. ഫാ. പുത്തൂർ ജോബി**: അടാട്ട് വികാരി, കപ്ലോൻ സി.എച്ച്. എഫ്. കൂടി; *കരുമത്ര വികാരി, കപ്ലോൻ എസ്.എൽ.എം.ഐ. ഒഴിവായി.*

051. **റവ. ഫാ. കാക്കശ്ശേരി ബെസ്റ്റിൻ:** കരുമത്ര വികാരി, കപ്ലോൻ എസ്.എൽ.എം.ഐ.; *ചുവന്നമണ്ണ് വികാരി, കപ്ലോൻ എഫ്.സി.സി. ഒഴിവായി.*

052. **റവ. ഫാ. ചൂണ്ടൽ ജിന്റോ**: ചുവന്നമണ്ണ് വികാരി, കപ്ലോൻ എഫ്.സി.സി.; *കോട്ടപ്പടി സഹവികാരി ഒഴിവായി.*

053. **റവ. ഫാ. ചെമ്മണ്ണൂർ ജോൺ പോൾ:** അസി. അഡ്മിനിസ്ട്രേറ്റർ കുരിയച്ചിറ സെന്റ് ജോസഫ് സ്കൂൾ കൂടി.

054. **റവ. ഫാ. തെക്കേക്കര ജോസ് (Jr.)**: വെണ്ടോർ വികാരി, കപ്ലോൻ എഫ്. സി. സി.; *ഒല്ലൂർ മേരിമാത വികാരി, കപ്ലോൻ സി. എം. സി., റെക്ടർ വി. എവുപ്രാസ്യാ തീർത്ഥകേന്ദ്രം ഒഴിവായി.*

055. **റവ. ഫാ. പുലിക്കോട്ടിൽ ഡേവിസ്**: ഒല്ലൂർ മേരിമാത വികാരി, കപ്ലോൻ സി.എം.സി., റെക്ടർ വി. എവുപ്രാസ്യാ തീർത്ഥകേന്ദ്രം; *വെണ്ടോർ വികാരി, കപ്ലോൻ എഫ്.സി.സി. ഒഴിവായി.*

056. **റവ. ഫാ. തേർമഠം ജോർജ്ജ്**: ബധിര–മൂക പ്രോജക്ട് ഓഫീസർ, താമസം ക്രൈസ്റ്റ് വില്ല; *അന്തിക്കാട് വികാരി, കപ്ലോൻ ഹോളി ക്രോസ്സ് ഒഴിവായി.*

057. **റവ. ഫാ. കിടങ്ങൻ ബെന്നി**: അന്തിക്കാട് വികാരി, കപ്ലോൻ ഹോളി ക്രോസ്സ്; *പൊറത്തൂർ വികാരി, കപ്ലോൻ എഫ്.സി.സി. ഒഴിവായി.*

058. **റവ. ഫാ. പുത്തിരി ഫ്രാങ്കോ**: പൊറത്തൂർ വികാരി, കപ്ലോൻ എഫ്.സി.സി.; *മഞ്ഞക്കുന്ന് വികാരി, കപ്ലോൻ ഉർസുലൈൻ ഒഴിവായി.*

059. **റവ. ഫാ. കൊള്ളന്നൂർ റോയ്സൺ**: മഞ്ഞക്കുന്ന് വികാരി, കപ്ലോൻ ഉർസുലൈൻ കൂടി; *സഹായമെത്രാന്റെ സെക്രട്ടറി, കൂരിയ നോട്ടറി, ഡയറക്ടർ ചിൽഡ്രൻസ് മിനിസ്ട്രി, അസി. ഡയറക്ടർ ഡി.ബി.സി.എൽ.സി. & കപ്ലോൻ സി.എം.സി. കൃപാതീർത്ഥം, ദീപികയുടെ ഉത്തരവാദിതം എന്നിവ ഒഴിവായി.*

060. **റവ. ഫാ. നെറ്റിക്കാടൻ ഡേവിഡ്**: അസി. വാർഡൻ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ചെറുതുരുത്തി വികാരി; കിള്ളിമംഗലം നടത്തുവികാരി ഒഴിവായി.

061. **റവ. ഫാ. ചിറമ്മൽ ചാക്കോ**: കിള്ളിമംഗലം വികാരി, താമസം കിള്ളിമംഗലം; മണലാടി വികാരി, കപ്ലോൻ എഫ്.സി.സി. ഒഴിവായി.

062. **റവ. ഫാ. ഊക്കൻ ജോൺസൻ**: മണലാടി വികാരി, കപ്ലോൻ എഫ്.സി.സി.; ആറ്റത്ര വികാരി ഒഴിവായി.

063. **റവ. ഫാ. പുലിക്കോട്ടിൽ ജോസ്:** ആറ്റത്ര വികാരി; ഗുരുവായൂർ വികാരി, കപ്ലോൻ ക്ലേലിയ ഒഴിവായി.

064. **റവ. ഫാ. ചിറയത്ത് ഷാജു**: ഗുരുവായൂർ വികാരി, കപ്ലോൻ ക്ലേലിയ; ചാഴൂർ വികാരി ഒഴിവായി.

065. **റവ. ഫാ. വടക്കൻ സാജൻ**: ചാഴൂർ വികാരി; വാക & കണ്ടാണശ്ശേരി വികാരി, കപ്ലോൻ സി.പി.എസ്. ഒഴിവായി.

066. **റവ. ഫാ. കുളങ്ങര പ്രിന്റോ**: വാക & കണ്ടാണശ്ശേരി വികാരി, കപ്ലോൻ സി.പി.എസ്.; പതിയാരം വികാരി ഒഴിവായി.

067. **റവ. ഫാ. ചിറ്റിലപ്പിള്ളി ജിന്റോ**: പതിയാരം വികാരി; പാറന്നൂർ വികാരി, ചിറനെല്ലൂർ പ്രോ–വികാരി, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.

068. **റവ. ഫാ. തളിയത്ത് നിബിൻ**: പാറന്നൂർ വികാരി, ചിറനെല്ലൂർ പ്രോ–വികാരി, കപ്ലോൻ സി. എച്ച്. എഫ്.; പഴയന്നൂർ വികാരി, കപ്ലോൻ സി.എസ്.എം. ഒഴിവായി.

069. **റവ. ഫാ. മേച്ചേരിപ്പടി ആന്റണി**: പഴയന്നൂർ വികാരി, കപ്ലോൻ സി.എസ്.എം.; വെങ്ങിണിശ്ശേരി വികാരി, കപ്ലോൻ എഫ്.സി.സി. ഒഴിവായി.

070. **റവ. ഫാ. മുണ്ടോപുറം ഡെയ്സൻ**: വെങ്ങിണിശ്ശേരി വികാരി, കപ്ലോൻ എഫ്.സി.സി.; അമലനഗർ വികാരി ഒഴിവായി.

071. **റവ. ഫാ. ചിരിയങ്കണ്ടത്ത് ഷിജോ**: അമലനഗർ വികാരി, ഡിഫന്റർ

ഓഫ് ബോണ്ട് മെത്രാപ്പോലീത്തൻ കോടതി.

072. **റവ. ഫാ. ആലുക്കൽ ടോളസ്** SDV: കാവീട് വികാരി ഒഴിവായി.

073. **റവ. ഫാ. ചിരിയങ്കണ്ടത്ത് ജോജു**: കാവീട് വികാരി; ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ട്രിച്ചൂർ എജുക്കേഷണൽ ട്രസ്റ്റ് എന്നിവയുടെ ഉത്തരവാദിത്വം, ചെറുതുരുത്തി വികാരി ഒഴിവായി.

074. **റവ. ഫാ. പടയാട്ടിൽ ജോബ്**: ചിറ്റിശ്ശേരി വികാരി, കപ്ലോൻ ക്ലേലിയ & സി.എസ്.സി. കൂടി; പോന്നോർ വികാരി, കപ്ലോൻ സി.എസ്.സി. ഒഴിവായി.

075. **റവ. ഫാ. ചിറ്റാട്ടുകര സെബി**: പോന്നോർ വികാരി, കപ്ലോൻ സി. എസ്. സി.; പെരിഞ്ചേരി വികാരി, കപ്ലോൻ എഫ്.സി.സി. ഒഴിവായി.

076. **റവ. ഫാ. ആലപ്പാടൻ ഫിജോ**: ഡയറക്ടർ കലാസദൻ കോംപ്ലക്സ് കൂടി, താമസം കലാസദൻ കോംപ്ലക്സ് മഡോണ നഗർ, ചൂലിശ്ശേരി പ്രോ–വികാരി, കപ്ലോൻ സി.എച്ച്.എഫ്. മറിയം ത്രേസ്യ നിലയം; മാന്ദാമംഗലം നടത്തുവികാരി ഒഴിവായി.

077. **റവ. ഫാ. എടക്കളത്തൂർ തോമസ്:** മാന്ദാമംഗലം വികാരി; എരവിമംഗലം വികാരി ഒഴിവായി.

078. **റവ. ഫാ. കീഴൂരുമുട്ടിക്കൽ മനോജ്**: എരവിമംഗലം വികാരി കൂടി; പുത്തൂർ സഹവികാരി ഒഴിവായി.

079. **റവ. ഫാ. വള്ളൂപ്പാറ ജീജോ**: ചൂലിശ്ശേരി പ്രോ–വികാരി ഒഴിവായി.

080. **റവ. ഫാ. ചിറയത്ത് ജോഫി**: ഷംഷാബാദ് രൂപതയിൽ സേവനം; വെളപ്പായ വികാരി ഒഴിവായി.

081. **റവ. ഫാ. വൈക്കാടൻ ജോസഫ്**: വെളപ്പായ വികാരി; അസോസിയേറ്റ് ഡയറക്ടർ ക്രിസ്റ്റീന ഹോം, കൊഴിഞ്ഞാമ്പാറ എസ്റ്റേറ്റിലെ ഉത്തരവാദിത്വം എന്നിവ ഒഴിവായി.

082. **റവ. ഫാ. തടത്തിൽ ജസ്റ്റിൻ**: അസോസിയേറ്റ് ഡയറക്ടർ ക്രിസ്റ്റീന ഹോം, കൊഴിഞ്ഞാമ്പാറ എസ്റ്റേറ്റിലെ ഉത്തരവാദിത്വം, താമസം രാമനാഥപുരം മൈനർ സെമിനാരി; തൃപ്രയാർ (താന്ന്യം) വികാരി ഒഴിവായി.

083. **റവ. ഫാ. അരിക്കാട്ട് സിജോ**: തൃപ്രയാർ (താന്ന്യം) വികാരി കൂടി.

084. **റവ. ഫാ. കോമ്പാറ ജോർജ്ജ്**: ഷംഷാബാദ് രൂപതയിൽ സേവനം; സിഞ്ചെല്ലൂസ്, കപ്ലോൻ ഉർസുലൈൻ, ബലിയർപ്പണം പടവരാട് എഫ്. സി. സി. എന്നിവ ഒഴിവായി.

085. **റവ. ഫാ. തൊറയൻ സിന്റോ**: ഡയറക്ടർ സ്ലം സർവ്വീസ്, അസി. ഡയറക്ടർ സോഷ്യൽ ആക്ഷൻ കൂടി.

086. **റവ. ഫാ. പേരൂട്ടിൽ സെബാസ്റ്റ്യൻ**: റിട്ടയർമെന്റ്

087. **റവ. ഫാ. പാവറട്ടിക്കാരൻ ജോൺ**: ഐ.ടി. സെൽ സോഫ്റ്റ്വെയർ ഡവലപ്പ്മെന്റ് ഓഫീസർ ജ്യോതി

എഞ്ചിനീയറിംഗ് കോളേജ്; മാടക്കത്ര വികാരി ഒഴിവായി.

088. **റവ. ഫാ. നിരപ്പുകാലയിൽ ജോർജ്ജ് തോമസ്**: മാടക്കത്ര വികാരി കൂടി.

089. **റവ. ഫാ. കാഞ്ഞിരത്തിങ്കൽ പ്രിൻസൺ**: നോട്ടറി മെത്രാപ്പോലീത്തൻ കോടതി കൂടി.

090. **റവ. ഫാ. ഒലക്കേങ്കിൽ ഡിജോ**: പാക്ട് ഉത്തരവാദിത്വങ്ങൾ ഒഴിവായി.

091. **റവ. ഫാ. മുരിങ്ങാത്തേരി ജോമോൻ**: അസി. മാനേജർ കാച്ചേരി അതിരൂപത എസ്റ്റേറ്റ് ഒഴിവായി.

092. **റവ. ഫാ. എടക്കളത്തൂർ വർഗ്ഗീസ്**: അസി. മാനേജർ കാച്ചേരി അതിരൂപത എസ്റ്റേറ്റ് കൂടി.

093. **റവ. ഫാ. ആക്കാമറ്റത്തിൽ ഷോൺസൻ**: ഒല്ലൂർ ഹോളി ഏയ്ഞ്ചൽസ് സ്കൂളിൽ പഠിപ്പിക്കാൻ അനുമതി.

094. **റവ. ഫാ. അറങ്ങാശ്ശേരി സനോജ്**: തണ്ടിലം വികാരി.

095. **റവ. ഫാ. ചിരിയങ്കണ്ടത്ത് ജിൻസൻ**: പൂത്തറക്കൽ വികാരി.

096. **റവ. ഫാ. എലുവത്തിങ്കൽ ആന്റോസ്**: ചെമ്മണ്ണൂർ വികാരി.

097. **റവ. ഫാ. കൂത്തൂർ ഫെബിൻ**: കടങ്ങോട് വികാരി.

098. **റവ. ഫാ. നെല്ലിക്കൽ അനീഷ്**: ചൊവ്വന്നൂർ വികാരി

099. **റവ. ഫാ. കുണ്ടുകുളം സ്റ്റിഷിൻ**: കല്ലോൻ സി.എസ്.എം. ഹോളിസ്പിരിറ്റ് & സ്നേഹഭവൻ കൂടി; സി.എച്ച്.എഫ്. മറിയം ത്രേസ്യ നിലയം ഒഴിവായി.

100. **റവ. ഫാ. ഏലന്താനത്ത് നൈസൻ**: കല്ലോൻ സി.എസ്.എം. ഹോളിസ്പിരിറ്റ് & സ്നേഹഭവൻ ഒഴിവായി.

101. **റവ. ഫാ. മുള്ളക്കര ടിജോ**: കല്ലോൻ ഒ. എസ്. എഫ്. ശാന്തിഭവൻ കൂടി; സെന്റ് പോൾസ് കുരിയച്ചിറ ഒഴിവായി.

102. **റവ. ഫാ. കാഞ്ഞിരത്തിങ്കൽ സെബി**: കല്ലോൻ സെന്റ് പോൾസ് കുരിയച്ചിറ; എസ്.എച്ച്.സി.എം.സി. ഒഴിവായി.

103. **റവ. ഫാ. വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ റിജോ**: കല്ലോൻ എസ്.എച്ച്.സി.എം.സി. കൂടി; സി.എസ്.എസ്. സെന്റ് പോൾ (ലേഡി സെന്റർ) ഒഴിവായി.

104. **റവ. ഫാ. കാവുങ്കൽ ഡേവിസ് MST**: കല്ലോൻ എസ്.എൻ. ഡി.എസ്. നോവിഷ്യറ്റ് ഹൗസ് കൂടി; സി.എസ്.എം. കൂട്ടാല ഒഴിവായി.

105. **റവ. ഫാ. വാഴപ്പിള്ളി ബിൽജു**: പറോക്ക് റിസർച്ച് കോർഡിനേറ്റർ കൂടി; കല്ലോൻ എസ്.എൻ.ഡി.എസ്. നോവിഷ്യറ്റ് ഹൗസ് ഒഴിവായി.

106. **റവ. ഫാ. ഞാഞ്ഞിലത്ത് ബിജു OSH**: കല്ലോൻ സി.എസ്.എം. കൂട്ടാല കൂടി; മുളയം എസ്. എം. സി. ഒഴിവായി.

107. **റവ. ഫാ. നടക്കവെളിയിൽ ചാക്കോ** : കപ്ലോൻ മുളയം എസ്.എം.സി. കൂടി.

**അസിസ്റ്റന്റുമാർ**

108. **റവ. ഫാ. തെക്കത്ത് ഫ്രാൻസോ**: മെത്രാപ്പോലീത്തയുടെ സെക്രട്ടറി, കൂരിയ നോട്ടറി, ബലിയർപ്പണം പി.സി. തോമസ് ട്യൂഷൻ സെന്റർ; തലോർ ഒഴിവായി.
109. **റവ. ഫാ. മുരിങ്ങാത്തേരി ഗ്രിജോ**: തലോർ സഹവികാരി.
110. **റവ. ഫാ. ചിരിയങ്കണ്ടത്ത് ജിയോ**: രാമനാഥപുരം രൂപതയിൽ സേവനാനുമതി; ഒല്ലൂർ ഒഴിവായി.
111. **റവ. ഫാ. കൈപ്പുള്ളിപറമ്പൻ ബെന്നി**: ഒല്ലൂർ സഹവികാരി I; എറവ് ഒഴിവായി.
112. **റവ. ഫാ. വാഴപ്പിള്ളി ജിബി**: എറവ് സഹവികാരി; മരിയാപുരം, അസി. ഡയറക്ടർ കെ.സി.വൈ.എം. ഒഴിവായി.
113. **റവ. ഫാ. തൈക്കാട്ടിൽ സഞ്ജയ്**: മരിയാപുരം സഹവികാരി, കൂരിയ നോട്ടറി; അസി. ഡയറക്ടർ എം.ഐ. ആശുപത്രി, പ്രീസ്റ്റ്–ഇൻ–ചാർജ്ജ് നാട്ടിക ഒഴിവായി.
114. **റവ. ഫാ. ചിറമ്മൽ ക്രിസ്റ്റീൻ**: പേരാമംഗലം സഹവികാരി കൂടി; ഒല്ലൂർ ഒഴിവായി.
115. **റവ. ഫാ. ഊന്നുകല്ലിൽ അഗസ്റ്റിൻ (അബി)** VC: ഒല്ലൂർ സഹവികാരി II.
116. **റവ. ഫാ. പൂഴിക്കുന്നേൽ ജസ്റ്റിൻ**: സഹായമെത്രാന്റെ സെക്രട്ടറി, കൂരിയ നോട്ടറി, ഡയറക്ടർ ചിൽഡ്രൻസ് മിനിസ്ട്രി, അസി. ഡയറക്ടർ ഡി.ബി.സി.എൽ.സി. & കപ്ലോൻ സി.എം.സി. കൃപാതീർത്ഥം; വേലൂപ്പാടം ഒഴിവായി.
117. **റവ. ഫാ. താണിക്കൽ അനുവിൻ**: വേലൂപ്പാടം സഹവികാരി.
118. **റവ. ഫാ. കല്ലറക്കൽ പ്രതീഷ്**: പുത്തൂർ കൂടി.
119. **റവ. ഫാ. മോനാച്ചേരി ആന്റണി**: നടത്തറ സഹവികാരി; നെല്ലിക്കുന്ന് ഒഴിവായി.
120. **റവ. ഫാ. ചക്കാലക്കൽ സീജൻ:** നെല്ലിക്കുന്ന് സഹവികാരി; അരണാട്ടുകര ഒഴിവായി
121. **റവ. ഫാ. ഒലക്കേങ്കിൽ ഡൺസ്റ്റൺ** : അരണാട്ടുകര സഹവികാരി; കൊട്ടേക്കാട് ഒഴിവായി.
122. **റവ. ഫാ. ചമ്പന്നൂക്കാരൻ റോബിൻ** ISch: കൊട്ടേക്കാട് സഹവികാരി.
123. **റവ. ഫാ. പുത്തൂർ സാജൻ** ISch: കല്ലൂർ കിഴക്ക് ഒഴിവായി.
124. **റവ. ഫാ. തേക്കാനത്ത് ജസ്റ്റിൻ:** കല്ലൂർ കിഴക്ക് സഹവികാരി; പാലയൂർ ഒഴിവായി.

125. **റവ. ഫാ. പൊന്തേക്കൻ സിന്റോ**: പാലയൂർ സഹവികാരി; വേലൂർ ഒഴിവായി.
126. **റവ. ഫാ. കുറ്റിക്കാട്ട് ജിന്റോ**: വേലൂർ സഹവികാരി; പുതുക്കാട് ഒഴിവായി.
127. **റവ. ഫാ. മാപ്രാണത്തുക്കാരൻ പ്രദീപ്:** പുതുക്കാട് സഹവികാരി; പഴുവിൽ ഒഴിവായി.
128. **റവ. ഫാ. ഓലപ്പുരയ്ക്കൽ റിഞ്ചോ**: പഴുവിൽ സഹവികാരി; തൃശ്ശൂർ ബസിലിക്ക ഒഴിവായി.
129. **റവ. ഫാ. ചെറടായി ജിയോ**: തൃശ്ശൂർ ബസിലിക്ക സഹവികാരി II; പാവറട്ടി ഒഴിവായി.
130. **റവ. ഫാ. പുളിക്കൻ സിജു**: പാവറട്ടി സഹവികാരി I; കണ്ടശ്ശാംകടവ് ഒഴിവായി.
131. **റവ. ഫാ. ചിറ്റിലപ്പിള്ളി ഷെൽറ്റൺ**: കണ്ടശ്ശാംകടവ് സഹവികാരി; മുണ്ടൂർ ഒഴിവായി.
132. **റവ. ഫാ. പുത്തൂർ ലിയോ**: മുണ്ടൂർ സഹവികാരി.
133. **റവ. ഫാ. പായിക്കാട്ട് സോബിൻ**: മണ്ണുത്തി സഹവികാരി; ഒളരിക്കര ഒഴിവായി.
134. **റവ. ഫാ. കുറ്റിക്കാട്ട് ജിസോ:** ഒളരിക്കര സഹവികാരി, മെത്രാപ്പോലീത്തൻ കോടതി നോട്ടറി.
135. **റവ. ഫാ. ചിറയത്ത് ജീൻ**: വെണ്ടോർ സഹവികാരി.
136. **റവ. ഫാ. പൊന്തേക്കൻ ജോമോൻ**: തൃശ്ശൂർ ലൂർദ്ദ് സഹവികാരി II; ചിറ്റാട്ടുകര ഒഴിവായി.
137. **റവ. ഫാ. കൊളമ്പ്രത്ത് ഡിക്സൺ**: ചിറ്റാട്ടുകര സഹവികാരി.
138. **റവ. ഫാ. മൂഞ്ഞേലി വിനോദ്**: ഒല്ലൂർ മേരിമാത ഒഴിവായി.
139. **റവ. ഫാ. മണ്ടുംപാൽ ടൈസൻ**: ഒല്ലൂർ മേരിമാത സഹവികാരി കൂടി; മെത്രാപ്പോലീത്തയുടെ സെക്രട്ടറി, കൂരിയ നോട്ടറി, ബലിയർപ്പണം പി. സി. തോമസ് ട്യൂഷൻ സെന്റർ ഒഴിവായി.
140. **റവ. ഫാ. ചൂണ്ടൽ ജെറിൻ** ISch: തിരൂർ ഒഴിവായി.
141. **റവ. ഫാ. കിഴക്കേകണ്ണൻചിറ ഫ്രിന്റോ**: തിരൂർ സഹവികാരി.
142. **റവ. ഫാ. തൂങ്കുഴിയിൽ ജോബിൻ** TOR: മുല്ലശ്ശേരി സഹവികാരി.
143. **റവ. ഫാ. കാട്ടിലപീടിക ഡിയോൺസ്** OFM.Cap.: പടവരാട്

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ & പ്രോട്ടോ-സിഞ്ചെല്ലൂസ

# മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മാർച്ച് മാസത്തെ പരിപാടികൾ

## MARCH 2019

| Date | Day | Time | Description |
|---|---|---|---|
| 01 | Fri | | Platinum Jubilee Conclusion Holy Mass at Marathakkara FCC; Curia Meeting |
| 02 | Sat | Morning | Mass & Blessing of House at Machad |
| | | Evening | Alter Blessing at Pallissery CSC Convent |
| 03 | Sun | Morning | Edapal Church Blessing |
| 04 | Mon | Morning | Ash Monday Celebrations at Lourde Cathedral |
| 05 | Tue | Morning | Holy Mass at Minor Seminary, Curia Meeting, Monthly Recollection for Priests |
| 06 | Wed | Morning | Holy Mass at Kozhukkully, Meeting with Assi. Vicars |
| 07 | Thu | Morning | Meeting with Forane Vicars |
| 08 | Fri | Morning | Curia Meeting, **For the People** |
| 09 | Sat | Morning | Holy Mass at Marymatha |
| 10 | Sun | | Pastoral Visit - Chirackal |
| 11 | Mon | Morning | **For Priests and Religious** |
| | | Evening | JMMC Trust Meeting |
| 12 | Tue | Morning | Curia Meeting |
| | | Evening | Bishop's Monthly Recollection at Palghat |

| | | | |
|---|---|---|---|
| 13 | Wed | | Bishop's Monthly Recollection |
| 14 | Thu | Morning | Office Work |
| | | Evening | Presbyteral Council |
| 15 | Fri | Morning | Curia Meeting, Varandharappilly |
| | | | Palliative Care Unit Visit |
| 16 | Sat | Morning | Holy Mass & Blessing of Houses at Vettukadu |
| | | Afternoon | Pact General Body Meeting |
| 17 | Sun | | Pastoral Visit - Pathramangalam |
| 18 | Mon | | Live & Learn Programme at Marymatha |
| 19 | Tue | | Curia Meeting, Live & Learn |
| | | | Programme at Marymatha |
| 20 | Wed | | Live & Learn Programme at Marymatha |
| 21 | Thu | Morning | Consulters Meeting |
| 22 | Fri | Morning | Curia Meeting, **For Priests & Religious** |
| 23 | Sat | | Province Joint Pastoral & Presbyteral Council |
| 24 | Sun | | Pastoral Visit - Valappad |
| 25 | Mon | | Live & Learn Programme at Marymatha |
| 26 | Tue | Morning | Curia Meeting, Live & Learn Programme |
| | | Evening | Holy Mass at Gurukulam |
| 27 | Wed | Morning | Live & Learn Programme at Marymatha |
| | | Evening | Lourde Convention Inauguration |
| 28 | Thu | Morning | **For the People** |
| | | Afternoon | Minor Orders |
| 29 | Fri | Morning | Curia meeting |
| | | Evening | Palayoor Convention Inauguration |
| 30 | Sat | | Office Work |
| 31 | Sun | Morning | Mundur Church Blessing |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മാർച്ച് മാസത്തെ പരിപാടികൾ

# MARCH 2019

| Date | DAY | TIME | DESCRIPTION |
|---|---|---|---|
| 1 | Fri | Morning | Curia Meeting, Visitors' Time |
| | | Evening | Vimala College - Farewell |
| | | | Malayattoor - 1st Death Anniversary - Fr. Xavier Thelakkatt |
| 2. | Sat | Morning | St. Thomas College – Research Scholars Meet |
| | | Evening | Engaged |
| 3. | Sun | Morning | Mundathicode – H. Mass |
| | | Evening | Chelakkara– *Kurishadi* Blessing |
| | | | Thalakkotukara - Centinary of Parish Inauguration |
| 4. | Mon | Morning | Basilica –Ash Monday Mass |
| | | Evening | Engaged |
| 5. | Tue | Morning | Curia Meeting, St Thomas College Award Day, Priests' Monthly Recollection |
| | | Evening | Engaged |
| 6. | Wed | | Assistant Vicars' Meeting |
| 7 | Thu | Morning | Minor Seminary – Mass, ForaneVicars' Meeting |
| | | Afternoon | Marymatha Major Seminary - Formators' Meeting For Priests and Religious |
| 8 | Fri | Morning | Amballur – Mass, Curia Meeting |
| | | Evening | Mary Matha Major Seminary – Exam |
| 9 | Sat | Morning | Kuriachira - State Orphanage Association Meeting |
| | | Evening | Nellankara Pastoral Visit |
| 10 | Sun | | Engaged |
| 11 | Mon | Morning | Nellankara Pastoral Visit |
| | | Evening | Catholicasabha - Editorial Meeting |

| | | | |
|---|---|---|---|
| 12 | Tue | Morning | Curia Meeting |
| | | Evening | Bishop's Monthly Recollection |
| 13 | Wed | | Bishop's Monthly Recollection |
| 14 | Thu | Morning | For Priests and Religious |
| | | Afternoon | Priests' Senate |
| 15 | Fri | Morning | Curia Meeting |
| | | Evening | Visitors' time |
| 16 | Sat | Afternoon | Archdiocesan PACT |
| | | Evening | Catholicasabha- Executive Meeting |
| 17 | Sun | Morning | Manakody – Mass and Parish Hall *Kallidal,* |
| | | Noon | Family Apostolate – Ongoing Formation for Couples |
| | | Evening | Velur Arnos Pathirir Anusmaranam |
| 18 | Mon | | Live &Learn |
| 19 | Tue | | Curia Meeting, Live &Learn |
| 20 | Wed | | Live &Learn |
| 21 | Thu | Morning | Consulters' Meeting |
| | | Evening | Retreat Priests' Gathering - Abba Renewal Centre |
| 22 | Fri | Morning | Curia Meeting |
| | | Afternoon | St. Thomas College – Governing Body Meeting |
| 23 | Sat | | Provincial Conference of Pastoral Council |
| 24 | Sun | Morning | Manalur East - H. Mass |
| | | | Olarikkara – World CLC Day Inauguration |
| | | Evening | Engaged |
| 25 | Mon | | Live & Learn |
| 26 | Tue | | Curia Meeting, Live & Learn |
| 27 | Wed | | Live & Learn |
| | | Evening | Puthur Forane Level Convention Inauguration |
| 28 | Thu | Morning | St Thomas College Staff Meeting |
| | | Evening | Engaged |
| 29 | Fri | Morning | Curia Meeting |
| | | Evening | Visitors' time |
| 30 | Sat | | Engaged |
| 31 | Sun | Morning | Enammavu – Mass: DarsanaSabha |
| | | Afternoon | *Palokkaran Kudumbakoottayma* |
| | | Evening | Lourde - Convention Conculding |



# നാളാഗമം

## ജനുവരി 2019

1. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ ഇടവകയിലെ 2019ലെ ആദ്യ വിശുദ്ധബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ആർച്ച്ബിഷപ്പ്സ് ഹൗസിലെ പാക്ട് ഓഫീസ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുത്തൻപീടിക ഇടവക ദൈവാലയത്തിൽ തിരുനാൾ വി.ബലിയർപ്പിച്ചു. ഉച്ചക്ക് ജില്ലാശുപത്രിയിൽ പുതുവർഷത്തിന്റെ ഭാഗമായി ഉച്ചഭക്ഷണം വിതരണത്തിൽ സാന്നിദ്ധ്യം അറിയിച്ചു. ഉച്ചകഴിഞ്ഞ് ആർച്ച് ബിഷപ്പ്സ് ഹൗസിൽ പറോക്ക് ഓഫീസ് വെഞ്ചിരിപ്പിൽ പങ്കെടുത്തു.
2. അഭിവന്ദ്യ താഴത്ത് പിതാവ് ഭരത ഇടവകയിൽ വി. ബലിയർപ്പിച്ചു. മാന്ദാമംഗലം ഇടവകയിൽ പ്രളയ ദുരിതത്തിൽപ്പെട്ടവർക്കായുള്ള 3 വീടുകൾക്ക് തറകല്ലിട്ടു. ഉച്ചതിരിഞ്ഞ് കത്തോലിക്കാ കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മറ്റി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണ്ണുത്തി ഹോളി ഫാമിലി ജനറലേറ്റിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് മുണ്ടൂർ ഇടവക ദൈവാലയത്തിൽ ബഹു. ഷാജു

കൊച്ചുപുരക്കലച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

3. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അരണാട്ടുകര ഇടവകയിൽ ഡീ. സനീഷ് പോൾ പെരിഞ്ചേരിയുടെ തിരുപ്പട്ട ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. വൈകിട്ട് മുണ്ടൂർ ഇടവകയിൽ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ജോയ് എടക്കളത്തൂരച്ചനും സിൽവർ ജൂബിലിയാഘോഷിക്കുന്ന ഷാജി കൊച്ചുപുരയ്ക്കലച്ചനും നവവൈദികർക്കും ആശംസകളർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ സെമിനാർ ഉദ്ഘാടനം നിർവ്വഹിച്ചു.

4. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ദീപിക ദിനപത്രവും ടീച്ചേഴ്സ് ഗിൽഡും ചേർന്ന് ഈ വർഷം പത്താം ക്ലാസ്സ് പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കായി ഒരുക്കിയ ഏകദിന സെമിനാർ Excellentia 2019 ഡി.ബി.സി.എൽ.സി.യിൽ ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് ഗുരുവായൂർ എൽ.എഫ്. ഹയർ സെക്കന്ററി സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുക്കുകയും വിരമിക്കുന്ന പ്രിൻസിപ്പൽ സി. ഫോൺസി മരിയയ്ക്കും മറ്റും ആശംസകളർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹ ഒരുക്ക ക്ലാസിൽ പങ്കെടുക്കുന്നവർക്കുവേണ്ടി വി. ബലിയർപ്പിച്ചു. ജൂബിലി മിഷൻ ഹോസ്പിറ്റലിൽ Lamp Lighting Ceremony ഉദ്ഘാടനം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് അമ്മാടം സെന്റ്. ആന്റണീസ് സ്ക്കൂളിൽ റിട്ടയർമെന്റ് പരിപാടിയിൽ പങ്കെടുത്തു.

5. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കൂട്ടാല ഇടവകയിൽ കല്ലേലി ഷിബു–ഷർമിള ദമ്പതികളുടെ ആറാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ നെല്ലിക്കുന്ന് ഇടവക ദൈവാലയത്തിൽ തിരുനാളിന്റെ ഭാഗമായി വി.ബലിയർപ്പിച്ചു. അതിരൂപത വൈദിക സമിതി യോഗത്തിൽ പങ്കെടുത്തു. നെല്ലങ്കര ഇടവക ദൈവാലയത്തിൽ ബഹു. സി. ഫ്രാൻസെസിന്റെ ജൂബിലി ആഘോഷത്തിൽ വി.ബലിയർപ്പിച്ചു. സെന്റ് തോമസ് സ്ക്കൂളിൽ റിട്ടയർമെന്റ് പരിപാടിയിൽ പങ്കെടുത്തു. ഉച്ചക്ക് സെന്റ് തോമസ് കോളേജിൽ അന്തർദേശിയ സെമിനാർ ഉദ്ഘാടനം നിർവ്വഹിച്ചു. സെന്റ് തോമസ് കോളേജ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ അദ്ധ്യക്ഷനായി.

6. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഒല്ലൂർ മേരിമാത പള്ളിയുടെ പത്താം വാർഷിക ത്തോടനുബന്ധിച്ച് വി. ബലി യർപ്പിച്ചു. തുടർന്ന് അവിണി ശ്ശേരി ഇടവക സന്ദർശിച്ച് കൂടിക്കാഴ്ച നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചെമ്മണ്ണൂർ ഇടവക ദൈവാ ലയത്തിൽ തിരുനാൾ കൊടി യേറ്റം നിർവ്വഹിച്ച് വി.ബലി യർപ്പിച്ചു. വൈകീട്ട് വെങ്ങിണി ശ്ശേരി ഇടവക ദൈവാലയ വെഞ്ചിരിപ്പിന്റെ ഭാഗമായുള്ള പൊതുസമ്മേളനത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. അഭി വന്ദ്യ പിതാക്കന്മാർ സിനഡിൽ പങ്കുചേരുന്നതിനായി കാക്ക നാട് മൗണ്ട് സെന്റ് തോമസി ലേക്ക് പോയി.

7.–18. അഭിവന്ദ്യ പിതാക്കന്മാർ സീറോമലബാർ സിനഡിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് ചാവക്കാട് ബ്ലാങ്ങാട് കടപ്പുറത്ത് മത്സ്യത്തൊഴിലാളികളോടൊപ്പം പരി. ആരോഗ്യമാതാവിന്റെ തിരുനാൾ കുർബാനയിലും പ്രദക്ഷിണത്തിലും പങ്കെ ടുത്തു. ഉച്ചകഴിഞ്ഞ് ചേരും കുഴിയിൽ ഇടവക സുവർണ്ണ ജൂബിലി സമാപന കുർബാന അർപ്പിക്കുകയും യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുത്തൂർ ഫൊറോന ദൈവാലയത്തിൽ തിരുനാൾ കൊടിയേറ്റം നിർവ്വ ഹിച്ച് വി.ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് M I കോൺ വെന്റിൽ ബഹു. സിസ്റ്റർ ഡോണാൾഡ് എഫ്.സി. സി.യുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്ത് കാർമ്മികത്വം വഹിച്ചു. വൈ കീട്ട് കണ്ണംകുളങ്ങര ഇടവക ദൈവാലയത്തിൽ ഇടവകദിനം ഉദ്ഘാടനം നിർവ്വഹിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് കത്തോലിക്കാ സഭ മാസിക യുടെ കോർ കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു. തൃശ്ശൂർ അതി രൂപതയുടെ ആഭിമുഖ്യത്തിൽ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തിയ കെ.സി. വൈ.എം. സെനറ്റ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. തുടർന്ന് തൃശ്ശൂർ പഴയനടക്കാവ് ലക്ഷ്മി മണ്ഡപത്തിൽ നടന്ന വിക ലാംഗ അസ്സോസിയേഷൻ ഓഫ് ഇന്ത്യ സെൻട്രൽ കമ്മറ്റിയുടെ 41–ാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് മേരിമാത മേജർ സെമിനാരിയിൽ പറോക്ക് സംഘടിപ്പിച്ച ഇന്റർ നാഷണൽ സെമിനാറിൽ സമാപന സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് മേരിമാത മേജർ സെമിനാ രിയിൽ പറോക്കിന്റെ നേതൃ ത്വത്തിൽ സംഘടിപ്പിച്ച

ഇന്റർനാഷണൽ സെമിനാറിൽ പങ്കെടുത്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് പനമുക്ക് ഇടവകയിൽ ഇടയ സന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചിറനെല്ലൂർ ഇടവക ദൈവാലയത്തിൽ വി.ബലിയർപ്പിച്ചു, കാരുണ്യഭവനം വെഞ്ചിരിച്ചു. ചൊവ്വന്നൂർ ഇടവക ദൈവാലയത്തിൽ തിരുനാളിന്റെ ഭാഗമായി വി.ബലിയർപ്പിച്ചു. അത്താണി ഇടവകയിൽ പറോക്ക് സർവ്വേയുടെ ഭാഗമായി കുടുംബയൂണിറ്റുകളുടെ ചർച്ചകളിൽ പങ്കെടുത്തു. വൈകീട്ട് വേലൂപാടം ഇടവക ദൈവാലയത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം നിർവ്വഹിച്ചു.

21. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് മണ്ണുത്തി സമരിറ്റൻ സിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് പുത്തൂർ ഫൊറോന ഇടവകയിൽ പ്രളയബാധിതർക്ക് വീടുകൾ നല്കുന്ന ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് നവവൈദികർക്കുള്ള ക്ലാസുകൾക്ക് നേതൃത്വം നൽകി.

22. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഡി.ബി.സി.എൽ.സി. യിൽ നവവൈദികരോടൊപ്പം വി. ബലിയർപ്പിക്കുകയും അവർക്ക് ക്ലാസ്സെടുക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ അതിരൂപത കെ.സി.എസ്. എൽ. ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് മണലൂർ കിഴക്ക് ഇടവകയിൽ ബാലകലോത്സവം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ DBCLC- യിൽ നവവൈദികരോടൊപ്പം വി.ബലിയർപ്പിച്ചു, ക്ലാസുകളെടുത്തു. അതിരൂപത വൈദിക സമിതി യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സേക്രഡ് ഹാർട്ട് സ്ക്കൂൾ ശതോത്തര ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ചെമ്പുക്കാവ് ഹോളി ഫാമിലി സ്ക്കൂളിൽ റിട്ടയർമെന്റ് പരിപാടിയിൽ പങ്കെടുത്തു. ചോറ്റുപാറയിൽ കാരുണ്യഭവനം വെഞ്ചിരിച്ചു. വൈകീട്ട് ഒല്ലൂക്കര പള്ളോട്ടിൻ തിരുനാളഘോഷത്തിൽ പ്രാർത്ഥനശുശ്രൂഷയിൽ സന്ദേശം നൽകി.

23. അഭിവന്ദ്യ താഴത്ത് പിതാവ് ആർച്ച്ബിഷപ്സ് ഹൗസിൽ ഫൊറോനതല പി.ആർ.ഒ. മാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ വി.ബലിയർപ്പിച്ചു, ക്ലാസുക

ളെടുത്തു. LRC സെമിനാറി നായി കാക്കനാട് പോയി.

24. അഭിവന്ദ്യ താഴത്ത് പിതാവ് ഐ. ടി. സെൽ മീറ്റിംഗിൽ പങ്കെടുത്തു. തൃശ്ശൂർ സി.എസ്.എസ്. സെന്റ് പോൾ കോൺവെന്റിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് ഏങ്ങണ്ടിയൂർ എം. ഐ. ആശുപത്രി സന്ദർശിക്കുകയും "റൂറൽ ഹെൽത്ത് വീക്ക്" ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വൈകിട്ട് ആർത്താറ്റ് ഹോളി ക്രോസ്സ് സി.ബി.എസ്.ഇ. സ്കൂളിന്റെ വാർഷികാഘോഷത്തിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കാക്കനാട് LRC സെമിനാറിൽ പങ്കെടുക്കുന്നവരോടുകൂടെ വി.ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് മുളയത്ത് SND കോൺവെന്റിൽ മദ്ബഹ വെഞ്ചിരിച്ചു. വൈകീട്ട് ആർച്ച് ബിഷപ്പ്സ് ഹൗസിൽ സെന്റ് തോമസ് കോളേജ് എജുക്കേഷൻ ട്രസ്റ്റ് മീറ്റിംഗ് കൂടി.

25. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവല്ല മലങ്കര മാർ തോമ സിറിയൻ ചർച്ച് ബിഷപ്സ് ഹൗസിൽ നടന്ന ഇന്റർ ചർച്ച് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് ചെന്നായ്പ്പാറയിലുള്ള ദിവ്യഹൃദയാശ്രമത്തിന്റെ സിൽവർ ജൂബിലി കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ഡി.ബി.സി.എൽ.സി. യിൽ നടന്ന മതബോധന ദിനാചരണത്തിലും അവാർഡ് ദാനത്തിലും പങ്കെടുത്തു. തുടർന്ന് ചിറ്റിലപ്പിള്ളി ഇടവകയിൽ 'ചലനം 2019' എന്ന പേരിൽ നടത്തിയ യുവജന സമ്മേളനത്തിൽ യുവാക്കളുമായി സംവദിച്ചു. വൈകിട്ട് ഒളരിക്കര ഇടവകയിൽ ഷാജു ഊക്കനച്ചന്റെ പൗരോഹിത്യ സിൽവർ ജൂബിലിയാഘോഷത്തിൽ ആശംസകളർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചാഴൂർ ഇടവക ദൈവാലയത്തിൽ തിരുനാളിന്റെ ഭാഗമായി വി.ബലിയർപ്പിച്ചു. മൈനർ സെമിനാരിയിൽ പാരന്റ്സ് ഡേയിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് ഒളരിക്കര ഇടവക ദൈവാലയത്തിൽ ബഹു. ഷാജു ഊക്കനച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകളറിയിച്ചു.

27. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അത്താണി ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും തുടർന്ന് ഇടവകയിൽ നിർമ്മിച്ച കാരുണ്യ ഭവനം ആശീർവദിക്കുകയും ചെയ്തു. തിരുബാലസഖ്യം 175–ാം വാർഷിക സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും തൃശ്ശൂർ അതിരൂപത

ചിൽഡ്രൻസ് മിനിസ്ട്രിയുടെ സമ്മാനദാനം നിർവഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പാലക്കൽ ഇടവകയിൽ പുതുതായി നിർമ്മിച്ച ചാപ്പൽ വെഞ്ചരിക്കുകയും വി. ബലിയർപ്പിക്കുയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അന്തിക്കാട് ഇടവക ദൈവാലയത്തിൽ അൾത്താര വെഞ്ചിരിച്ച് വി. ബലിയർപ്പിച്ചു. വരന്തരപ്പിള്ളി ഇടവക ദൈവാലയത്തിൽ തിരുനാൾ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് DBCLC- യിൽ ചിൽഡ്രൻസ് മിനിസ്ട്രി അവാർഡ്ദാന ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തി സമ്മാനദാനം നിർവ്വഹിച്ചു. വൈകീട്ട് വെളുത്തൂർ ഇടവക ദൈവാലയത്തിൽ ഇടവകദിനം ഉദ്ഘാടനം നിർവ്വഹിച്ചു.

28. അഭിവന്ദ്യ താഴത്ത് പിതാവ് കൊട്ടേക്കാട് ഇടവകയിൽ പ്രളയ ദുരിതത്തിൽപ്പെട്ടവർക്കായി നിർമ്മിച്ച കാരുണ്യ ഭവനം വെഞ്ചരിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി.ബലിയർപ്പിച്ചു. വൈകീട്ട് പുല്ലുവഴി ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു.

29. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ആർച്ച്ബിഷപ്സ് ഹൗസിൽ കരിസ്മാറ്റിക് സർവ്വീസ് ടീമുമായി മീറ്റിംഗ് നടത്തി.

30. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മർത്ത സന്യാസിനീ സമൂഹത്തിൽ സിനാക്സിസിൽ പങ്കെടുക്കുന്നവർക്കായി വി. ബലിയർപ്പിച്ചു. തൃശ്ശൂർ അതിരൂപതയിൽ നീണ്ട വർഷം സേവനം ചെയ്തു വിരമിക്കുന്ന പേരൂട്ടിൽ ബഹു. സെബാസ്റ്റ്യൻ അച്ചന് നന്ദി പറയുകയും നവവൈദികർക്ക് സ്വാഗതമാശംസിക്കുകയും ചെയ്ത വൈദിക സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

31. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് മാത പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. മേരിമാത സെമിനാരിയിൽ ക്ലാസുകളെടുത്തു. ഉച്ചകഴിഞ്ഞ് ചൂണ്ടൽ ഹോസ്പിറ്റലിൽ Lamp Lighting Ceremony ഉദ്ഘാടനം നിർവ്വഹിച്ചു. വൈകീട്ട് ആർച്ച് ബിഷപ്പ്സ് ഹൗസിൽ കലാസദൻ ജനറൽ ബോഡി മീറ്റിംഗ് കൂടി. മണ്ണുത്തിയിൽ ഡോൺ ബോസ്ക്കോ തിരുനാളഘോഷത്തിൽ സംബന്ധിച്ചു.



## നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ

ദൈവസ്നേഹത്തിന്റെ വക്താവായി വാക്കിലൂടെയും പ്രവൃത്തിയിലൂടെയും എല്ലാവർക്കും ദൈവസ്നേഹം പകർന്ന് നൽകിയ ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ അനുസ്മരണം ഭക്തിപൂർവ്വം കൊണ്ടാടി. വെള്ളിയാചരണം ഫെബ്രുവരി 1ന് രാവിലെ 10 മണിയോടെ ആരംഭിച്ചു. ജപമാല ചൊല്ലി പ്രാർത്ഥിച്ചതിനുശേഷം ബഹു. ബ്ര. വർഗ്ഗീസ് അമ്മാടം വചന സന്ദേശം പങ്കുവച്ചു. വി. മത്തായിയുടെ സുവിശേഷം 25–ാം അദ്ധ്യായത്തിൽ താലന്തുകളുടെ ഉപമ നാം വായിക്കുന്നു. എന്തൊക്കെയാണ് താലന്തുകൾ? നമ്മിലുള്ള എല്ലാ നല്ല കഴിവുകളും ഓരോ താലന്തുകളാണ്. നമ്മിലുള്ള താലന്തുകളെ വളർത്തുക. ആദ്യം നമ്മുടെ ഹൃദയത്തെ തന്നെ ഒരുക്കാം. നമ്മുടെ കർത്താവ് എപ്പോഴും ആഗ്രഹിക്കുന്ന ഒരു വസ്തുതയാണ് ഒരുക്കമുള്ളവരായിരിക്കുക എന്നത്. അത് തന്നെയാണ് 10 കന്യകമാരുടെ ഉപമയിൽ നാം കാണുന്നതും (മത്താ 25:1–13). നമുക്ക് എന്ത് താലന്താണ് കിട്ടിയിരിക്കുന്നത് എന്ന് നാം ദൈവത്തോട് ആലോചിക്കണം. ഒരു പക്ഷേ, വചനം പങ്ക് വയ്ക്കുന്നതാവാം, മറ്റുള്ളവരെ സഹായിക്കുന്നതാവാം – പണം കൊണ്ടും നല്ല വാക്കുകൊണ്ടും, ഒരു പക്ഷേ, നന്നായി പാടാനാകാം, രോഗികളേയും പാവങ്ങളേയും ശുശ്രൂഷിക്കാനാകാം – എന്തുമാകാം. മത്തായി 25:40ൽ ഈശോ പറയുന്നു “എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്”. നന്മ ചെയ്യാനും നല്ലത് പറയാനും കിട്ടുന്ന സന്ദർഭങ്ങൾ പാഴാക്കാതെ നമുക്ക് നല്ല താലന്തുകൾ തന്ന ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കാം... തുടർന്ന് ദിവ്യബലിയും കുട്ടികൾക്കും രോഗികൾക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളും ആരാധനയും നേർച്ച ഊട്ടും ഉണ്ടായിരുന്നു. നിരവധി ആളുകൾ തിരുകർമ്മങ്ങളിൽ പങ്കുകൊണ്ട് ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചു.





## നാമകരണനടപടികൾ

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

12.01.2019 രാവിലെ 9:30ന് ജപമാലയോടെ തിരുകർമ്മങ്ങൾ ആരംഭിച്ചു. ദിവ്യബലിക്ക് ചിറളയം പള്ളി വികാരി ഫാ. ബിജു ജോസഫ് ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. ധന്യനായ ഊക്കനച്ചൻ സുവിശേഷ പ്രഘോഷണരംഗത്ത് ഒരു ഇടവകവികാരി എന്ന നിലയിൽ ദൈവം ഏല്പിച്ച ദൗത്യങ്ങൾ തന്റെ ആവൃതിക്കുള്ളിൽ നിന്ന് മനോഹരമാക്കാൻ ശ്രമിച്ചപ്പോൾ 'വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും. അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും' എന്ന വചനമാണ് അന്വർത്ഥമായത് എന്ന് വചനസന്ദേശത്തിലൂടെ അച്ചൻ പങ്കുവച്ചു. തുടർന്ന് ആരാധനയും പ്രഭാഷണവും ആയിരുന്നു. തുറവൻകാട് ചാരിറ്റി കോൺവെന്റിലെ സിസ്റ്റേഴ്സും ആ ഇടവകപള്ളി വികാരി ഫാ. ഡേവിസ് കിഴക്കുംതലയും നേതൃത്വം നൽകി. ധന്യപദവിയിലേക്ക് ഉയർത്തപ്പെട്ട അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിതത്തിന്റെ സവിശേഷതകളിലേക്ക് കണ്ണോടിക്കുമ്പോൾ ഇടവകവൈദികർക്ക് ഉത്തമമായ ജീവിതമാതൃക നൽകുന്ന വലിയൊരു വിശുദ്ധനായിട്ടാണ് കാണുവാൻ സാധിക്കുക. ഊക്കനച്ചന്റെ ജീവിതം കാണുമ്പോൾ ഒരു ഇടവകവൈദികൻ എങ്ങനെ ജീവിക്കണം എന്ന് മനസ്സിലാകും. തുടർന്ന് മധ്യസ്ഥപ്രാർത്ഥന, ഊട്ടുവെഞ്ചിരിപ്പ് എന്നിവ ഉണ്ടായിരുന്നു. ചൊവ്വന്നൂർ പള്ളി വികാരി ഫാ. അനീഷ് നെല്ലിക്കൽ ഏവർക്കും നന്ദിപറഞ്ഞു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം



## 1. Income Tax Department – Out-Reach Programme

തൃശ്ശൂർ Income Tax Department ന്റെ Out-Reach Programme ന്റെ ഭാഗമായി രൂപതയിലെ D.B.C.L.C ഓഡിറ്റോറിയത്തിൽ 15/1/2019ൽ സംഘടിപ്പിച്ച യോഗത്തിൽ തൃശ്ശൂർ രൂപതയിലെ വിവിധ പള്ളികളിൽ നിന്നും സന്യാസ സമൂഹത്തിൽ നിന്നും മതസ്ഥാപനങ്ങളിൽ നിന്നും ഏകദേശം 400 പ്രതിനിധികൾ പങ്കെടുത്തു. യോഗത്തിൽ ഫൈനാൻസ് ഓഫീസർ ഫാ.ജോയ് മൂക്കൻ സ്വാഗത പ്രസംഗം നടത്തി. പ്രസ്തുതയോഗം Principal Commissioner Of Income Tax Department Sri. R. Govinda Rajan IRS ഉദ്ഘാടനം ചെയ്തു. വിവിധ മതസ്ഥാപനങ്ങളും പള്ളികളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Income Tax, T D Sഎന്നീ നിയമങ്ങളെക്കുറിച്ച് Ast.Commissioner Sri. Chandra Babu, Income Tax Officer (Exemption) Smt. Alphonsa, Income Tax Officer (TDS) Sri.Paulson, Income Tax Officers Sri. Dominic, Sri. Sankara Narayanan എന്നിവർ വിശദീകരിക്കുകയുണ്ടായി. അംഗങ്ങളുടെ സംശയങ്ങൾക്ക് യോഗത്തിൽ പങ്കെടുത്ത Income Tax Officers ഉത്തരം നൽകി  അസി.ഫൈനാൻസ് ഓഫീസർ ഫാ.ഡിറ്റോ കൂള യോഗത്തിൽ പങ്കെടുത്ത എല്ലാർക്കും നന്ദിരേഖപ്പെടുത്തി.

## 2. സി.എ. ഓഡിറ്റ്

കഴിഞ്ഞ വർഷം മുതൽ കണക്കുകൾ ആർച്ച് ബിഷപ്പ്സ് ഹൗസിൽ വെച്ച് സി.എ. ഓഡിറ്റ് നടത്തുന്നില്ല എന്നാണ് തീരുമാനിച്ചിരിക്കുന്നത്. അതുകൊണ്ട് ഇടവകകൾ കണക്കുകൾ ഓഡിറ്റ് ചെയ്യുവാനുള്ള  ഓഡിറ്റർമാരെ നിശ്ചയിക്കാവുന്നതും അവരെ കൊണ്ട് കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

**തെരട്ട് ഫോറം**

ഈ വർഷത്തെ തെരട്ട് ഫോറം ഇടവകകൾക്ക് മാർച്ച് മാസം അവസാനം വിതരണം ചെയ്യുന്നതായിരിക്കും. ഇടവകകളിലെ Bank Account ഉള്ള എല്ലാ സംഘടനകളുടെയും വാർഷിക കണക്കുകൾ (Trial Balance as on 31/3/19) എഴുതിവാങ്ങിക്കേണ്ടതും ഇടവകയുടെ ഓഡിറ്റ് ചെയ്യുന്ന ഓഡിറ്റർക്ക് കൊടുക്കേണ്ടതും ഇവകൂടി ഇടവകകളുടെ ബാലൻസ് ഷീറ്റിൽ Consolidated ചെയ്യേണ്ടതുമാണ്.

**4 കാരുണ്യാ ട്രസ്റ്റ്**

1.. വിവാഹം – 35000 2. ഭവന നിർമ്മാണം – 10000

3. ചികിത്സ – 33000 4. വിദ്യാഭ്യാസം – 15000

**5. അതിരൂപത സഹായ ഫണ്ട്**

1. ഭവന നിർമ്മാണം – 20002. ചികിത്സ – 49000

3. വിവാഹ സഹായം – 118000

**6. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ചികിത്സ – 5000

**7. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. മാടക്കത്തറ – 5000 2. പാലയൂർ – 5000

3. പൊന്നാനി – 5000 4. കാരമുക്ക് (സെന്റ് ആന്റണീസ്) – 5000

5. ഒല്ലൂർ – 5000

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഷിന്റോ പാറയിൽ | 01 |
| ഫാ. ജെയിംസ് വടക്കൂട്ട് | 01 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 02 |
| ഫാ. ഡേവിസ് പനംകുളം | 03 |
| ഫാ. ഷാജൻ ചീരമ്പൻ | 03 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. അഗസ്റ്റിൻ മംഗലം | 03 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 05 |
| ഫാ. റോയ് മൂക്കൻ | 06 |
| ഫാ. ഡെന്നി താണിക്കൽ | 07 |
| ഫാ. ബിനു പറോക്കാരൻ | 07 |
| ഫാ. ടിജോ മുള്ളക്കര | 07 |
| ഫാ. റാഫി തട്ടിൽ | 07 |
| ഫാ. ഡേവിസ് ചെറയത്ത് | 08 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 08 |
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 09 |
| ഫാ. പോൾ പയ്യപ്പിള്ളി | 09 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 10 |
| ഫാ. സിജോ അരിക്കാട്ട് | 10 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 13 |
| ഫാ. ഡെന്നിസ് മാറോക്കി | 13 |
| ഫാ. ജോബി ചുള്ളിക്കാടൻ | 14 |
| ഫാ. ഫിജോ ആലപ്പാടൻ | 14 |
| ഫാ. തോമസ് വേലൂക്കാരൻ | 15 |
| ഫാ. ജോസ് തെക്കേക്കര Sr. | 16 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 18 |
| ഫാ. ജോസഫ് അറാശ്ശേരി | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 23 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 23 |
| ഫാ. ഡൊമിനി ചാഴൂർ | 23 |
| ഫാ. ഡൊമിനിക് തലക്കോടൻ | 23 |
| ഫാ. ലിയോ പുത്തൂർ | 23 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 24 |
| ഫാ. സാജൻ പിണ്ടിയാൻ | 26 |
| ഫാ. ഫ്രാൻസിസ് തരകൻ | 27 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 28 |
| ഫാ. ജോസ് കോനിക്കര Jr. | 29 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 29 |
| ഫാ. പോൾ പിണ്ടിയാൻ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോസ് ഐനിക്കൽ | 19 |
| ഫാ. ബിജു ആലപ്പാട്ട് | 19 |
| ഫാ. ബിജു ജോസഫ് ആലപ്പാട്ട് | 19 |
| ഫാ. ജോഷി ആളൂർ | 19 |
| ഫാ. നോബി അമ്പൂക്കൻ | 19 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 19 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 19 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. ജോസഫ് അറാശ്ശേരി | 19 |
| ഫാ. ടോണി അരിമ്പൂർ | 19 |
| ഫാ. ജെറിൻ അരിമ്പൂർ | 19 |
| ഫാ. ജോസ് ചാലക്കൽ | 19 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 19 |
| ഫാ. ഷാജൻ ചീരമ്പൻ | 19 |
| ഫാ. ജിയോ ചെറടായി | 19 |
| ഫാ. സിജോ ചെറുവത്തൂർ | 19 |
| ഫാ. ജോളി ചിറമ്മൽ | 19 |
| ഫാ. ജോഫി ചിറയത്ത് | 19 |
| ഫാ. ഷാജു ചിറയത്ത് | 19 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 19 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജോബി ചുള്ളിക്കാടൻ | 19 |
| ഫാ. ജോസ് എടക്കളത്തൂർ | 19 |
| ഫാ. ജിമ്മി എടക്കുളത്തൂർ | 19 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 19 |
| ഫാ. ജോബി കടപ്പൂരാൻ | 19 |
| ഫാ. ജിയോ കടവി | 19 |
| മോൺ. ജോസഫ് കാക്കശ്ശേരി | 19 |
| ഫാ. പ്രദീഷ് കല്ലറക്കൽ | 19 |
| ഫാ. സിന്റോ കരേപറമ്പൻ | 19 |
| ഫാ. ജോസ് കോനിക്കര Jr. | 19 |
| ഫാ. ജോസ് കോനിക്കര Sr. | 19 |
| ഫാ. ഡിറ്റോ കൂള | 19 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 19 |
| ഫാ. ജോയ് കൂത്തൂർ | 19 |
| ഫാ. സനൽ മാളിയേക്കൽ | 19 |
| ഫാ. ജെയ്സൻ മാറോക്കി | 19 |
| ഫാ. അലക്സ് മരോട്ടിക്കൽ | 19 |
| ഫാ. റോയ് മൂക്കൻ | 19 |
| ഫാ. ഗ്രിജോ മുരിങ്ങാത്തേരി | 19 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 19 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 19 |
| ഫാ. പ്രിൻസ് നായങ്കര | 19 |
| ഫാ. അനീഷ് നെല്ലിക്കൽ | 19 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 19 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 19 |
| ഫാ. ജോജു പനക്കൽ | 19 |
| ഫാ. ജിജോ  പിടിയത്ത് | 19 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 19 |
| ഫാ. സിന്റോ പൊറത്തൂർ | 19 |
| ഫാ. ഡൈജോ പൊറുത്തൂർ | 19 |
| ഫാ. ജോസഫ് പുളിക്കൻ | 19 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 19 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 19 |
| ഫാ. റിജോയ് തൈവളപ്പിൽ | 19 |
| ഫാ. നിബിൻ തളിയത്ത് | 19 |
| ഫാ. ജിക്സൻ താഴത്ത് | 19 |
| ഫാ. ജോസ് തെക്കേക്കര Jr. | 19 |
| ഫാ. ജോസ് തെക്കേക്കര Sr. | 19 |
| ഫാ. ജിയോ തെക്കിനിയത്ത് | 19 |
| ഫാ. ജോബ് വടക്കൻ | 19 |
| ഫാ. റോയ് ജോസഫ് വടക്കൻ | 19 |
| ഫാ. ജോസഫ് വടക്കേത്തല | 19 |
| ഫാ. ജോസ് വല്ലൂരാൻ | 19 |
| ഫാ. ജോസ് വട്ടക്കുഴി | 19 |
| ഫാ. റിജോ  വിതയത്തിൽ | 19 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ചിറയത്ത് ഔസേപ്പ് | 14-03-1891 |
| ഫാ. പാറക്കൽ തോമസ് | 30-03-1891 |
| ഫാ. വിതയത്തിൽ ഔസേപ്പ് | 16-03-1893 |
| ഫാ. കണ്ണമ്പുഴ ആന്റണി | 03-03-1895 |
| ഫാ. ഇമ്മട്ടി ഔസേപ്പ് | 17-03-1935 |
| ഫാ. വളപ്പില എസ്തപ്പാനോസ് | 22-03-1942 |
| ഫാ. കൊള്ളന്നൂർ ജേക്കബ് | 01-03-1947 |
| ഫാ. ആട്ടോക്കാരൻ തോമസ് | 23-03-1947 |
| ഫാ. പാലയൂർ ആന്റണി | 14-03-1950 |
| ഫാ. നീലങ്കാവിൽ ഫ്രാൻസിസ് | 27-03-1951 |
| ഫാ. അമ്പൂക്കൻ പോൾ സീനിയർ | 31-03-1952 |
| ഫാ. ചിറ്റിലപ്പിള്ളി ലൂവീസ് | 22-03-1956 |
| ഫാ. ചിറ്റിലപ്പിള്ളി ജോസഫ് | 30-03-1959 |
| ഫാ. അക്കര ജോർജ്ജ് ജൂനിയർ | 10-03-1962 |
| ഫാ. കരിപ്പേരി ജോൺ | 16-03-1962 |
| ഫാ. പുതുശ്ശേരി ജോർജ്ജ് | 06-03-1965 |
| ഫാ. തച്ചിൽ ജോൺ | 09-03-1968 |
| ഫാ. പാറേമ്പിൽ പോൾ | 02-03-1970 |
| മോൺ. ചിറയത്ത് സെബാസ്റ്റ്യൻ | 01-03-1979 |
| ഫാ. ചിറ്റിലപ്പിള്ളി പോൾ | 12-03-1981 |
| ഫാ. കാരത്ര സെബാസ്റ്റ്യൻ | 19-03-1986 |
| ഫാ. മഞ്ഞളി ജോസഫ് | 20-03-1990 |
| ഫാ. മാളൃമ്മാവ് റാഫേൽ | 17-03-1996 |
| ഫാ. വെളിയന്നൂക്കാരൻ ഇഗ്നേഷ്യസ് | 17-03-2003 |
| ഫാ. തേർമഠം ഫ്രാൻസിസ് | 17-03-2006 |



## ■ സന്യസ്തർ

**സി.എം.സി.**

വി. ചാവറപിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ജനുവരി 2ന് മാന്നാനത്ത് നടന്ന ആഘോഷമായ ദിവ്യബലിയിലും, സന്യസ്തസംഗമത്തിലും അറുപതോളം സിസ്റേഴ്സ് പങ്കെടുക്കുകയും, കബറിടം സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. മൂന്ന് ദിവസത്തെ ആത്മീയ ഒരുക്കങ്ങൾക്കുശേഷം ദനഹാതിരുനാളിൽ ദിവ്യബലി മദ്ധ്യേ സിസ്റേഴ്സ് വ്രതനവീകരണം നടത്തി. 13–ാംതിയതി ആലുവ ജനറലേറ്റിൽ വച്ച് നടന്ന മൂന്ന് ദിവത്തെ GCPC Meeting ൽ പ്രൊവിൻഷ്യൽ കൗൺസിൽ പങ്കെടുക്കുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച അതിരൂപതയിലെ നവവൈദീകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ഊഷ്മളമായ വരവേല്പ് നല്കി. അവർ സമൂഹബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. 25ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടന്ന പ്രോവിൻസിന്റെ ജാഗരണ പ്രാർത്ഥനയിൽ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു. ഫാ.റാഫേൽ കോക്കാട്ട് സി.എം.ഐ അഭിഷേക പ്രാർത്ഥനക്കും ആരാധനക്കും നേതൃത്വം നല്കി.

**എഫ്.സി.സി.**

2–ാംതിയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് റവ. ഫാ. ലിജോ OFM Cap നയിച്ച motivation സെമിനാറിൽ പ്രൊവിൻഷ്യൽ & ലോക്കൽ വൊക്കേഷൻ പ്രമോട്ടേഴ്സ്, ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസുമാർ (എയ്ഡഡ് & അൺഎയ്ഡഡ്) പ്രിൻസിപ്പൽമാർ എന്നിവർ സംബന്ധിച്ചു. 11ന് പുതുച്ചേരി സാന്താക്ലാര മെട്രിക്ക് ഹയർസെക്കണ്ടറി സ്കൂളിൽ പുതിയതായി നിർമ്മിക്കുന്ന ഓഡിറ്റോറിയത്തിന്റെ തറകല്ലിടൽ കർമ്മത്തിലും, സ്ക്കൂളിന്റെ വാർഷികഘോഷത്തിലും ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയറും, ടീമംഗങ്ങളും പങ്കെടുത്തു. തൃശ്ശൂർ

അതിരൂപതയ്ക്കുവേണ്ടി ഈ വർഷം പൗരോഹിത്യപട്ടം സ്വീകരിച്ച 11 നവവൈദികർക്ക് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി. ആലുവ എഫ്.സി.സി ജനറലേറ്റിൽ വെച്ച് നടന്ന ഓറിയന്റേഷൻ പ്രോഗ്രാമിൽ പുതിയ തെരെഞ്ഞെടുക്കപ്പെട്ട ബഹു. പ്രൊവിൻഷ്യാളമ്മയും പ്രൊവിൻഷ്യൽ കൗൺസിലേഴ്സും പങ്കെടുത്തു. ആലുവ എഫ്.സി.സി ജനറലേറ്റിൽ വെച്ച് നടന്ന അജണ്ട കമ്മറ്റി മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരിയും, മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. റോസ് അനിതയും സംബന്ധിച്ചു. 29ന് ആലുവ എഫ്.സി.സി ജനറലേറ്റിൽ വെച്ച് നടന്ന ജനറൽ പ്ലീനറി സിനാക്സിസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരിയും, മറ്റു 8 ജനറൽ സിനാക്സിസ് അംഗങ്ങളും പങ്കെടുത്തു.

**സി.എച്ച്.എഫ്.**

നവജ്യോതി പ്രൊവിൻസിന്റെ സോഷ്യോ മെഡിക്കൽ സെന്ററായ വടൂക്കരയിലെ ഐ.എഫ്.ഡി.എഫ് ന്റെ ഗോൾഡൻ ജൂബിലി വിവിധ കലാപരിപാടികളോടെ ഉചിതമായി ആഘോഷിച്ചു. പ്രസ്തുത പരിപാടിയിൽ സി.എച്ച്.എഫ്. ജനറൽ കൗൺസിലർ സി. ഡോ. ആനി കുര്യാക്കോസ് അധ്യക്ഷ പദം അലങ്കരിക്കുകയും സി.എം.ഐ ദേവമാത പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. വാൾട്ടർ തേലപ്പിള്ളി ഉദ്ഘാടന കർമ്മം നിർവഹിക്കുകയും നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേഴ്സി പോൾ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. ജനുവരി 12, 26 തിയ്യതികളിലായി മണ്ണുത്തി ജനറലേറ്റിൽ വച്ച് ഹോളി ഫാമിലി സന്ന്യാസിനി സമൂഹത്തിലെ സീനിയർ മോസ്റ്റ് സിസ്റ്റേഴ്സിനായി കൂട്ടായ്മ എന്ന പേരിൽ ഗാതറിങ്ങ് നടത്തുകയും അവരെ ആദരിക്കുകയും ചെയ്തു.

**സി.എസ്.എം.**

ജനുവരി 8 മുതൽ 10 വരെ സൂപ്പീരിയർ ജനറൽ മദർ സെബി റോസ് പ്രൊവിൻഷ്യൽ ഹൗസിൽ കാനോനിക വിസിററ് നടത്തി. 15ന് അഞ്ചേരിയിൽ മർത്താ മെഡിക്കൽ സെന്ററിന്റെ പുതിയ ബ്ലോക്കിന്റെ ശിലാസ്ഥാപനം അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി നിർവഹിച്ചു. സമൂഹത്തിൽനിന്നും മരിച്ചുപോയ സിസ്റേറഴ്സിന്റെ ജീവചരിത്രം അടങ്ങിയ 'സ്വർഗ്ഗീയ സുമങ്ങൾ' എന്ന പുസ്തകം ജനറലേററ് കപ്ലോൻ ബഹു. ഫാ. സെബി പുത്തൂർ പ്രകാശനം ചെയ്തു. 30ന് മർത്താസന്യാസിനി സമൂഹത്തിന്റെ ലൂർദ്ദ് നാഥാ പ്രോവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ജിയോമരിയ, അസി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഫെമി ലാസർ, കൗൺസിലേഴ്സ് സി. ക്ലെയർ, സി. ഡെല്ല മരിയ, സി. റോസിൻ ജോസ് , ഓഡിറ്റർ സി. ഉഷസ്സ്, സെക്രട്ടറി സി. റൂബി പോൾ എന്നിവർ ചാർജ്ജെടുത്തു.

**സി.എസ്.എസ്.**

ജനുവരി 4 ന് ഇരിങ്ങാലക്കുടയിലെ വല്ലക്കുന്നുള്ള സ്നേഹോദയ നഴ്സിങ് കോളേജിൽ വെച്ച് നടന്ന ബിരുദാനന്തര ചടങ്ങിൽ സുപ്പീരിയർ ജനറൽ സി.ആനി തോമസിയയും പ്രൊവിൻഷ്യൽ സുപ്പീരിയർ സി.സോഫിയും പങ്കെടുത്തു. ഫോമേഷനിലുള്ളവരുടെ മാതാപിതാക്കൾക്കായി ജനുവരി 5–ാം തിയ്യതി നടത്തിയ സെമിനാറിൽ 35 പേർ പങ്കെടുത്തു. ഫാ.സണ്ണി പുന്നോലിപ്പറമ്പിൽ സെമിനാറിന് നേതൃത്വം നൽകി. ജനുവരി 21 ന് സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 5 നോവിസ്സസ് ആദ്യവ്രത വാഗ്ദാനവും 3 ജൂനിയർ സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനവും നടത്തി.

## ആദരാഞ്ജലികൾ



സി.എം.സി. ഒല്ലൂർ ഫാത്തിമ ഭവനാംഗമായ സി.സിമിലിയാൻ സി.എം.സി. 16.02.2018 ന് നിര്യാതയായി അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും ഒല്ലൂർ ഫാറ്റിമ മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



എഫ്. സി. സി. തൃശ്ശൂർ എം.ഐ ഭവനാംഗമായ ബ. സി. ഡൊണാൾഡ് എഫ്.സി.സി. 12.01.2019 നു നിര്യാതയായി. പിറ്റേന്ന് വൈകിട്ട് 5 ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ എം.ഐ. മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



എഫ്. സി. സി. ചേർപ്പ് നിർമ്മല ഭവനാംഗമായ ബ. സി.റീമ ഫ്രാൻസി എഫ്.സി.സി. 16.01.2019 നു നിര്യാതയായി. അന്നുതന്നെ വൈകിട്ട് 4 മണിക്ക് തൃശൂർ അതിരൂപത എമരിറ്റസ് അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നിർമ്മല മഠം മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



19/1/2019 സി.എച്ച്.എഫ്. – തലോർ നവജ്യോതി അംഗമായിരുന്ന ബഹു.സി.എവോഴ്സിയ ജനുവരി 19–ാം തിയ്യതി നിര്യാതയായി. അഭിവന്ദ്യ മാർ ആന്റണി ചിറയത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വ ത്തിൽ ജനുവരി 20–ാം തിയ്യതി തലോർ നവജ്യോതി ഭവനിലെ കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്ക്കാര കർമ്മം നടത്തി

**സി. നമിത റോസ് സി.എം.സി.**
സി. ആർ.ഐ. സെക്രട്ടറി

# പാസ്റ്ററൽ കൗൺസിൽ

2018 സെപ്തംബർ 8നു കൂടിയ 17–ാം പാസ്റ്ററൽ കൗൺസിലിന്റെ ആറാമത് യോഗറിപ്പോർട്ട്. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ സ്വാഗതമാശംസിച്ചു. ജനറൽ സെക്രട്ടറി ഫാ. മാത്യു കുറ്റിക്കോട്ടയിൽ യോഗനടപടികൾ വിശദീകരിച്ചു. തുടർന്ന് ജോ. സെക്രട്ടറി ഡോ. ഡെയ്സൻ പാണേങ്ങാടൻ അവതരിപ്പിച്ച മുൻയോഗറിപ്പോർട്ട് യോഗം അംഗീകരിച്ച് പാസ്സാക്കി. കോലഴി ഇടവകയിൽ നിന്നുള്ള പാസ്റ്ററൽ കൗൺസിൽ അംഗമായ പ്രൊഫ. പി. ടി. തോമസിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

കെ.സി.ബി.സി. മീഡിയ കമ്മീഷൻ സെക്രട്ടറിയായ റവ. ഡോ. ജോളി വടക്കൻ, ഫ്രാൻസിസ് മാർപ്പാപ്പയുടെ “Gaudebe et Exsuetate”എന്ന അപ്പസ്തോലികപ്രബോധനത്തെ വിശദീകരിച്ച് ക്ലാസ്സെടുത്തു. ഫൊറോന കൗൺസിലുകളുടെ സംക്ഷിപ്ത റിപ്പോർട്ട് സെക്രട്ടറി, ഡോ. മേരി റെജീന അവതരിപ്പിച്ചു. വിവിധ ഇടവകകളിലെ പാക്ട് അംഗങ്ങൾക്ക് പരിശീലനത്തിനായി തയ്യാറാക്കിയ സി.ഡി. യുടെ പ്രകാശനം, മാർ ആൻഡ്രൂസ് താഴത്ത്, പാക്ടിന്റെ സെക്രട്ടറി റവ. ഡോ. സൈജോ തൈക്കാട്ടിലിനു നൽകി നിർവഹിച്ചു. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ചും അതിന്റെ തുടർ പ്രോജക്ടുകളെ സംബന്ധിച്ചും സാന്ത്വനം ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി വിശദീകരിച്ചു. “സേവ് തൃശ്ശൂർ'' എന്ന് പേരിട്ടിരിക്കുന്ന പ്രളയ ദുരിതാശ്വാസ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സന്യസ്ത സമൂഹങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിയ ‘‘Psycho Social Support’’ പ്രോഗ്രാമിനെ സംബന്ധിച്ച് അതിരൂപത വികാരി ജനറാൾ മോൺ.

തോമസ് കാക്കശ്ശേരി വിശദീകരിച്ചു.

തുടർന്ന് നടന്ന ശൂന്യവേളയിൽ ബഹു. സുപ്രീംകോടതിയിൽ നിന്നും ഈയടുത്ത നാളുകളിലുണ്ടായ പ്രകൃതി വിരുദ്ധ ലൈംഗികത (IPC 377), വ്യഭിചാരം (IPC 497) എന്നിവയെ കുറ്റവിമുക്തമാക്കുന്ന കോടതിവിധികൾ പ്രളയ പശ്ചാത്തലത്തിൽ തിരുനാളാഘോഷങ്ങൾ ഒഴിവാക്കേണ്ടതിന്റെ അനിവാര്യത, ദീപികയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ആൺകുട്ടികളുടെ എണ്ണക്കുറവ്, കുടുംബങ്ങളിലും ഇടവകകളിലും കൂടുതൽ ആത്മീയതയ്ക്കും പ്രാർത്ഥനയ്ക്കും പ്രാമുഖ്യം നൽകേണ്ടതിന്റെ പ്രാധാന്യം, പ്രളയസമയത്ത് യുവജന സംഘടനകളും യുവാക്കളും കാണിച്ച സാമൂഹ്യപ്രതിബദ്ധത എന്നീ വിഷയങ്ങളെ സംബന്ധിച്ച പരമാർശങ്ങളുണ്ടായി. തുടർന്ന് പരാമർശ വിഷയങ്ങളിൽ അതിരൂപതാധ്യക്ഷൻ മറുപടി പറഞ്ഞു. ബൊൻ നത്താലെയുടെ ആഘോഷങ്ങളും 2019 ആഗസ്റ്റ് മാസം വരെയുള്ള തിരുനാളാഘോഷങ്ങളും ഒഴിവാക്കി, പ്രളയ ദുരിതമനുഭവിക്കുന്നവർക്ക് ഐക്യദാർഢ്യവും പിന്തുണയും നൽകണമെന്നും സഭയ്ക്കെതിരെ നടക്കുന്ന മാധ്യമ-സൈബർ അക്രമണങ്ങളിൽ സഭയുടെ നിലപാടുകളെ വ്യക്തമാക്കുന്നതിനുള്ള ദീപികയുടെ ആത്മാർത്ഥ ശ്രമങ്ങളെ കാണാതെ പോകരുതെന്നും അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു. കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ ഭാഗമായി ഇന്ത്യയിലെ മുഴുവൻ കത്തീഡ്രൽ പള്ളികളിലും നടക്കുന്ന വി. കുരിശിന്റെ പ്രയാണത്തോടനുബന്ധിച്ച് സെപ്തംബർ 24ന് ലൂർദ്ദ് കത്തീഡ്രലിൽ നടക്കുന്ന പ്രാർത്ഥനാശുശ്രൂഷകൾക്ക് സാധിക്കുന്ന അംഗങ്ങളുടെ സാന്നിധ്യമുണ്ടാകണമെന്ന് അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു.

സ്വവർഗ്ഗരതിയെയും വ്യഭിചാരത്തെയും കുറ്റവിമുക്തമാക്കി കൊണ്ടുള്ള ബഹു. സുപ്രീം കോടതിയുടെ വിധികളിൽ ആശങ്ക പ്രകടിപ്പിച്ചു കൊണ്ട് പ്രമേയം അവതരിപ്പിച്ചത് യോഗം ഐക്യകണ്ഠേന പാസ്സാക്കി. മതബോധന കമ്മീഷൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഡോ. ടോണി ജോസഫിനെ യോഗം അനുമോദിച്ചു. സെക്രട്ടറി ഡോ. മേരി റെജീന യോഗത്തിന് നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ജനറൽ സെക്രട്ടറി

# അവിഭക്ത തൃശ്ശൂർ അതിരൂപത പ്രസ്ബിറ്ററൽ- പാസ്റ്ററൽ കൗൺസിൽ

# സുവർണ്ണ ജൂബിലി

അവിഭക്ത തൃശ്ശൂർ രൂപതയുടെ പ്രസ്ബിറ്ററൽ കൗൺലിന്റെയും പാസ്റ്ററൽ കൗൺസിലിന്റെയും സുവർണ്ണ ജൂബിലി, 2018 മാർച്ച് 23ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3:30 വരെ സമുചിതമായി ആഘോഷിക്കുന്നു. തൃശ്ശൂർ- ഇരിങ്ങാലക്കുട -പാലക്കാട്-രാമനാഥപുരം രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ ആഘോഷി ക്കുന്ന സുവർണ്ണ ജൂബിലിയിലിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ പങ്കെടുക്കണം. 2019 മാർച്ചിൽ വേറെ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് ഉണ്ടായിരിക്കുന്നതല്ല.

സ്ഥലം : **ഡി.ബി.സി.എൽ.സി. ഓഡിറ്റോറിയം, തൃശ്ശൂർ**

തീയതി : **23.03.2019, ശനിയാഴ്ച**

സമയം : **10AM - 3:30AM**



# പാലയൂർ തീർഥകേന്ദ്രം

**1. വ്രതാരംഭ കൂട്ടായ്മ**

വിഭൂതി ദിനമായ മാർച്ച് 4 തിങ്കളാഴ്ച്ച വൈകീട്ട് 4.30 ന് പാലയൂർ മാർതോമതീർത്ഥ കേന്ദ്രത്തിലെ തളിയക്കുളം കപ്പേളയിൽ വച്ച് മാർ ആൻഡ്രൂസ് താഴത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ വിഭൂതി തിരുകർമ്മങ്ങൾ ആരംഭിക്കുന്നു. രാവിലെ 7 മണി മുതൽ സ്നാനം ചെയ്ത് വ്രതനിഷ്ഠയുടെ അടയാളമായ വസ്ത്രമണിയുന്നതിനും കുമ്പസാരിക്കുന്നതിനും സാധിക്കുന്നതാണ്.

**2. ഏകദിന പ്രർത്ഥനാ കൂട്ടായ്മ**

മാർച്ച് 5–ാം തിയ്യതി മുതൽ ഇടവകകളുടെ നേതൃത്വത്തിലുള്ള ഏകദിന പ്രാർത്ഥനാ കൂട്ടായ്മ രാവിലെ 10 മുതൽ വൈകീട്ട് 3 വരെ ഉണ്ടായിരിക്കും.

**3. ജാഗരണപദയാത്ര**

08/03/2019 നവവൈദികർ, സി.എൽ.സി, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, ഒല്ലൂർ, പുതുക്കാട് ഫൊറോനകൾ

15/03/2019 ജനപ്രതിനിധികൾ, ഫ്രാൻസിസ്ക്കൻ മൂന്നാം സഭ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, ലൂർദ്ദ് കത്രീഡൽ, പട്ടിക്കാട്, പൂത്തൂർ ഫൊറോനകൾ

22/03/2019 ജീസസ്സ് യൂത്ത്, കുടുംബ കൂട്ടായ്മ, ഫൊറോന –അതി



രൂപതാ കേന്ദ്രസമിതി ചേലക്കര, എരുമപ്പെട്ടി, വടക്കാഞ്ചേരി, വേലൂർ ഫൊറോനകൾ

29/03/2019 കത്തോലിക്കാ കോൺഗ്രസ്സ്, കെ.സി.വൈ.എം, ദർശന സഭ, തൃശ്ശൂർ ബസലിക്ക, മറ്റം, പറപ്പൂർ ഫൊറോനകൾ

05/04/2019 കെ.എൽ.എം, മദ്യവിരുദ്ധ സമിതി, ലീജിയൻ ഓഫ് മേരി, കണ്ടശ്ശാം കടവ്, കൊട്ടേക്കാട് ഫൊറോനകൾ

12/04/2019 പാസ്റ്ററൽ കൗൺസിൽ, പഴുവിൽ, പാലയൂർ ഫൊറോന കൾ

4. **പാലയൂർ കൺവെൻഷൻ**

പാലയൂർ പരിശുദ്ധാത്മാഭിഷേക കൺവെൻഷൻ മാർച്ച് 29 വെള്ളി മുതൽ ഏപ്രിൽ 2 ചൊവ്വ വരെ വൈകീട്ട് 4.30 മുതൽ രാത്രി 9 വരെ പാലയൂർ മാർതോമ തീർത്ഥ കേന്ദ്രത്തിൽ നടത്തപ്പെടുന്നു. നയി ക്കുന്നത് റവ.ഡോ. അലോഷ്യസ് കുളങ്ങര (കോഴിക്കോട് ഹോളി സ്പിരിറ്റ് മിനിസ്ട്രി ടീം).

**മോൺ. ജോസ് വല്ലൂരാൻ**
*(ചെയർമാൻ)*

**ഫാ. വർഗ്ഗീസ് കരിപ്പേരി**
*(വർക്കിംഗ് ചെയർമാൻ)*

**ഫാ. ജിയോ തെക്കിനിയത്ത്**
*(ജനറൽ കൺവീനർ)*

## മതബോധനം

### കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റവും പ്രിയ കുട്ടികളേ,

നമെല്ലാവരും വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. നമ്മുടെ പാപ ങ്ങൾക്ക് പരിഹാരമായി പീഡകൾ സഹിക്കുകയും കാൽവരിയിൽ മൂന്നാ ണികളിൽ തൂക്കപ്പെട്ട് മരിക്കുകയും ചെയ്ത യേശുവിന്റെ രക്ഷാകര

സംഭവങ്ങൾ പ്രത്യേകമായി ഓർക്കുകയും, ഉത്ഥിതനായ ക്രിസ്തുവിനെ ജീവിതത്തിൽ സ്വീകരിക്കുവാൻ സഭാമക്കളെ ഒരുക്കുന്നതിനുമായുള്ള കാലഘട്ടമാണ് നോമ്പുകാലം. ഓരോ നോമ്പുകാലവും പുതിയ തുടക്കത്തിനുള്ള അവസരമാണ്. പഴയമനുഷ്യനെ ഉരിഞ്ഞ് കളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുവാനുള്ള അവസരം. പൗലോസ് ശ്ലീഹാ എഫേസോസുകാർക്കെഴുതിയ ലേഖനത്തിൽ പറയുന്നതുപോലെ "നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്നു രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയമനുഷ്യനെ ദൂരെയെറിഞ്ഞ് യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ." (എഫേ 4:22 – 24).

മാറ്റത്തിന്റെ പാതയിലൂടെ സഞ്ചരിച്ച് വിശുദ്ധീകരണ മാർഗങ്ങളിലൂടെ ആധ്യാത്മിക ജീവിതം ആഴപ്പെടുത്തുവാൻ അനുകൂലമായ കാലഘട്ടമാണ് നോമ്പുകാലം. ഉപവാസം, പ്രാർത്ഥന, ധർമ്മദാനം എന്നിവയാണ് വിശുദ്ധീകരണ മാർഗ്ഗങ്ങൾ. ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും എങ്ങനെയാണ് വിശുദ്ധർ ഈ ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിച്ചതെന്ന് നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കുവാനും ആ വഴികളിലൂടെ നടന്ന് കൂടുതൽ വിശുദ്ധീകരിക്കപ്പെടുവാനും നമുക്ക് ആഗ്രഹിക്കാം.

മാർക്കോസിന്റെ സുവിശേഷത്തിൽ 9 അദ്ധ്യായം 14 മുതലുള്ള വാക്യങ്ങളിൽ പിശാചുബാധിതനെ സുഖപ്പെടുത്തുന്ന സംഭവം നാം വായിക്കുന്നുണ്ട്. പിശാചുബാധിച്ച ബാലനെ സുഖപ്പെടുത്തിയതിനു ശേഷം വീട്ടിലെത്തിയപ്പോൾ ശിഷ്യന്മാർ യേശുവിനോട് ചോദിക്കുന്നുണ്ട്, എന്തുകൊണ്ടാണ് അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്ക് കഴിയാതെ പോയതെന്ന്. അതിന് യേശു പറയുന്ന മറുപടി ഇങ്ങനെയാണ്. പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ ഈ വർഗ്ഗം പുറത്ത് പോവുകയില്ലയെന്ന് (മാർക്കോ. 9:29). നമ്മുടെയും ജീവിതത്തിൽ വന്ന് ചേർന്നിട്ടുള്ള തിന്മയുടെ സ്വാധീനങ്ങളെ പ്രാർത്ഥന കൊണ്ടും ഉപവാസംകൊണ്ടും വിജയം വരിക്കുവാൻ ഈ നോമ്പു കാലത്തിൽ നമുക്കും കഴിയട്ടെ.

യേശു 40 ദിവസത്തെ ഉപവാസത്തിന് ശേഷം പിശാചിന്റെ പ്രലോഭനങ്ങളെ അതിജീവിച്ചത് ദൈവവചനം കൊണ്ടാണ്. ആത്മീയസമരത്തിൽ വിജയിക്കുവാനായി ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുവിൻ (എഫേ. 6:17) എന്ന് പറഞ്ഞ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഹൃദ്യസ്ഥമാക്കാം. ദൈവവചനം കൂടുതലായി വായിച്ചും ധ്യാനിച്ചും യേശുവിനോട് കൂടെയായിരിക്കുവാനും അവൻ

ആഗ്രഹിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുവാനും അത് ജീവിത്തിൽ പ്രാവർത്തികമാക്കുവാനും നമുക്ക് പരിശ്രമിക്കാം. അപ്പോഴാണ് പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ നാം പുതിയ മനുഷ്യനെ ധരിക്കുന്നവരാകുന്നത്.

നമോരോരുത്തരുടേയും പാപങ്ങൾക്ക് വേണ്ടി മരിച്ച ക്രിസ്തു ഇന്ന് ജീവിക്കേണ്ടത് ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെടുന്ന നമ്മളിലൂടെയാണ്. കുരിശിന്റെ വഴി പ്രാർത്ഥനകളിൽ പങ്കെടുക്കുമ്പോഴും യേശുവിന്റെ പീഡാനുഭവരഹസ്യങ്ങൾ ധ്യാനവിഷയമാക്കുമ്പോഴും യേശു നമ്മെ സ്നേഹിച്ചതിന്റെ ആഴം മനസ്സിലാക്കുവാനും അവൻ നമ്മെ സ്നേഹിച്ചതുപോലെ നമ്മുടെ സഹോദരങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുവാനും അങ്ങനെ യേശു പഠിപ്പിച്ച സ്നേഹത്തിന്റെ പ്രമാണം ജീവിതത്തിൽ അനുവർത്തിക്കുവാനും സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. വിശുദ്ധിയിൽ വളർന്ന് വിശുദ്ധരായി തിരുവാൻ ഈ നോമ്പുകാലം കാരണമാകട്ടെ. മാർച്ച് മാസത്തിൽ യേശുവിന്റെ വളർത്തുപിതാവായ യൗസേപ്പിതാവിന്റെ തിരുനാളും നാം ആഘോഷിക്കുന്നു. ഉണ്ണിയേശുവിനെ ജ്ഞാനത്തിലും പ്രായത്തിലും വളർത്തിയ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിച്ചും ജീവിതമാതൃക അനുകരിച്ചും നമുക്കും ഈശോയ്ക്കിഷ്ടപ്പെട്ട കുഞ്ഞുമക്കളാകാം.

നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

വിശ്വാസപരിശീലനത്തിന്റെ വാർഷിക പരീക്ഷകൾ ഫെബ്രുവരി 10, 17, 24 എന്നീ തിയതികളിൽ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ വൈദികരോടും പ്രധാനാധ്യാപകരോടും എല്ലാ അധ്യാപകരോടും നന്ദിപറയുന്നു. വിശ്വാസപരിശീലനം തുടർപരിശീലനമാകയാൽ, അവധിക്കാലത്തും തുടർച്ചയുണ്ടാകാവുന്നവിധത്തിൽ കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**1. കേന്ദ്രീകൃത മൂല്യനിർണ്ണയം – 2019**

**a)** ACC & XII കേന്ദ്രീകൃത മൂല്യനിർണ്ണയം മതബോധനകേന്ദ്രത്തിൽ വെച്ചാണ് നടത്തുന്നത് . ACC കേന്ദ്രീകൃത മൂല്യനിർണ്ണയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Examination Board ന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്

**b)** Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**Centralised Valuation** : Time: 9.30 AM - 4.30 PM

Std. XII : 2019 മാർച്ച് 2, 3 ശനി, ഞായർ

ACC : 2019 മാർച്ച് 2–3, 9–10 (ശനി, ഞായർ ദിവസങ്ങൾ)

**2. Annual Examination for only Absentees**

Std. I to XI : 2019 March 31 Sunday - Time 2PM- 4PM

ഹാജരാകാത്ത പരീക്ഷക്കുശേഷം 7 ദിവസത്തിനുള്ളിൽ മതബോധനകേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കാരണം തെളിയിക്കുന്ന രേഖയോടൊപ്പം വികാരിയച്ചന്റെ ശിപാർശയും അപേക്ഷയിൽ ഉണ്ടായിരിക്കേണ്ടതാണ്. ഇപ്രകാരം അപേക്ഷിച്ചവർക്കുമാത്രം പരീക്ഷ അതത് യൂണിറ്റുകളിൽ വച്ച് നടത്തുന്നു. ചോദ്യപേപ്പറുകൾ മതബോധനകേന്ദ്രത്തിൽ നിന്നും 29-3-2019 മുതൽ കൊണ്ടുപോകാവുന്നതാണ്.

**3. Sunday Catechism Scholarship Examination**

**6th April 2019 Saturday 02 pm - 04 pm**

*Examination Centres:*

| | | |
|---|---|---|
| 1. | Cherpu | St. Antony's Church |
| 2. | Eravu | St. Theresa's Church |
| 3. | Pavaratty | St. Joseph's Church |
| 4. | Thalore | Infant Jesus Church |
| 5. | Thrissur | St. Mary's UPS, Lourdes Cathedral |
| 6. | Thrissur | Mathanikethan, Thrissur Dolours Basilica |
| 7. | Wadakkanchery | Clelia Barbieri Holy Angels Eng.Med.H.S. |

**പ്രത്യേകപുസ്തകം (Additional Portion)**

ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷക്ക് 'പ്രത്യേകപുസ്തകം' താഴെ പറയുന്നവയാണ്.

| | |
|---|---|
| for Std. IV | വി. ലൂക്ക1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ |
| for Std. V | വി. മർക്കോസ് 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ |
| for Std. VI | വി. മത്തായി 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ |
| for Std. VII | വി. യോഹ 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ |
| Stds. VIII - XI | വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പ്രത്യേകപാഠ്യഭാഗം 'കത്തോലിക്കാ സഭ' പത്രത്തിന്റെ 2018 ഒക്ടോബർ മുതൽ 2019 ഫെബ്രുവരി ഉൾപ്പെടെയുള്ള ലക്കങ്ങളിലെ 'ദർശനം' എന്ന പേജ്. |

ഞായറാഴ്ച മതബോധന സ്കോളർഷിപ്പ് പരീക്ഷക്ക് ഹാൾടിക്കറ്റുകൾ പരീക്ഷക്ക് 5 ദിവസം മുമ്പുമുതൽ മതബോധന സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുക്കാവുന്നതാണ്.

**4. Intensive Catechism**– ദൈവദർശൻ 2019 (ACC വിദ്യാർത്ഥികൾക്കും കൂടി)

ഏപ്രിൽ, മെയ് മാസങ്ങളിൽ യൂണിറ്റിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിൽ ACC വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. വിശദവിവരങ്ങൾക്ക് പെ. ബഹു. മൈനർ സെമിനരി റെക്ടറുമായി ബന്ധപ്പെടുക: ഫോൺ : 0487 - 2420891, 2423196

കുട്ടികളുടെ ധ്യാനത്തിന് ചിൽഡ്രൻസ് മിനിസ്ട്രിയെയും സമീപിക്കാവുന്നതാണ്. **Director Ph. 2325336**

**5. Basic CTC Course -**

അവധിക്കാലത്ത് താഴെപ്പറയുന്ന തിയതികളിൽ **Basic CTC** നടത്തുന്നതാണ്.

**March 29 Friday 5PM - 31 Sunday 4PM**

**April 26 Friday 5PM - 28 Sunday 4PM**

**May 10 Friday 5PM - 12 Sunday 4PM**

അതിരൂപതയിലെ മതബോധന അധ്യാപകരെല്ലാം Catechists Training Course-ൽ നിർബന്ധമായും പങ്കെടുത്തിരിക്കണം. സി.ടി. സി. കോഴ്സിൽ പങ്കെടുക്കേണ്ട അധ്യാപകരെ മതബോധന സോഫ്റ്റ് വെയ

റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തതിനുശേഷം രജിസ്ട്രേഷൻ ഫീസ് (ഒരംഗത്തിനു 250 രൂപ) മതബോധന ഓഫീസിൽ 5 ദിവസത്തിനകം അടക്കേണ്ടതാണ്. അല്ലാത്തപക്ഷം രജിസ്ട്രേഷൻ അസാധുവാകുന്നതാണ്.

## 6. Aptitude Rank List 2018

മതാധ്യാപകർക്കുള്ള അതിരൂപതാതല ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ റാങ്ക് നേടിയവർക്ക് അഭിനന്ദനങ്ങൾ

**I$^{st}$ RANK**



**Dr. Suny Tony**
Mariapuram

**II$^{nd}$ RANK**



**Mrs. Bindhu Baby**
Perinchery

**III$^{rd}$ RANK**



**Maya Sanker**
Vellattanjoor

**Other Ranks**

| | | |
|---|---|---|
| IV | Mr. Jolly C. F. | Padavarad |
| V | Mrs. Beena Sevi | Mukkattukara |
| VI | Miss. Mariya Jini P. V. | Engandiyur |
| VII | Mrs. Johncy Mathew | Thiroor |
| VIII | Sr. Littlemary C S C | Chowannur |
| IX | Mrs. Jossy Joju | Kozhukkully |
| X | Miss. Jismy Francis | Pallikkunnu |

## 7. MODEL UNITS

**A. ARCHDIOCESAN LEVEL BEST MODEL UNIT**
**CHITTISSERY**

**B. FORANE LEVEL MODEL UNITS**

| Unit | Forane |
|---|---|
| 01. Chelakkara | Mullurkkara |
| 02. Erumappetty | Erumapetty |
| 03. Kandassankadavu | Manalur West. |
| 04. Kottekad | Peramangalam |
| 05. Mattom | Pudussery |

| | |
|---|---|
| 06. Ollur | Perinchery |
| 07. Palayur | Chemmannur |
| 08. Parappur | Amala Nagar |
| 09. Pattikad | Kannara |
| 10. Pazhuvil | Pazhuvil |
| 11. Pudukad | Chittissery |
| 12. Puthur | Thrikkur |
| 13. Thrissur Lourdes | Mukkattukara |
   കോളേജിലേക്ക് പുതിയതായി ചേർന്ന സ്റ്റാഫംഗങ്ങൾ : ജൂലിയ (ലാസ്റ്റ് ഗ്രേഡ്) വെണ്ടോർ ഇടവക, പ്രസൂൺ (ട്രേഡ്സ്മാൻ സിവിൽ) കല്ലൂർ ഈസ്റ്റ് ഇടവക വിൻപോൾ (ട്രേഡ്സ്മാൻ ഫിറ്റർ) കോട്ടപ്പടി ഇടവക
4. **ആരോഗ്യ സന്ദേശയാത്ര**
   അളഗപ്പനഗർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ കുഷ്ഠരോഗ നിർമ്മാർജ്ജനപക്ഷാചരണ ബോധവൽക്കരണത്തിനായി 30/01/2019 ന് നടത്തിയ ജില്ലാതല ആരോഗ്യ സന്ദേശയാത്രയിൽ NCC, NSS അംഗങ്ങൾ പങ്കെടുത്തു
5. **രക്തദാന ക്യാമ്പ്**
   റെഡ് റിബൺ ക്ലബ്ബിന്റെയും സ്റ്റുഡൻസ് യൂണിയന്റെയും നേതൃത്വത്തിൽ 17/01/2019 ൽ കോളേജിൽ വച്ച് രക്തദാന ക്യാമ്പ് നടത്തി.
6. **റിപ്പബ്ലിക് ദിനം**
   കോളേജിൽ നടത്തിയ റിപ്പബ്ലിക് ദിനാഘോഷത്തിൽ NCC കേഡറ്റ് റിപ്പബ്ലിക് ദിന പരേഡ് നടത്തുകയും തുടർന്ന് കോളേജ് പ്രിൻസിപ്പാൾ ശ്രീമതി അന്ന ടെർജി പതാക ഉയർത്തി റിപ്പബ്ലിക് ദിന സന്ദേശം നൽകുകയും ചെയ്തു.
7. **ശുചീകരണം നടത്തി**
   കോളേജിലെ നേതൃത്വത്തിൽ തൃശ്ശൂർ മെന്റൽ ഹോസ്പിറ്റലിലെയും കോടാലി ഹെൽത്ത് സെന്ററിന്റെയും ശുചീകരണപ്രവർത്തനങ്ങൾ നടത്തി

8. **ക്വിസ് മത്സരം**

ലഹരിക്കെതിരെ സംസ്ഥാനതലത്തിൽ പഞ്ചായത്തുകൾ നടത്തിവരുന്ന **മുക്തി–2019** അളഗപ്പനഗർ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കോളേജിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ക്വിസ് മത്സരം സംഘടിപ്പിച്ചു.

9. **സ്വാഗതം**

ത്യാഗരാജാർ പോളിടെക്നിക്ക് കോളേജിന്റെ വൈസ്ചെയർമാനായി നിയമിതനായ ഫാ. ജസ്റ്റിൻ എലുവത്തിങ്കലിന് ഹാർദ്ദവമായ സ്വാഗതം.

| | |
|---|---|
| **ലിന്റോഷ് ജോൺ** | **ഫാ. ജിയോ തെക്കിനിയത്ത്** |
| പി.ആർ.ഒ. | സെക്രട്ടറി |

# സാന്ത്വനം

1. **ലാവണ്ടർ ആർമിയുടെ അവാർഡ് വിതരണം നടത്തി**

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായ ലാവണ്ടർ ആർമിയുടെ, 2017–2018 വർഷത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച വിദ്യാലയങ്ങൾക്കുള്ള അവാർഡ് വിതരണവും ക്യാൻസർ ദിനാചരണവും, ഫെബ്രുവരി 5 ചൊവ്വാഴ്ച ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അസ്സിസ്റ്റന്റ് ഡയറക്ടർ ഫാ. സിന്റോ തൊറയൻ, ഗവർണിംഗ് ബോഡി മെമ്പർ ശ്രീ.എ. എ.ആന്റണി, കോ–ഓർഡിനേറ്റർ ശ്രീമതി. ഐറിൻ ജോൺസൺ എന്നിവർ പങ്കെടുത്തു. 2017–18 ലെ ലാവണ്ടർ ആർമിയുടെ അവാർഡിന്(10000/–+ ട്രോഫി) ലിറ്റിൽ ഫ്ളവർ സി.ജി.എച്ച്.എസ്. സ്കൂൾ, മമ്മിയൂരിനെയും, ഫസ്റ്റ് റണ്ണർ ആപ്പ്(7000/– + ട്രോഫി)ആയി ഹോളി ഫാമിലി സി.ജി.എച്ച്,സ് സ്ക്കുൾ ചെമ്പൂക്കാവിനെയും, സെക്കൻഡ് റണ്ണർ ആപ്പ് (5000/– + ട്രോഫി) ആയി സെന്റ്.ക്ലെയേഴ്സ് സ്കൂളിനെയും തിരഞ്ഞെടുത്ത് ആദരിച്ചു. സഹകരിച്ച 17 സ്കൂളുകൾക്കും പ്രോത്സാഹനമായി അപ്രൈസേഷൻ അവാർഡ്(1000/–+ട്രോഫി) നൽകി ആദരിച്ചു.

2. **ചെറുകിട വായ്പ വിതരണം നടത്തി**

സാന്ത്വനം–സോഷ്യൽ വെൽഫെയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസനകോർപ്പറേഷൻ (KSBCDC) വഴി സ്വയം സഹായസംഘങ്ങൾക്കനുവദിച്ച 62 ലക്ഷം രൂപയുടെ സ്വയം തൊഴിൽ വായ്പ വിതരണം നടത്തി. സാന്ത്വനം ചെയർമാൻ മോൺ.തോമസ് കാക്കശ്ശേരി അധ്യക്ഷത വഹിച്ച യോഗത്തിൽ സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി സ്വാഗതം ആശംസിച്ചു. തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിന്റെ ഹാളിൽ വെച്ച് നടന്ന പൊതുസമ്മേളനം KSBCDC ചെയർമാൻ ശ്രീ.T.K.സുരേഷ് ഉദ്ഘാടനം ചെയ്തു. KSBCDC AGM ശ്രീ. P.N വേണുഗോപാൽ ആമുഖപ്രഭാഷണം നടത്തി. സാന്ത്വനത്തിന്റെ കീഴിലുള്ള 21 സ്വയം സംഘങ്ങൾക്കാണ് ഈ വർഷം വായ്പ അനുവദിക്കാൻ സാധിച്ചത്.

3. **ജെസ്പ് II-ആനിമേറ്റേഴ്സ് യോഗം സംഘടിപ്പിച്ചു**

മാർ ജേക്കബ് തൂങ്കുഴി വിദ്യാഭ്യാസ സഹായപദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് യൂണിറ്റ് തലത്തിൽ നേതൃത്വം നല്കുന്ന ആനിമേറ്റേഴ്സിന്റെ യോഗം സാന്ത്വനം ഓഫീസിൽ വെച്ച് കൂടുകയുണ്ടായി. യോഗത്തിൽ സാന്ത്വനം ഡയറക്ടർ, പ്രോജക്റ്റ് കോ–ഓർഡിനേറ്റർ, വിവിധ സെന്ററുകളിൽ നിന്നുള്ള ആനിമേറ്റേഴ്സ് തുടങ്ങിയവർ പങ്കെടുത്തു. ഒരു വർഷത്തെ യൂണിറ്റ് തല പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

4. **ജെസ്പ് II പാരന്റ്സ് മീറ്റ്**

ജെസ്പ് പദ്ധതിയുടെ ഭാഗമായുള്ള യൂണിറ്റ് സന്ദർശനം തിരുവില്വാമല, ചാഴൂർ, പെരിങ്ങോട്ടുകര, വരടിയം, പടവരാട്, കുരിയച്ചിറ, ആർത്താറ്റ്, ആളൂർ, പാലുവായ്, കൊട്ടേക്കാട്, മരോട്ടിച്ചാൽ, മമ്മിയൂർ, അടുപ്പൂട്ടി, എറവ് എന്നീ യൂണിറ്റുകളിൽ സന്ദർശനം നടത്തി. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, ജെസ്പ് കോ–ഓർഡിനേറ്റർ ശ്രീമതി. രമ്യ റോബിൻ, വിവിധ യൂണിറ്റുകളിലെ ആനിമേറ്റേഴ്സ്, ജെസ്പ് പദ്ധതിയിലെ കുട്ടികൾ, അവരുടെ മാതാപിതാക്കൾ തുടങ്ങിയവർ മീറ്റിംഗിങ്ങിൽ പങ്കെടുത്തു.

5. **ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ പുതിയ ഗുണഭോക്തൃ കുടുംബങ്ങൾക്കായുള്ള ജോയന്റ് എസ്.ബി അക്കൗണ്ടുകൾ തുടങ്ങി. തൃശ്ശൂർ അതിരൂപതയുടെ വ്യത്യസ്ത ഇടവകകളിൽ നിന്നു

മുള്ള 48 കുടുംബങ്ങൾക്കാണ് സൗത്ത് ഇന്ത്യൻ ബാങ്കിൽ പുതിയതായി അക്കൗണ്ട് ആരംഭിച്ചത്. ഗുണഭോക്തൃ കുടുംബങ്ങൾക്കായുള്ള ധനസഹായം ലഭിക്കുന്നതിനായിട്ടാണ് ജോയിന്റ് അക്കൗണ്ടുകൾ തുടങ്ങുന്നത്. ഗുണഭോക്തൃ കുടുംബങ്ങളുടെ ഫണ്ട് യൂറ്റിലൈസേഷൻ വിവരങ്ങളും 30 കുടുംബങ്ങളുടെ ബേസ് ലൈൻ ഡാറ്റയും അപ്ഡേറ്റ് ചെയ്തു. ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു. വില്ലടം–Rs.32,000/-, അരിമ്പൂർ–Rs.13,000/-, മുല്ലക്കര–Rs.10,000-, മരത്തംകോട്–Rs.5,000/-, ചൂണ്ടൽ–Rs.6,000/-, തിരൂർ–Rs.10,000/-.

6. **സ്നേഹനിധി അതിരൂപത ഭാരവാഹികളെ തെരഞ്ഞെടുത്തു**
സ്നേഹനിധിയുടെ നാല് മേഖലകളിൽനിന്നും 16 ഫൊറോനകളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ ഒരുമിച്ച് കൂടുകയും അടുത്ത 3 വർഷത്തേക്കുള്ള അതിരൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.
1. അതിരൂപതാ പ്രസിഡന്റ്– പ്രൊഫ.എലിസബത്ത് മാത്യു, 2. വൈസ് പ്രസിഡന്റ്– ശ്രീമതി.ഓമന സണ്ണി, 3. സെക്രട്ടറി – ശ്രീമതി.ലിസ്സി വർഗ്ഗീസ്, 4.ജോ.സെക്രട്ടറി – ശ്രീമതി. ജിന്നി ജോയ്, 5. ട്രഷറർ–ശ്രീമതി.റെജീന ഡേവീസ്.

7. **ഗോഡ്സ് ഓൺ ഫാമിലി(GOF)** പദ്ധതി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെചേർക്കുന്നു.
ചേലക്കര – Rs. 38,000/-, പാവറട്ടി – Rs. 15,000/-, നടത്തറ – Rs.8,000/-, കാഞ്ഞാണി – Rs. 5,000/-, പങ്ങാരപ്പിളി – Rs. 8,000/-, വെങ്ങാനല്ലൂർ– Rs. 7,000/-, അന്തിക്കാട് – Rs. 35000/-, പറക്കാട് – Rs. 5,000/-.

8. **പുതിയ സ്വയം സഹായ സംഘം രൂപീകരിച്ചു**
വേലൂപ്പാടം യൂണിറ്റിന്റെ കീഴിൽ "സ്നേഹ" എന്ന പുതിയ സ്വയം സഹായ സംഘം പ്രവർത്തനമാരംഭിച്ചു.

9. **SHG –ബോധവത്ക്കരണവും അവലോകനവും**
മാന്ദാമംഗലം, മരോട്ടിച്ചാൽ, പൊന്നൂക്കര, വലക്കാവ്, വേലുപ്പാടം എന്നീ യൂണിറ്റുകളിൽ സന്ദർശനം നടത്തുകയും അവരുടെ സംരംഭങ്ങൾ, ലോൺ പ്രവർത്തനങ്ങൾ എന്നിവയുടെ അവലോകനം നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ചുവന്നമണ്ണ് ഇടവകയിൽ പുതിയ SHGകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ബോധവല്ക്കരണസെമിനാർ നടത്തി

10. **സ്നേഹനിധി വാർഷികപൊതുയോഗങ്ങൾ നടന്നു.**
ഒളരി, മണ്ണംപ്പേട്ട, അത്താണി എന്നീ യൂണിറ്റുകളിൽ സ്നേഹനിധിയുടെ വാർഷിക പൊതുയോഗങ്ങൾ നടന്നു. പൊതുയോഗ

ങ്ങളിൽ ഒരു വർഷത്തെ സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. സാന്ത്വനം ഡയറക്ടർ, വികാരിമാർ, അസി.വികാരിമാർ, കോർഡിനേറ്റർ, സ്നേഹനിധി എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ യോഗത്തിന് സന്നിഹിതരായിരുന്നു.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ



# ഫാമിലി അപ്പോസ്റ്റലേറ്റ്

**2014 ൽ വിവാഹിതരായവരുടെ കൂട്ടായ്മ**
**മാർച്ച് 17, ഞായർ**
**തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ്**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2014 ൽ വിവാഹിതരായവരുടെ കൂട്ടായ്മ മാർച്ച് 17–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. 2014 ൽ വിവാഹിതരായ എല്ലാ ദമ്പതികളും ഈ കൂട്ടായ്മയിൽ സംബന്ധിക്കേണ്ടതാണ്. ജീവിതപങ്കാളി ഒരാൾ മാത്രമേ നാട്ടിൽ ഉള്ളൂ എങ്കിലും സംബന്ധിക്കാവുന്നതാണ്. സമയം രാവിലെ 9.00 മണിക്ക് റജിസ്ട്രേഷൻ 9.30 മുതൽ 1.00 മണി വരെയായിരിക്കും ഈ സംഗമം. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസോ.ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# കുടുംബക്കൂട്ടായ്മ

**വാർഷികപദ്ധതി പ്രകാശനം**

സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് സെന്റ് തോമാസിൽ വച്ച് മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന് അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികൾ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ, ജനറൽ കൺവീനർ ശ്രീ. എ. എ ആന്റണി, ജനറൽ സെക്രട്ടറി ശ്രീ. പോൾ പാറക്കൽ, ട്രഷറർ ശ്രീ ഷിന്റോ മാത്യു എന്നിവരുടെ നേതൃത്വത്തിൽ അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടറിയും വാർഷികപദ്ധതി കൈമാറി.

**പറേസിയ 2019**

**മാർച്ച് 31 ഞായർ, 2.00** pm

അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ നേതൃത്വത്തിൽ ആദ്യ വർഷം ഭാരവാഹികൾക്കായി ഫൊറോന കൺവെൻഷനും, രണ്ടാം വർഷം മേഖല കൺവെൻഷനും ശേഷം ഈ ടേമിലെ അവസാന വർഷം 2019 മാർച്ച് 31 ഞായറാഴ്ച്ച 2 മണിക്ക് സെന്റ് തോമസ് കോളേജിൽ (മോൺ. ജോൺ പാലോക്കാരൻ സ്വകയറിൽ) വച്ച് കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായുള്ള മഹാസംഗമം പറേസിയ സംഘടിപ്പിക്കുന്നു. തൃശ്ശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അദ്ധ്യക്ഷത വഹിക്കുന്ന പ്രസ്തുത യോഗം സീറോമലബാർ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുകയും തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്യുന്നു.

എല്ലാ ഇടവകയിൽ നിന്നും ഇടവക കേന്ദ്രസമിതി അംഗങ്ങളും, കുടുംബകൂട്ടായ്മ യൂണിറ്റ് പ്രസിഡണ്ടുമാരും നിർബന്ധമായും പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പങ്കെടുക്കുന്നവർക്കുള്ള കഷണക്കത്തും മറ്റു കൂപ്പണുകളും പള്ളികളിൽ മാർച്ച് മാസത്തിൽ തന്നെ എത്തിക്കുന്നതായിരിക്കും. ഈ മഹസംഗമം വൻ വിജയ

മാക്കാൻ ഫൊറോന വികാരിമാർ, ഫൊറോന ആനിമേറ്റർമാർ വികാരിമാർ, അതിരൂപത–ഫൊറോന–ഇടവക കുടുംബകൂട്ടായ്മ ഭാരവാഹികൾ സഹകരിക്കണമെന്ന് ഒരിക്കൽ കൂടി സവിനയം അഭ്യർത്ഥിക്കുന്നു.

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

**മാർച്ച് 30 ശനി, 2.30 pm**

ഫെബ്രുവരി മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഏപ്രിൽ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാപഠനക്ലാസ്സ് മാർച്ച് 30–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും.

| | | |
|---|---|---|
| **എ.എ. ആന്റണി** | **പോൾ പാറക്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി | ഡയറക്ടർ |



# മാതൃവേദി

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

**മാർച്ച് 5 ചൊവ്വ (10.30 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും മാർച്ച് മാസത്തിൽ നടത്തേണ്ടത് പാലയൂർ, പട്ടിക്കാട് ഫൊറോനകളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

**മക്കൾ ദൈവവിളി തിരഞ്ഞെടുക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക്**

**മാർച്ച് 5 ചൊവ്വ (10.30 am – 1.00 pm)**

മക്കളുടെ ദൈവവിളി തിരഞ്ഞെടുക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക്

എന്തുമാത്രം വലുതാണ് എന്നത് നമുക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. ഈ ഉത്തരവാദിത്വത്തെ കൂടുതൽ മനസ്സിലാക്കുന്നതിനായി മാർച്ച് 5-ാം തിയ്യതി ചൊവ്വാഴ്ച്ച തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുന്ന സെമിനാറിലേക്ക് എല്ലാ അമ്മമാരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**വിശുദ്ധ കുർബ്ബാന ക്വിസ് മത്സര വിജയികൾ**

മാതൃവേദി അംഗങ്ങൾക്കായി നാളിതുവരെ നടത്തപ്പെട്ട കുർബാനയെക്കുറിച്ചുള്ള പഠനശിബിരത്തിന്റെ സമാപനത്തോടനുബന്ധിച്ച് ഫെബ്രുവരി 5-ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ക്വിസ് മത്സരം നടത്തപ്പെടുകയുണ്ടായി.

| | | |
|---|---|---|
| **മേരി വിൻസെന്റ്** | **ജൂലി ബാബു** | **ഫാ. ഡെന്നി താണിക്കൽ** |
| പ്രസിഡണ്ട് | സെക്രട്ടറി | ഡയറക്ടർ |




# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന**

**മാർച്ച് 4 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശാ സംഗമം**

**ഗർഭിണികൾക്കും ജീവിത പങ്കാളികൾക്കും വേണ്ടിയുള്ള പഠന പ്രാർത്ഥനാശുശ്രൂഷ**

**മാർച്ച് 31 ഞായർ (10.30 AM – 3.30 PM)**

തൃശ്ശൂർ ഫാമിലിഅപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഗർഭിണികൾക്കായുള്ള പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുന്നു. പരസ്പര പങ്കുവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഗർഭകാല സഹനങ്ങൾ രക്ഷാകരമാക്കുവാനുതകുന്ന സാക്ഷ്യങ്ങളും വൈദ്യശാസ്ത്ര മനശാസ്ത്ര വിദഗ്ധ

രുടെ ഉപദേശങ്ങളും അടങ്ങിയതാണ് ഈ പ്രാർത്ഥനാ കൂട്ടായ്മ. ദൈവ മക്കൾക്ക് ജന്മം നൽകുവാൻ സഹായിക്കുന്ന ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് എല്ലാ ഗർഭിണികളേയും സ്വാഗതം ചെയ്യുന്നു. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 9–ാം തിയ്യതി രാവിലെ 10.30 മുതൽ 3.30 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**പ്രോലൈഫ് ജീവകാരുണ്യ പ്രവർത്തക സംഗമം**

**മാർച്ച് 24 ഞായർ ( 2.30 pm – 4.30 pm)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സംഗമം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മാർച്ച് 24–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ നടത്തുന്നതാണ്.

**ശ്രീ. ജെയിംസ് ആച്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




**1. Excel Medical / Engineering Entrance Crash Course**

2019 മെഡിക്കൽ/എഞ്ചിനീയറിങ്ങ് എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കായി ഒരു മാസത്തിലധികം നീണ്ടു നിൽക്കുന്ന ഒരു ക്രാഷ് കോഴ്സ്, മാർച്ച് 20, 27 തിയതികളിൽ മൂന്ന് ബാച്ചുകളായി, ക്ലാസുകൾ ആരംഭിക്കുന്നു. റജിസ്ട്രേഷൻ തുടരുന്നു.

കൂടുതൽ വിവരങ്ങൾക്ക് PH:- 9207376699, 9744941585, 9847276657

**2. Excel K-TET Academy - K - TET Registration**

Excel K-TET അക്കാദമിയുടെ നേതൃത്വത്തിൽ K-TETന്റെ പുതിയ ബാച്ചിലേക്കുള്ള റജിസ്ട്രേഷൻ തുടരുന്നു. ക്ലസുകൾ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് PH:- 8111842784, 9847276657, 9744941585

Excel PSC മാതൃകാപരീക്ഷ ഫെബ്രുവരി 24–ാം തിയതി DBCLC, എക്സൽഅക്കാദമി കാമ്പസിൽ വെച്ച് നടന്ന പരീക്ഷയിൽ 250 പേർ പങ്കെടുത്തു.

**3. Excel Parish Level Scholarhip Exam**

2018 ഡിസംബർ 30–ാം തിയതി, തൃശൂർ രൂപതയിലെ എല്ലാ ഇടവകകളിലും വെച്ച് നടന്ന Excel Parish level scholarship exam-ന്റെ റിസൽട്ട് പ്രസിദ്ധീകരിച്ചു. wwwexcelneet.com എന്ന വെബ്സൈറ്റിൽ റിസൽട്ട് ചെക്ക് ചെയ്യാവുന്നതാണ്. തെരഞ്ഞെടുത്ത 350 വിദ്യാർത്ഥികൾക്കായുള്ള ഫൈനൽ പരീക്ഷ 2019 ഏപ്രിൽ 3–ാം തിയതി ഉച്ചക്ക് 2 മണി മുതൽ 4 മണിവരെ, ബിഷപ്പ് ഹൗസ്, DBCLC ഹാളിൽ വെച്ച് നടക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585 , 9847276657

**4. Excel Science Genius Exam**

2018 നവംബർ മാസത്തിൽ തൃശൂർ ജില്ലയിലെ സ്കൂളുകളിൽ വെച്ച് നടന്ന Excel Science Genius പരീക്ഷയുടെ റിസൽട്ട് പ്രസിദ്ധീകരിച്ചിരുന്നു. തെരഞ്ഞെടുത്ത 300 കുട്ടികൾക്കുള്ള ഫൈനൽ പരീക്ഷ ഏപ്രിൽ 6–ാം തിയതി ഉച്ചക്ക് 2 മണി മുതൽ 4 മണി വരെ, ബിഷപ്പ് ഹൗസ്, DBCLC ഹാളിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585 , 9847276657

**5. Excel Junior IAS Exam**

ഡിസംബർ മാസത്തിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ, സ്കൂൾ തലത്തിൽ നടത്തിയ Excel Junior IAS Exam-ൽ നിന്നും തെരഞ്ഞെടുത്ത 600 കുട്ടികൾക്കുള്ള ഫൈനൽ പരീക്ഷ, ഏപ്രിൽ 13–ാം തിയതി ശനിയാഴ്ച തൃശൂർ, അവിണിശ്ശേരി Excel civil service കാമ്പസിൽ വെച്ച് നടക്കും.

കൂടുതൽ വിവരങ്ങൾക്ക് PH:- 04872351333, 9539262823, 9847276657

**6. Excel K-TET Best Student Teacher Competition**

2019 ജനുവരി 19–ാം തിയതി നടന്ന Best Student Teacher Exam-ന്റെ റിസൽട്ട് പ്രസിദ്ധീകരിച്ചു. ബിഎഡ്, ട്രെയിനിംഗ് കോളേജുകളിൽ ഒന്നാം സമ്മാനം – സൗമ്യ സാമു, മാർ ഒസ്താദിയോസ് കോളേജ്, പെരുമ്പിലാവ്.

രണ്ടാം സമ്മാനം – സ്റ്റെഫി പോൾ, മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര.

മൂന്നാം സമ്മാനം – ദിലീപ്, മാർ ഒസ്താദിയോസ് കോളേജ്, പെരുമ്പിലാവ്.

10 പ്രോത്സാഹനസമ്മാനങ്ങൾ – മഹാജൂബിലി കോളേജ്, സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ് പാവറട്ടി, നവജ്യോതി ട്രെയിനിംഗ് കോളേജ് ഒളരിക്കര, മാർ ഒസ്താദിയോസ് കോളേജ്, പെരുമ്പിലാവ് എന്നിവർ കരസ്ഥമാക്കി.

TTC ട്രെയിനിംഗ് കോളേജുകളിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ, ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ് ട്രെയിനിംഗ് കോളേജ്, പാവറട്ടി കരസ്ഥമാക്കി.

ഒന്നാം സമ്മാനം – സോണിയ ഡേവിസ്

രണ്ടാം സമ്മാനം – അനിഷ്മ

മൂന്നാം സമ്മാനം – നവിത തേരസ്

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ




**1. കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് സമ്മേളനം**

ജനുവരി 18, 19, 20 തിയ്യതികളിലായി കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ ആതിഥേയത്തിൽ ഫാമിലി അപ്സ്തോലിക്ക് സെന്ററിൽ സംഘടിപ്പിച്ച കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് സമ്മേളനം തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. 32 രൂപതകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. പുതിയ സംസ്ഥാന പ്രസിഡന്റായി കോട്ടയം രൂപതയിൽനിന്നുള്ള സിറിയക്ക് ചാഴിക്കാടനെ തിരഞ്ഞെടുത്തു. സുൽത്താൻ ബത്തേരി ബിഷപ്പ് മാർ ജോസഫ് തോമസ് പിതാവ്, സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ ചാലക്കര, തൃശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള, അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴ എന്നിവർ സംസാരിച്ചു.

**2. സ്വീകരണവും യാത്രാമംഗളങ്ങളും**

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത അസി. ഡയറക്ടറായി നിയമിതനായ ഫാ. റൊണാൾഡ് പുലിക്കോടന് സ്വീകരണവും ഒരു വർഷ

ക്കാലം ഞങ്ങളെ നയിച്ച ഫാ. ജിബിൻ വാഴപ്പിള്ളിക്ക് യാത്രാമംഗള ങ്ങളും നൽകി. കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് മെമ്പറായി തിരഞ്ഞെടുത്ത ഫാ. ഡിറ്റോ കൂളയ്ക്കും സംസ്ഥാന ഓഡിറ്ററായി തിര ഞ്ഞെടുത്ത വില്യംസ് എൻ.വി.യ്ക്ക് സ്വീകരണവും നൽകി.

**3. ആത്മ – 2019**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ എറണാ കുളം ആശീർഭവനിൽ നടന്ന ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിൽ തൃശ്ശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് ഫാ. ഡിറ്റോ കൂള, ഫാ. റൊണാൾഡ് പുലിക്കോടൻ, സി. ടീന മരിയ എന്നിവർ പങ്കെടുത്തു.

| **അനൂപ് പുന്നപ്പുഴ** | **ജിയോ ജോൺ** | **ഫാ.ഡിറ്റോ കൂള** |
|---|---|---|
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |



## സി.എൽ.സി.

1. **അതിരൂപത സി. എൽ. സി. ജനറൽ ബോഡി യോഗം**

   ഫെബ്രുവരി 3 നു സെന്റ്. ക്ലയേഴ്സ് കോൺവെന്റ് ഓഡിറ്റോറിയ ത്തിൽ വച്ച് അതിരൂപത ജനറൽ ബോഡി യോഗം നടന്നു. അതിരൂ പത സി എൽ സി പ്രസിഡന്റ് ശ്രീ. ജോമി ജോൺസൺ അധ്യക്ഷ ത വഹിച്ച യോഗം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ഉ ദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ശ്രീ.േ ഡാംസൻ സൈമ ൺ സ്വാഗതവും, അസി പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി ആമുഖ പ്രഭാഷണവും, അതിരൂപത സി എൽ സി സെക്രട്ടറി ശ്രീ. ജെസ്വിൻ സാജു, വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. യോഗത്തിൽ വച്ച് വാർ ഷിക പദ്ധതി പ്രകാശനവും, ഡിസ്കൗണ്ട് കൂപ്പൺ നറുക്കെടുപ്പും, മരിയോത്സവം സാഹിത്യ മത്സരം, കുണ്ടുകുളം മെമ്മോറിയൽ പ്ര സംഗ മത്സരം, മദർ തെരേസ ചിത്രരചന മത്സരം എന്നിവയുടെ സമ്മാ നദാനവും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് നിർവഹിച്ചു
   
   .

2. **ഫൊറോന മോഡൽ യൂണിറ്റുകൾ**

പുത്തൂർ: മരോട്ടിച്ചാൽ, ലൂർദ്: മണ്ണുത്തി, പറപ്പൂർ: പറപ്പൂർ, കൊട്ടേക്കാട്: വരടിയം, മറ്റം: കൂനമ്മൂച്ചി, പാലയൂർ: പാലയൂർ, കണ്ടശ്ശാംകടവ്: ഏനാമാക്കൽ, ബസിലിക്ക: അരണാട്ടുകര, ഒല്ലൂർ: വെങ്ങിണിശേരി, എരുമപ്പെട്ടി: മരത്തംകോട്, വേലൂർ: വേലൂർ

3. **ലോക സി.എൽ.സി. ദിനം**

അതിരൂപത സി.എൽ.സി.യുടെ ആഭിമുഖ്യത്തിൽ 457 മത് ലോക സി.എൽ. സി. ദിനം മാർച്ച് 24 നു അരണാട്ടുകരയിൽ വച്ച് നടത്തുന്നു. അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ദിനാഘോഷം ഉദ്ഘാടനം ചെയ്യും. വി. കുർബാന, മരിയൻ റാലി, പൊതുസമ്മേളനം, വിവിധ മേഖലകളിൽ മികവ് തെളിയിച്ച സി. എൽ. സി. അംഗങ്ങളെ ആദരിക്കൽ, മോഡൽ യൂണിറ്റ് /ഫൊറോന സമ്മാനദാനം, സ്നേഹ വിരുന്ന് എന്നിവ ഉണ്ടായിരിക്കും.

4. **പാലയൂർ ജാഗരണ പദയാത്ര**

അതിരൂപത സി.എൽ.സി. നേതൃത്വം കൊടുക്കുന്ന ജാഗരണ പദയാത്ര 8/3/2019 നു പുത്തൻ പള്ളിയിൽ നിന്നും ആരംഭിക്കുന്നു.

5. **സി.എൽ.സി. മുൻ ഭാരവാഹികളുടെ സംഗമം**

മാർച്ച് 17 നു മുൻ സി.എൽ.സി. ഭാരവാഹികളുടെ സംഗമം, മുൻ അതിരൂപത മെത്രപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴിയുടെ മഹനീയ സാന്നിധ്യത്തിൽ വച്ച് നടത്തുന്നു. സംഗമത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാനയും, സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

6. **അതിരൂപത മോഡൽ യൂണിറ്റുകൾ**

ഒന്നാം സ്ഥാനം: വേലൂർ, രണ്ടാം സ്ഥാനം: കൂനംമൂച്ചി, മൂന്നാം സ്ഥാനം : മരത്തംകോട്

7. **അതിരൂപത മോഡൽ ഫൊറോന**

ഒന്നാം സ്ഥാനം : വേലൂർ ഫൊറോന

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൻ**
പ്രസിഡണ്ട്

**ജെസ്വിൻ സാജു**
സെക്രട്ടറി




# കത്തോലിക്ക കോൺഗ്രസ്

1. **വാർഷിക കർമ്മപദ്ധതി പ്രകാശനം ചെയ്തു**
   2019 ഫെബ്രുവരി 9–ാം തിയതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ വാർഷിക കർമ്മ പദ്ധതി 2019 പ്രകാശനം ചെയ്തു. അഡ്വ. ബിജു കുണ്ടുകുളം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. വർഗ്ഗീസ് കുത്തൂർ ആമുഖപ്രഭാഷണം നടത്തി.
2. **ബിഷപ്പ് ഡെലിഗേറ്റിന് വരവേൽപ്പ്**
   പുതുതായി വികാരി ജനറാളായി ഉത്തരവാദിത്വം ഏറ്റെടുത്ത് കത്തോലിക്ക കോൺഗ്രസിന്റെ ബിഷപ്പ് ഡെലിഗേറ്റായ മോൺ. ജോസ് വല്ലൂരാന് സംഘടനയിലേയ്ക്ക് സ്വാഗതം ആശംസിച്ചു.
3. **പോലീസിന്റെ അനാവശ്യം ഇടപെടലുകൾക്കെതിരെ പ്രതിഷേധം**
   തൃശൂർ അതിരൂപതയിലെ വിവിധങ്ങളായ ഇടവകകളിൽ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് പോലീസിന്റെ അനാവശ്യമായ ഇടപെടലിനെതിരെ കത്തോലിക്ക കോൺഗ്രസ്സ് പ്രതിഷേധം രേഖപ്പെടുത്തി പ്രതിഷേധപ്രമേയം അവതരിപ്പിച്ചു.
4. **നേതൃത്വപരിശീലന ക്യാമ്പ്**
   വർക്കിങ്ങ് കമ്മിറ്റി അംഗങ്ങൾക്കും യൂണിറ്റ് നേതൃത്വത്തിനും വേണ്ടി ദ്വിദിന പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു.
5. **വിദ്യാഭ്യാസ അവകാശ സംരക്ഷണവും തിരഞ്ഞെടുപ്പ് ഒരുക്കവും**
   കർമ്മരേഖയെ അടിസ്ഥാനപ്പെടുത്തികൊണ്ട് ടീച്ചേഴ്സ് ഗിൽഡുമായി സഹകരിച്ചുകൊണ്ട് വിദ്യാഭ്യാസ അവകാശ സംരക്ഷണദിനം ആചരിക്കുന്നു. അതിനോടൊപ്പം തന്നെ വരുന്ന ലോകസഭ തിരഞ്ഞെടുപ്പിന് ഒരുക്കമായുള്ള പ്രവർത്തനപരിപാടികളും സംഘടിപ്പിക്കുന്നു.

**എൻ. പി. ജാക്സൺ**
ജനറൽ സെക്രട്ടറി

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ




# ചിൽഡ്രൻസ് മിനിസ്ട്രി

1. **നന്ദി... സ്വാഗതം**

   തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഡയക്ടറായി സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട റോയ്സൻ കൊള്ളന്നൂരച്ചന് തിരുബാലസഖ്യത്തിന്റേയും, ജൂനിയർ സി. എൽ. സി യുടേയും അൾത്താര സംഘത്തിന്റെയും ഹൃദ്യമായ നന്ദിയും, ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഡയക്ടറായി നിയമിതനായ ജസ്റ്റിൻ പൂഴിക്കുന്നേലച്ചന് ഹൃദ്യമായ സ്വാഗതവും നേർന്നുകൊള്ളുന്നു.

2. **കലാമത്സര സമ്മാനദാനം 2018–19**

   2018–19 അദ്ധ്യയനവർഷത്തിലെ സമ്മാനദാനവും ആഗോള തിരുബാലസഖ്യത്തിന്റെ 175–ാം ജൂബിലി സമാപനത്തിന്റെ ആഘോഷവും 2019 ജനുവരി 27–ന് ഡി.ബി.സി.എൽ.സി. യിൽ വച്ച് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് നിലവിളക്കു തെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ അനുഗ്രഹ പ്രഭാഷണവും തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ അദ്ധ്യക്ഷതയും നിർവ്വഹിച്ചു. അതിരൂപതാ ചിൽഡ്രൻസ് മിനിസ്ട്രി ഭാരവാഹികളും വിവിധ യൂണിറ്റുകളിൽ നിന്നുള്ള അഞ്ഞൂറിലധികം കുട്ടികളും ആനിമേറ്റേഴ്സും യോഗത്തിൽ സന്നിഹിതരായിരുന്നു.

**Best Unit – Holy Childhood - Parish Level**

| | |
|---|---|
| Best Model Unit | - St. Thomas Forane Church Mattom |
| Best Animator | - Mrs. Leena Thomas |
| Best Active Member | - Aniya John |
| Best Active Parents Award | - John & Nivya |

**Best Unit – Holy Childhood - School Level**

| | |
|---|---|
| Best Model Unit School | - Christ King Con. Eng. Med. L. P. School,Pavaratty |
| Best Animator | - Mrs. Anuja Anto |

Best Active Member - Ashmy Maria Josh
Best Active Parents Award - Joshy V.K & Jasmine Joshy

**Best Unit Altar Boy's Association**

Best Model Unit - St. Francis Xavier's Forane Church, Wadakkanchery
Best Animator - Sr. Christina Maria L.S.M.S.
Best Active Member - Enosh P.R.
Best Active Parents Award - Reems P.P. & Sheeja Reems

**Best Unit Junior C L C**

Best Model Unit - St. Joseph's Church, Amalanagar
Best Animator - Mrs. Mrudhula Johny
Best Active Member - Shyam Peter
Best Active Parents Award - Peter & Sheela

**Best Mission Collection – HOLY CHILDHOOD**

Our Lady of Grace Church, Mayannur ( Chelakkara)

**Best in Prayer Friend Collection – Altar Boy's Association**

St George's Church, Mangad (Erumapetty)

**MODEL UNITS –HOLY CHILDHOOD**

| *Forane* | *Unit Name* |
|---|---|
| 1) Parappur | St Joseph's Church, Amalanagar |
| 2) Chelakkara | Our Lady of Grace Church, ayannur |
| 3) Trichur Lourdes | St. George's Church, Mukkattukara |
| 4) Wadakkanchery | Arogya Matha Church, Karumathara |
| 5) Ollur | St Rocky's Church, Poothrakkal |
| 6) Erumapetty | Marymatha Church, Marathamcode |
| 7) Pazhuvil | St. Mary's Church Church, Peringottukara |
| 8) Pudukkad | St. Mary's Church, Chittissery |
| 9) Puthur | St. Joseph's Church, Ponnukkara |
| 10) Velur | St. John the Evangelist Church, Kuttamkulam |
| 11) Pattikkad | St Joseph Church, Chuvannamannu |
| 12) School | St. George's Convent L.P. School, Mukkattukara |
| 13) School | Bethany Convent L. P. School, Kottapady |
| 14) School | Sacred Heart Convent Eng. Med. L.P.School, Thrissur |

**MODEL UNITS –ABA**

| *Forane* | *Unit Name* |
|---|---|
| 1) Parappur | St Joseph Church,Amalanagar |

| | | |
|---|---|---|
| 2) | Chelakkara | Our Lady of Grace Church, Mayannur |
| 3) | Erumapetty | St George Church, Mangad |
| 4) | Trichur Basilica | Kanikyamatha church, Panamukku |
| 5) | Mattom | St. Thomas Forane Church, Mattom |
| 6) | Pudukkad | Mary Immaculate Church,Mannampetta |
| 7) | Trichur Lourdes | St. Mary's Church, Ponganamkad |
| 8) | Ollur | St. Mathew's Church, Palakkal |
| 9) | Pattikkadu | St Joseph Church, Chuvannamannu |
| 10) | Puthur | St. Joseph's Church, Ponnukkara |

**MODEL UNITS –JUNIOR C L C**

| | *Forane* | *Unit Name* |
|---|---|---|
| 1) | Chelakkara | Our Lady of Grace Church, Mayannur |
| 2) | Mattom | St. Thomas Forane Church, Mattom |
| 3) | Erumapetty | St George Church, Mangad |
| 4) | Wadakkanchery | Arogyamatha Church,Karumathra |
| 5) | Pudukkad | St. Mary's Church, Chittissery |
| 6) | Pattikkadu | St Joseph Church, Chuvannamannu |
| 7) | Puthur | St Joseph's Church, Ponnukkara |
| 8) | Trichur Lourd | St. Joseph's Church, Ollukkara |

3. **യൂണിറ്റ് രജിസ്ട്രേഷൻ 2019:** തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ യൂണിറ്റ് രജിസ്ട്രേഷൻ 2019 ആരംഭിച്ചിരിക്കുന്നു. എല്ലാ യൂണിറ്റുകളും അതാതു സംഘടനാംഗങ്ങളുടെ ലിസ്റ്റ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്ട്രേഷൻ പുതുക്കണം.
4. **നേതൃത്വ പരിശീലന ക്യാമ്പുകൾ (DBCLC)**

   **ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 2019:** ഏപ്രിൽ 4,5 (വ്യാഴം, വെള്ളി,) തിയ്യതികളിൽ രണ്ട് ദിവസവും രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4ന് അവസാനിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100/ രൂപ.

   **സ്പർശ് 2019:** ഇടവകകളിലും സ്കൂളുകളിലും 4–ാം ക്ലാസ്സ് മുതൽ 7–ാംക്ലാസ്സ് വരെ പഠിക്കുന്ന തിരുബാലസംഖ്യം കുട്ടികൾക്ക് ഏപ്രിൽ 4,5,6 (വ്യാഴം, വെള്ളി, ശനി) തിയ്യതികളിൽ സ്പർശ് 2019 നടത്തുന്നതായിരിക്കും.

   **ബെർക്കുമെൻസ് 2019:** അൾത്താരസംഘം കുട്ടികൾക്ക് ഏപ്രിൽ 8,9,10 (തിങ്കൾ, ചൊവ്വ, ബുധൻ) തിയതികളിൽ ബെർക്കുമെൻസ് 2019 നടത്തുന്നതായിരിക്കും.

   **ക്രിസ്ത്യൻ ലൈഫ് 2019:** ജൂനിയർ സി എൽ സി കുട്ടികൾക്ക് (8–ാം

ക്ലാസ്സ് മുതൽ 10–ാംക്ലാസ്സ് വരെ ഉള്ള കുട്ടികൾക്ക്) ഏപ്രിൽ 12,13 ( വെള്ളി, ശനി) തിയതികളിൽ ക്രിസ്ത്യൻ ലൈഫ് 2019 നടത്തുന്ന തായിരിക്കും.

**നിർദ്ദേശങ്ങൾ**

1. തിരുബാലസംഖ്യം, അൾത്താരസംഘം കുട്ടികൾക്കായുള്ള ക്യാമ്പുകൾ ആദ്യ ദിവസം രാവിലെ 9 ന് ആരംഭിച്ച് മൂന്നാം ദിവസം രാവിലെ 10നും, ജൂനിയർ സി.എൽ.സി. കുട്ടിക്കൾക്കായുള്ള ക്യാമ്പ് ഒന്നാം ദിവസം രാവിലെ 9ന് ആരംഭിച്ച് രണ്ടാം ദിവസം വൈകുന്നേരം 4നു അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.
2. ഈ ക്യാമ്പിൽ വച്ചാണ് അതിരൂപതാ ഭാരവാഹികളെ നിശ്ചയിക്കുന്നത്.
3. ക്യാമ്പിൽ പങ്കെടുക്കുന്നതിന് സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ നിന്ന് 3 പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ. 100 രൂപ രജിസ്ട്രേഷൻ ഫീസോടുകൂടെ ആദ്യം ബുക്ക് ചെയ്യുന്ന 60 പേർക്കായിരിക്കും മുൻഗണന.
4. ക്രിസ്ത്യൻ ലൈഫ് ക്യാമ്പിൽ പങ്കെടുക്കുന്നതിന് ഇടവകകളിൽ നിന്ന് ഒരു ആൺകുട്ടി ഒരു പെൺകുട്ടി എന്ന രീതിയിൽ രണ്ട് പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ.
5. **ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ്:** അൾത്താരസംഘം കുട്ടികൾക്കായി നടത്തുന്ന ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യുണിറ്റുകൾ മാർച്ച് 30ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. മാർച്ച് 31 ഉച്ചയ്ക്ക് 2 ന് ഡി.ബി.സി.എൽ സി.യിൽ വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 34 ടീമുകൾക്കായിരിക്കും മത്സരിക്കാനാവുക. ഏപ്രിൽ മുതൽ മത്സരം ആരംഭിക്കും.
6. **മരിയൻ ക്യാരംസ് ലീഗ്:** ജൂനിയർ സി.എൽ.സി കുട്ടികൾക്കായി നടത്തുന്ന ക്യാരംസ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യൂണിറ്റുകൾ മാർച്ച് 30 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. മാർച്ച് 31 ഉച്ചയ്ക്ക് 2 ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ഏപ്രിൽ മുതൽ മത്സരം ആരംഭിക്കും.
7. **എയ്ഞ്ചലോസ് 2019:** ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2019 മെയ് 19–ന് അതിരൂപതാതലത്തിൽ ഈ വർഷം ആഘോഷ

മായ കുർബ്ബാന സ്വീകരണം നടത്തിയവർക്ക്  ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4 മണിവരെ തൃശ്ശൂർ ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ വച്ച് സ്വീകരണം നൽകുന്നു. എല്ലാ ഇടവകളിൽ നിന്നും പങ്കാളിത്വവും സഹകരണവും പ്രതീക്ഷിക്കുന്നു.

8. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** കർത്താവിൽ ആശ്രയിക്കുന്നവർ അചഞ്ചലമായി എന്നേക്കും നിലകൊള്ളുന്ന സീയോൻപർവ്വതം പോലെയാണ്. (സങ്കീ. 125)

**സുകൃതജപം:** എന്റെ ഈശോയെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

**പ്രാർത്ഥനാനിയോഗം:** സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുക.

**പരിചയപ്പെടുന്ന വിശുദ്ധ:** വി. സെറാഫീന (മാർച്ച് 12)

**പ്രവർത്തനം:** വിഷമിക്കുന്ന കൂട്ടുകാരെ ആശ്വസിപ്പിക്കുക.

**സി. റെജി  എസ്. എസ്. പി. സി**
കോഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

1. സെൻട്രൽ കൗൺസിൽ മുൻ പ്രസിഡണ്ടും സംഘടനയുടെ നാഷണൽ കൗൺസിൽ അംഗവുമായ ബ്ര. എം.എ കുരിയപ്പന്റെ നിര്യാണത്തിൽ ആദരാജ്ഞലികൾ അർപ്പിച്ചു. അദ്ദേഹത്തിന്റെ 43–ാം ചരമദിനത്തോട നുബന്ധിച്ച് 2019 മാർച്ച് 9–ാം തിയ്യതി ശനിയാഴ്ച്ച 11 am. ന് കുരിയച്ചിറ സെന്റ് ജോസഫ് ദൈവാലയത്തിൽ വെച്ച് ദിവ്യബലിയും, 5 am ന് വിൻസെൻഷ്യൽ കോംപ്ലക്സ് ഹാളിൽ വെച്ച് അനുസ്മരണ യോഗവും നടത്തുന്നതാണ്.
2. നാഷണൽ കൗൺസിൽ ഭാരവാഹികൾ 09.03.2019 ലെ സി.സി യോഗത്തിലും, 10.03.2019ലെ പുതുക്കാട് എ.സി. യോഗത്തിലും, പുരുഷ വനിത – കോൺഫ്രൻസുകളിലെ യോഗത്തിലും

പങ്കെടുക്കുന്നതാണ്. കൂടാതെ വിദേശ കൗൺസിലിൽ നിന്ന് അനുവദിച്ച് തന്ന ഒരു പ്രോജക്ടും സന്ദർശിക്കുന്നതാണ്.

3. 10.03.2019 ഞായറാഴ്ച്ച എല്ലാ ഏരിയ കൗൺസിലുകളിലും ദിവ്യ ബലി, ആരാധാന, കൊന്ത, കുരിശിന്റെ വഴി എന്നിവയോടെ പ്രാർത്ഥന, ഉപവാസ ദിനം ആചരിക്കുന്നു. അന്നേ ദിവസം വിൻസെൻഷ്യൻ അംഗങ്ങളുടെ ഒരു ദിവസത്തെ വേതനം അടങ്ങുന്ന കാരുണ്യ സ്പർശം കവറുകൾ സമാഹരിക്കുന്നതാണ്.

4. മാർച്ച് 30–31 തിയ്യതികളിൽ സി.സി അംഗങ്ങൾ, എ.സി സെക്രട്ടറി –ട്രഷറർ എന്നിവർക്കായി മുളയം മേജർ സെമിനാരിയിൽ വെച്ച് ഒരു ധ്യാനം നടത്തുന്നതാണ്. കൂടാതെ PACT പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്ലാസും, എ.സി ഭാരവാഹികൾക്കായി സംഘടന പ്രവർത്തനങ്ങളെ കുറിച്ചുള്ള ക്ലാസ്സുകളും ഉണ്ടായിരിക്കുന്നതാണ്.

**കെ. എ. ഷിബു**
പ്രസിഡണ്ട്

**ഫാ. റോയ് മൂക്കൻ**
ആദ്ധ്യാത്മികോപദേഷ്ടാവ്

**കെ. കെ. പോൾസൺ**
സെക്രട്ടറി



# KCSL തൃശ്ശൂർ അതിരൂപത

1. **KCSL അതിരൂപതാ ശതാബ്ദി ആഘോഷം ഉദ്ഘാടനം**
   KCSL അതിരൂപതാ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം അതിരൂപതാ മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ജനുവരി 22 ന് ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടന്ന 99–ാം വാർഷിക ആഘോഷത്തിലാണ് ശതാബ്ദി ഉദ്ഘാടനം നിർവ്വഹിച്ചത്. തൃശ്ശൂർ സെന്റ് ക്ലയർ സ്കൂളിലെ 100 KCSL അംഗങ്ങൾ ചേർന്ന് ഒരുക്കിയ ശതാബ്ദി KCSL ഗാനാലാപനം ചടങ്ങിന് ചാരുത പകർന്നു.
2. **ഫ്ളഡ് റിലീഫ് ഫണ്ട് വിതരണം ചെയ്തു :** പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി KCSL അതിരൂപത ശേഖരിച്ച ഫ്ളഡ് ിലീഫ്

ഫണ്ട് ഭവനനിർമ്മാണത്തിനായി തിരഞ്ഞെടുത്ത KCSL അംഗങ്ങൾക്ക് വിതരണം ചെയ്തു. വാർഷിക സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ റവ. ഫാ. ആന്റണി ചെമ്പകശ്ശേരി ഫ്ളഡ് റിലീഫ് ഫണ്ട് വിതരണോദ്ഘാടനം നിർവ്വഹിച്ചു.

3. **ബസ്റ്റ് യൂണിറ്റ് ട്രോഫികൾ :**

KCSL അതിരൂപതാ ബസ്റ്റ് യൂണിറ്റുകളായി താഴെ പറയുന്ന യൂണിറ്റുകളെ തിരഞ്ഞെടുത്ത് ട്രോഫികൾ നൽകി.

| | |
|---|---|
| UP Boys | : St. Pious X CUPS വരന്തരപ്പിള്ളി & St. Mary's CUPS ചിയ്യാരം |
| UP Girls | : SHCGHSS തൃശ്ശൂർ |
| HS Boys | : Deepthy HS തലോർ |
| HS Girls | : SHCGHSS തൃശ്ശൂർ & St. Theresa's GHS ബ്രഹ്മകുളം |
| HSS Boys | : St. Thomas HSS മായന്നൂർ |
| HSS Girls | : LFCGHSS ചേലക്കര |

4. **കലോത്സവ ട്രോഫികൾ വിതരണം ചെയ്തു :** 2018 KCSL കലോത്സവത്തിൽ ചാമ്പ്യന്മാരായ വിദ്യാലയങ്ങൾക്ക് ട്രോഫികൾ വിതരണം ചെയ്തു. ഒന്നാം സമ്മാനർഹരെ താഴെ കൊടുക്കുന്നു.

| | |
|---|---|
| UP Boys | : St. Pious X CUPS വരന്തരപ്പിള്ളി |
| UP Girls | : SHCGHSS തൃശ്ശൂർ |
| HS Boys | : Deepthy HS തലോർ |
| HS Girls | : SHCGHSS തൃശ്ശൂർ |
| HSS Boys | : St. Thomas HSS തൃശ്ശൂർ |
| HSS Girls | : SHCGHSS തൃശ്ശൂർ |

4. **അതിരൂപതാ ശതാബ്ദി നേതൃത്വ പരിശീലന ക്യാമ്പ് :** അതിരൂപതാ ശതാബ്ദി നേതൃത്വ പരിശീലനക്യാമ്പ് മാർച്ച് 16 ന് നടക്കുന്നു. 2019–20 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി ഭാരവാഹികളെ ഈ ക്യാമ്പിൽവെച്ച് തിരഞ്ഞെടുക്കുന്നു. വിശദവിവരങ്ങൾ ബ്ലോഗിൽ ലഭ്യമാണ്.

6. **അതിരൂപതാ ശതാബ്ദി ആഘോഷ കമ്മറ്റി മീറ്റിംങ്ങ് :** അതിരൂപതാ ശതാബ്ദി ആഘോഷ പരിപാടികളുടെ നടത്തിപ്പിന് തിരഞ്ഞെടുത്ത കമ്മറ്റി അംഗങ്ങളുടെ മീറ്റിംങ്ങ് മാർച്ച് 16 ന് നടക്കുന്നു. മുൻ ഭാരവാഹികൾ, മുൻ എക്സിക്യൂട്ടീവ് അംഗങ്ങൾ, ആനിമേറ്റർമാർ എന്നിവർക്കും പങ്കെടുക്കാം. വിശദവിവരങ്ങൾ ബ്ലോഗിലുണ്ട്.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

മദ്യ
വിരുദ്ധ
സമിതി




1. **2018 സ്മരണിക പ്രകാശനം ജനുവരി 1**

 2018 ലെ പ്രവർത്തനങ്ങളെ ക്രോഡീകരിച്ചുകൊണ്ട് നവംബർ, ഡിസംബർ മാസങ്ങളിലായി തയ്യാറാക്കിയ സ്മരണിക – ശാദ്വലം – നവവത്സര പ്രഭാതത്തിൽ ഷംസാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ ആദ്യ കോപ്പി കല്യാൺ രൂപതാദ്ധ്യക്ഷൻ മാർ തോമസ് ഇളവനാൽ പിതാവിനു നൽകികൊണ്ട് പ്രകാശനം ചെയ്തു. 20 ൽ പരം ലേഖനങ്ങളും ഏതാനും കഥകളും കവിതകളും ഉൾക്കൊള്ളുന്നതാണ് നൂറു പേജുകളുള്ള ഈ സ്മരണിക. അതിരൂപതാ കേന്ദ്രത്തിൽ പ്രത്യേകം സജ്ജമാക്കിയ പ്രകാശന വേദിയിൽ ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, എഡിറ്റർ ഹിറ്റ്ലസ് ചാക്കുണ്ണി, പ്രസിഡണ്ട് എം.കെ. ബാബു, ഫാ. ഡിറ്റോ കൂള, സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശ്ശേരി, വൈസ് പ്രസിഡണ്ട് സി.പി. ഡേവീസ്, ജോയന്റ് സെക്രട്ടറി ജോൺസൻ കുന്നംപ്പിള്ളി, ബ്രദർ ജയിംസ് കാരിക്കാട്ടിൽ, എം.എം.ബി. എന്നിവരുടെ മഹനീയ സാന്നിദ്ധ്യമുണ്ടായിരുന്നു. സ്മരണികയുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചത് മുൻ സ്പീക്കറും എം.എൽ.എ.യുമായ ശ്രീ. തേറമ്പിൽ രാമകൃഷ്ണനാണ്. വിദ്യാഭ്യാസ വിചക്ഷണനായ റവ. ഫാ. ലോറൻസ് ഒലക്കേങ്കിൽ ആദ്യത്തെ കോപ്പി ഏറ്റുവാങ്ങി.

2. **2019 കർമ്മ പദ്ധതി വിളംബരം**

 തൃശൂർ അതിരൂപതാ മദ്യവിരുദ്ധ സമിതിയുടെ 2019 കർമ്മ പദ്ധതി മോൺ. ജോർജ്ജ് കോമ്പാറ വിളംബരപ്പെടുത്തി. 06.01.2019 ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ പ്രത്യേകം വിളിച്ച് ചേർത്ത സമ്മേളനത്തിൽ ആദ്യ കോപ്പി പ്രസിഡണ്ട് എം.കെ. ബാബുവിന് നൽകികൊണ്ടാണ് വാർഷിക പദ്ധതി ഉദ്ഘാടനം ചെയ്തത്. പുതുവത്സരത്തിൽ അർപ്പണബോധത്തോടും സാമൂഹിക പ്രതിബദ്ധതയോടും കൂടെ പ്രവർത്തിക്കണമെന്ന് ബഹുമാനപ്പെട്ട അച്ചൻ സംഘടനാംഗങ്ങളെ ആഹ്വാനം ചെയ്തു. നൂറിൽ പരം പ്രവർത്തകർ തദവസരത്തിൽ സന്നിഹിതരായിരുന്നു എന്നത് ശുഭോതർക്കമാണ്.

3. **പുസ്തക പ്രകാശനം (അരുതരുതേ)**

2018 ലെ സ്മരണിക –ശാദ്വലം– സ്മരണികയിലെ ലേഖനങ്ങൾ സമാഹരിച്ച് എഡിറ്റ് ചെയ്ത ലഹരി വിരുദ്ധ ബോധന ഗ്രന്ഥം 2019 ജനുവരി 13 ന് മുഖ്യാതിഥി ശ്രീ. സി.പി. രാജശേഖരൻ നായർ പ്രകാശനം ചെയ്തു. ആദ്യപ്രതി സ്വീകരിച്ചത് ആബ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടിയാണ്. ലഹരി വിരുദ്ധ ബോധ വൽക്കരണത്തിന് ഈ പുസ്തകം തീർച്ചയായും ഉപകരിക്കും. സംഘടന പ്രവർത്തകരും ഭാരവാഹികളും മതാധ്യാപകരും മറ്റും ഇത് പഠിക്കുകയും പഠിപ്പിക്കുകയും വേണം. ഇതിന്റെ വിതരണ ത്തിന് ബഹുമാനപ്പെട്ട അച്ചന്മാരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി.ആർ.ഒ

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ



# കാത്തലിക് നേഴ്സസ് ഗിൽഡ്

2018 ഡിസംബർ 17–ന് വൈകീട്ട് 2.30–ന് കത്തോലിക് നേഴ്സസ് ഗിൽഡിന്റെ എക്സിക്യൂട്ടീവ് മീറ്റിങ്ങ് തൃശ്ശൂർ ആർച്ച് ബിഷപ്പ് ഹൗസിൽ വെച്ച്. CNGAT ചെയർമാൻ മോൺസിഞ്ഞൂർ ജോർജ്ജ് കോമ്പാറയുടെ നേതൃത്വത്തിൽ നടന്നു. ഈ മീറ്റിങ്ങിൽ CNGAT–യുടെ പ്രവർത്തന പരിപാടികൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും, 2019 ജനുവരി 12 ശനിയാഴ്ച്ച വൈകീട്ട് 2.30–ന് ജൂബിലി മിഷൻ ആശുപത്രിയിൽ വെച്ച് CNGAT–യുടെ ജനറൽ ബോഡി കൂടാനും, CNGAT–യെ തുടർന്ന് നയിക്കാൻ പുതിയ സാരഥികളെ തിരഞ്ഞെടുക്കാനും യോഗത്തിൽ തീരുമാനമുണ്ടായി. വൈകീട്ട് 5 മണിക്ക് പ്രാർത്ഥനയോടെ മീറ്റിങ്ങ് സമാപിച്ചു.

2018 ഡിസംബർ 23–ന് ചാരിറ്റി സിസ്റ്റേഴ്സിന്റെ കീഴിലുള്ള ചൊവ്വന്നൂർ മരീനാഹോമിൽ അവിടുത്തെ അന്തേവാസികളോടൊത്ത് കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ക്രിസ്തുമസ് ആഘോഷം നടന്നു. CNGAT ഡയറക്ടർ റവ. ഫാ. പോൾ കള്ളിക്കാടൻ ക്രിസ്തുമസ് സന്ദേശം

നൽകുകയും, അന്തേവാസികളോടൊത്ത് കേക്ക് മുറിച്ച് മധുരം പങ്കുവേയ്ക്കുകയും ചെയ്തു. ക്രിസ്തുമസ് കരോളും, കരോൾ ഗാനങ്ങളും, നേഴ്സുമാരുടെ വിവിധ കലാപരിപാടികളും അന്തേവാസികളെ ഉൾപ്പെടുത്തി നടത്തിയപ്പോൾ CNGAT–യുടെ ക്രിസ്തുമസ് ആഘോഷം, സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ, കരുതലിന്റെ ആഘോഷമായി മാറി. തുടർന്ന് സ്നേഹവിരുന്നിലും അന്തേവാസികളോടൊപ്പം പങ്കെടുക്കുകയും അവരെ ശ്രവിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്തു. മരീന ഹോം സുപ്പീരിയറും, CNGAT –യുടെ പ്രസിഡണ്ടുമായ സി. ദെപ്പാസി സി. എസ്.സി.–യും, അവിടുത്തെ സിസ്റ്റേഴ്സും CNGAT അംഗങ്ങളെ ഹൃദ്യമായി സ്വീകരിക്കുകയും ആഘോഷപരിപാടികളിൽ സഹകരിക്കുകയും ചെയ്തു.

**സി. റൊസീന ഡേവിസ് FCC**
സെക്രട്ടറി

**ഫാ. പോൾ കള്ളിക്കാടൻ**
ഡയറക്ടർ



# PACT
## (PASTORAL ANIMATION & CO-ORDINATION TEAM)

1. PACT (പാസ്റ്ററൽ ആനിമേഷൻ & കോർഡിനേഷൻ ടീം) ന്റെ പ്രഥമ ജനറൽബോഡി യോഗം 2019 മാർച്ച്, 16 ശനിയാഴ്ച 2.30 pm ന് PACT അജപാലനസമിതിയുടെ രക്ഷാധികാരി മാർ ആൻഡ്രൂസ് താഴ്ത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നു. അതിരൂപതയിലെ ഓരോ ഫൊറോനതല PACT ജനറൽബോഡിയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരും, അതിരൂപതതല എക്സിക്യൂടീവ്ബോഡി അംഗങ്ങളും, സെക്രട്ടേറിയേറ്റ് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് ജനറൽബോഡി.
2. ഇടവകതല PACT ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ 2019 വർഷത്തിലെ അജപാലനപദ്ധതി അതിരൂപത PACTന്റെ ഓഫീസിൽ സമർപ്പിച്ച ബഹു. ഇടവക വികാരിയച്ചൻമാർക്കും ഇടവക പ്രതിനിധിയോഗത്തിനും നന്ദി. PACTന്റെ ഓഫീസിൽ അജപാലനപദ്ധതി നല്കാത്ത ഇടവകകൾ എത്രയും പെട്ടെന്ന് ഓഫീസിൽ എത്തിക്കാൻ

താത്പര്യപ്പെടുന്നു.

3. അതിരൂപത PACT സെക്രട്ടേറിയേറ്റിന്റെ പുതിയ ഓഫീസ് അതിരൂപത 2019 ജനുവരി 1 –ാം തിയ്യതി, അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴ്ത്ത് പിതാവ് വെഞ്ചിരിച്ചു. സഹായ മെത്രാൻ മാർ ടോണി നീലങ്കാവിലും ബഹുമാനപ്പെട്ട വൈദികരും സെക്രടേറിയേറ്റ് അംഗങ്ങളും സന്നിഹിതരായിരുന്നു.
4. നന്ദിയോടെ: അതിരൂപത അസംബ്ലി സെക്രട്ടേറിയേറ്റിലും തുടർന്ന് PACT സെക്രട്ടേറിയേറ്റിലുമായി ഒന്നര വർഷത്തോളം സ്തുത്യർഹമായ സേവനം ചെയ്ത ഫാ. ദിജോ ഒലക്കേങ്കിലിനു നന്ദി. സ്വാഗതം: PACT സെക്രട്ടേറിയേറ്റിലേക്കു പുതിയതായി കടന്നുവന്ന ഫാ. മനോജ് കീഴൂരുമുട്ടിക്കലിനു സ്വാഗതം.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ



## അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

1. **മോൺ. ജോർജ്ജ് കോമ്പാറക്ക് യാത്രയയപ്പ് നൽകി**
ഷംഷാബാദ് രൂപതയിലേക്ക് സ്ഥലംമാറി പോകുന്ന അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ അച്ചന് അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് ഉചിതമായ യാത്രയയപ്പ് നല്കി. അച്ചന്റെ സ്നേഹസേവനങ്ങൾ അതിരൂപതയ്ക്കും പബ്ലിക് റിലേഷൻസ് വകുപ്പിനും ഏറെ വിലപ്പെട്ടതായിരുന്നെന്ന് യോഗം അനുസ്മരിച്ചു. ഇടവക പി. ആർ. ഒ. മാരുടെ ഓരോ ഫൊറോന സംഗമങ്ങളിലും അതിരൂപത മാധ്യമദിനാചരണത്തിലും മോൺ. ജോർജ്ജ് കോമ്പാറ അച്ചന്റെ സാന്നിദ്ധ്യവും പ്രോത്സാഹനവും അനുസ്മരിച്ചുകൊണ്ട് അതിരൂപത പി. ആർ. ഒ. ഡയറക്ടർ ഫാ. നൈസൻ ഏലന്താനത്ത്, ഫാ. ഫ്രാൻസിസ് കൂത്തൂർ, ജോർജ്ജ് ചിറമ്മൽ, ജോയ് മണ്ണൂർ, ബാബു ചിറ്റിലപ്പിള്ളി എന്നിവർ സംസാരിച്ചു.
2. **പി.ആർ.ഒ. ഫൊറോന കോർഡിനേറ്റേഴ്സ് സംഗമം**
പൊതുനന്മ ലക്ഷ്യമാക്കി നവസമ്പർക്ക മാധ്യമങ്ങളിലൂടെ

ആശയങ്ങളൊരുക്കാനും സഭയുടെ വക്താക്കളാകാനും ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ആഹ്വാനം ചെയ്തു. അതിരൂപതയിലെ ഇടവക പി.ആർ.ഒ.മാരുടെ ഫൊറോന കോർഡിനേറ്റേഴ്സ് സംഗമം ആർച്ച് ബിഷപ്സ് ഹൗസിൽ വച്ച് ജനുവരി 23 ന് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പി. ആർ. ഒ. ഡയറക്ടർ ഫാ. നൈസൻ ഏലന്താനത്ത്, ഫാ. ഫ്രാൻസിസ് കൂത്തൂർ, ജോർജ്ജ് ചിറമ്മൽ, ബാബു ചിറ്റിലപ്പിള്ളി, എ.ഡി. ഷാജു എന്നിവർ സംസാരിച്ചു. തുടർന്ന് ഇടവക പി. ആർ. ഒ. പ്രവർത്തനങ്ങളിലെ ആശകളേയും ആശങ്കകളേയുംക്കുറിച്ചുള്ള ചർച്ചകൾക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവും മോൺ. ജോർജ്ജ് കോമ്പാറ അച്ചനും നേതൃത്വം നല്കി.

**3. അതിരൂപത പി.ആർ.ഒ. ഫൊറോന കോ–ഓർഡിനേറ്റർമാർ**

1. സി.ആർ.ആന്റോ – തൃശ്ശൂർ ലൂർദ്ദ് ഫൊറോന (ലൂർദ്ദ് ഇടവക)
2. ജോളി ജോൺ – തൃശ്ശൂർ ബസിലിക്ക ഫൊറോന(കുരിയച്ചിറ ഇടവക)
3. സിനീഷ് കെ.വി. – പുതുക്കാട് ഫൊറോന (പള്ളിക്കുന്ന് ഇടവക)
4. ദേവസ്സി ചെമ്മണ്ണൂർ – വ ടക്കാഞ്ചേരി ഫൊറോന (തിരൂർ ഇടവക)
5. ആന്റണി . എം.ജെ. – ചേലക്കര ഫൊറോന (പങ്ങാരപ്പിള്ളി ഇടവക)
6. അഡ്വ. ജോബി ഡേവിസ് – പാലയൂർ ഫൊറോന (പാവറട്ടി ഇടവക)
7. തോമസ് അന്തിക്കാട് –മറ്റം ഫൊറോന (എളവള്ളി ഇടവക)
8. സിന്റോ കുണ്ടുകുളം – പറപ്പൂർ ഫൊറോന (പറപ്പൂർ ഇടവക)
9. ബേബി മൂക്കൻ – ഒല്ലൂർ ഫൊറോന (ഒല്ലൂർ ഇടവക)
10. ബൈജു കൊടിയൻ – പുത്തൂർ ഫൊറോന (പൊന്നൂക്കര ഇടവക)
11. സണ്ണി വടക്കൻ – വേലൂർ ഫൊറോന (കുറുമാൽ ഇടവക)
12. ബിജു ജോർജ്ജ് – എരുമപ്പെട്ടി ഫൊറോന (എരുമപ്പെട്ടി ഇടവക)
13. ബാബു ജോർജ്ജ് – പഴുവിൽ ഫൊറോന (പഴുവിൽ ഇടവക)
14. ഈനാശു കെ.സി.–കണ്ടശ്ശാംകടവ് ഫൊറോന(മണലൂർ ഈസ്റ്റ് ഇടവക)
15. ഡെയ്സൻ വട്ടേക്കാട്ടുകര–പട്ടിക്കാട് ഫൊറോന (പട്ടിക്കാട് ഇടവക)
16. ജോസഫ് സി.മാണി –കൊട്ടേക്കാട് ഫൊറോന (വരടിയം ഇടവക)

**ഫാ. നൈസൺ ഏലന്താനത്ത്**
ഡയറക്ടർ

# അഡ്വക്കേറ്റ്സ് ഫോറം

തൃശ്ശൂർ അതിരൂപതയിലെ അഭിഭാഷകരുടെ കൂട്ടായ്മയായ അഡ്വക്കേറ്റ്സ് ഫോറം ഫോർ സോഷ്യൽ ജസ്റ്റിസിന്റെ പത്താം വാർഷിക പൊതുയോഗം 2019 ഫെബ്രുവരി 9ന് ശനിയാഴ്ച ബഹു. തൃശ്ശൂർ പ്രിൻസിപ്പിൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് ശ്രീമതി സോഫി തോമസ് ഉദ്ഘാടനം ചെയ്തു. പൊതുയോഗത്തിന് ഡയറക്ടർ റവ. ഫാ. ജോൺസൻ ഐനിക്കൽ അധ്യക്ഷത വഹിച്ചു. വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരി, മോൺ. ജോസ് വല്ലൂരാൻ, ചാൻസലർ ഫാ. മാത്യു കുറ്റിക്കോട്ടയിൽ എന്നിവർ സംസാരിച്ചു. തുടർന്ന് "ഇന്ത്യൻ ഭരണഘടനയും മൗലികാവകാശങ്ങളും" എന്ന വിഷയത്തെ സംബന്ധിച്ച് സുപ്രീം കോടതി വിധികളുടെ വെളിച്ചത്തിൽ ചർച്ച സംഘടിപ്പിച്ചു. ചർച്ച അഡ്വ. സി. ജെ. ഡെന്നി മോഡറേറ്ററായി. ചർച്ചയിൽ അഭിഭാഷകർ പങ്കെടുത്തു. യോഗത്തിൽ 2019–2021 കാലഘട്ടത്തിലേക്കുള്ള ഫോറം ഭാരവാഹികളെ തെരഞ്ഞെടുത്തു. അതിരൂപത വികാരി ജനറൽ മോൺ. ജോസ് വല്ലൂരാൻ വരണാധികാരിയായി. താഴെ പറയുന്നവർ ഫോറത്തിന്റെ പുതിയ ഭാരവാഹികളായി:

അഡ്വ. ബൈജു എ. ജോസഫ് – പ്രസിഡന്റ്
അഡ്വ. ബിക്സൺ റ്റി. പോൾ – വൈസ് പ്രസിഡന്റ്
അഡ്വ. ബിനിത ജോയ് – വൈസ് പ്രസിഡന്റ്
അഡ്വ. പ്രേംജി പോൾ വാഴപ്പിള്ളി – സെക്രട്ടറി
അഡ്വ. സിജി ഗോപൻ – ജോ. സെക്രട്ടറി
അഡ്വ. ടോജു ജെ. നെല്ലിശ്ശേരി – ജോ. സെക്രട്ടറി
അഡ്വ. ജിനോ ജോസ് – ട്രഷറർ

**ഫാ. ജോൺസൻ ഐനിക്കൽ**
ഡയറക്ടർ

**Statement about ownership and particulars about the magazine "Trichur Archdiocesan Bulletin"**
**(English / Malayalam )**
**(Form IV SEE RULE 8)**

| | | |
|---|---|---|
| 1. | Place of publication | : Trichur |
| 2. | Periodic of its, publication | : Monthly |
| 3. | Printer's name | : Dr. Francis Aloor |
| | Nationality | : Indian |
| | Address | : Catholic Archbishop's House<br>East Fort, Trichur - 680 005 |
| 4. | Publisher's name | : Dr. Francis Aloor |
| | Nationality | : Indian |
| | Address | : As in Col. 3 |
| 5. | Editor's name | : Dr. Francis Aloor |
| | Nationality | : Indian |
| | Address | : As in Col. 3 |
| 6. | Name and addressof the individuals who own the periodical and the partners or shareholders holding more than one percent of the total capital | :<br>Catholic Archdiocese of Trichur<br>Catholic Archbishop's House<br>East Fort, Trichur - 680 005 |

I, Dr. Francis Aloor, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

01.03.2019
Trichur

Dr. Francis Aloor
(Publisher)



2018 ഡിസംബർ 30നു കൂദാശയും പ്രതിഷ്ഠാകർമ്മവും
നിർവഹിക്കപ്പെട്ട വെങ്ങിണ്ണിശ്ശേരി സെന്റ് മേരീസ് ഇടവക
ദൈവാലയവും അൾത്താരയും



Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.02.2019
March-2019



**തിരുന്നാൾ ആശംസകൾ**

**മാർച്ച് 19**
**വി. യൗസേപ്പിതാവിന്റെ മരണത്തിരുന്നാൾ...**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor